ശ്രീ.

ഉണ്ണായിവാര്യരുടെ കൃതിയായ

നളചരിതം

നാലാം ദിവസത്തെ

ആട്ടക്കഥ.

തിരുവനന്തപുരം കാളേജിൽ

നാട്ടുഭാഷാദ്ധ്യക്ഷനായ

ആർ. രാജരാജവർമ്മാ എം. ഏ.

അവർകളാൽ ഉണ്ടാക്കപ്പെട്ട

കാന്താരതാരകം

എന്ന വ്യാഖ്യാനത്തോടുകൂടി

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുക്കൂടത്തിൽ

അച്ചടിച്ചതു്.

൧൦൮൨

അവതാരിക.

കഥാസംഗ്രഹം.

പണ്ടു നിഷധരാജ്യത്തു വീരസേനന്റെ പുത്രനായിട്ടു നളൻ എന്ന രാജാവു ഉണ്ടായി. അദ്ദേഹം വിഷ്ണുവിനെന്നപോലെ രൂപസൗന്ദര്യത്തിലും അധികിയായിരുന്നു. അക്കാലത്തു വിദർഭരാജ്യത്തിന്റെ അധിപതിയായ ഭീമരാജാവിനു ദമനൻ എന്ന മഹർഷിയുടെ വരപ്രസാദത്താൽ ലഭിച്ച ദമൻ, ദാന്തൻ, ദമനൻ എന്ന പുത്രരിൽ ദമയന്തി എന്ന പുത്രി, നളൻ പുരുഷരിൽ എന്നപോലെ, സ്ത്രീകളിൽ രൂപലാവണ്യംകൊണ്ടു ലോകപ്രസിദ്ധയായ്ച്ചമഞ്ഞു. ഭൈമീനളന്മാർക്കു അന്യോന്യഗുണശ്രവണത്താൽ ബാല്യത്തിൽത്തന്നെ പരസ്പരാനുരാഗം ഉളവായി. അതിമാത്രവിപ്രലംഭദശയിൽ നളൻ വിനോദാർത്ഥമിട്ടു ഒരു ദിവസം ഉദ്യാനത്തിൽ വിഹാരം ചെയ്തുവരുമ്പോൾ ക്രീഡാതടാകത്തിന്റെ കരയിൽ ക്രീഡിക്കുന്ന സുവർണ്ണഹംസങ്ങളെക്കണ്ടു കൗതുകത്തോടെ അവയിൽ ഒന്നിനെ ഉറങ്ങുന്ന സമയം കടന്നുപിടിച്ചു. അരയന്നം ഉടൻ ഉറക്കെ വിലപിച്ചപ്പോൾ വിട്ടയയ്ക്കുകയും ചെയ്തു. രാജാവിന്റെ ദയാശീലതകണ്ടു ഹംസം ഒരു പ്രത്യുപകാരമായി ദമയന്തിയോടു ഗുണം പറയാമെന്നേറ്റു, ഉടൻ കന്യാപുരിയിൽ ചെന്നു ദമയന്തിയുടെ അടുക്കൽ നളനെ വർണ്ണിച്ചു, അവൾ മനംകൊണ്ടു നളനെ വരിച്ചിരിക്കുന്ന വിവരം മടങ്ങിവന്നു പറകയും ചെയ്തു.

ഇങ്ങനെ കന്യകയുടെ യൗവനാരംഭം കണ്ടു ഭീമരാജാവു മകൾക്കു സ്വയംവരം നിശ്ചയിച്ചു, രാജാക്കന്മാരെ ക്ഷണിക്കാൻ ദൂതന്മാരെ അയച്ചു. സ്വർഗ്ഗത്തിൽ പർവ്വതമുനിയോടുകൂടി ശ്രീനാരദൻ സഞ്ചരിച്ചു ചെന്നപ്പോൾ പ്രസംഗവശാൽ പ്രസ്താവിച്ച ദമയന്തിയുടെ അസാധാരണഗുണഗണങ്ങളെ കേട്ടു കാമം പൂണ്ടു ഇന്ദ്രാഗ്നിയമവരുണന്മാരാകുന്ന ദിക്പാലന്മാരും സ്വയംവരത്തിനു പുറപ്പെട്ടു. അവർ വഴിയിൽ വെച്ചു നളനെ കണ്ടെത്തി, ദമയന്തിക്കായി ആ രാജാവിനെത്തന്നെ കന്യകയുടെ അടുക്കൽ ദൂതിനയച്ചു. ദേവകളുടെ വാസ്തവവും അർത്ഥനയുടെ സ്വഭാവവും അറിയുമെന്നു വാദിക്കാത്തു പോകയാൽ ധർമ്മപാശബദ്ധനായ നളൻ ഇന്ദ്രാദികളുടെ പ്രഭാവത്താൽ അദൃശ്യനായിട്ടു യാതൊരു പ്രതിബന്ധവും കൂടാതെ കന്യാന്തഃപുരത്തിൽ പ്രവേശിച്ചു അവളോടു ഇന്ദ്രാദികളുടെ പ്രാർത്ഥനയെ അറിയിച്ചു. തന്റെ വരൻ നളൻ അന്യന്റെ ദൂതനായി വന്നതിനാൽ ദമയന്തി വ്യസനിക്കയും നളൻ അതിനു സമാധാനം പറകയും ചെയ്തു. ഒടുവിൽ ദമയന്തി "എന്നാൽ ഇന്ദ്രാദികളും സ്വയംവരസമയത്തിൽ വരട്ടെ; അവരുടെ സമക്ഷത്തിൽ തന്നെ ഞാൻ അങ്ങയെ വരിച്ചുകൊള്ളാം" എന്നു തീരുമാനം പറഞ്ഞു. ഈ വിവരത്തെ നളൻ മടങ്ങിവന്നു ഇന്ദ്രാദികളെ ഗ്രഹിപ്പിക്കയും ചെയ്തു.

അനന്തരം നാനാദേശാധിപതികളായ രാജാക്കന്മാരാൽ അലംകൃതമായ

സ്വയംവരമണ്ഡപത്തിൽ പ്രവേശിച്ച ദമയന്തി ചൂണ്ടിക്കാണിക്കപ്പെട്ട ഓരോരോ രാജാക്കന്മാരേയും ഉപേക്ഷിച്ചു നളസവിധത്തിൽ എത്തിയപ്പോൾ അവിടെ നളന്റെ ആകൃതിയിൽ അഞ്ചുപേർ ഇരിക്കുന്നതു കണ്ടു് വിഷണ്ണയായി. ഇതികർത്തവ്യതാമൂഢയായ ദമയന്തി ദേവന്മാരെ മനസ്സുകൊണ്ടു ശരണംപ്രാപിച്ചു, തൻ ഹൃദയംകൊണ്ടു വരിച്ചുപോയ വരനെ തനിക്കു കാണിച്ചുതരാൻ പ്രാർത്ഥിച്ചതനുസരിച്ചു് അവർ കനിഞ്ഞു തങ്ങളുടെ ദേവചിഹ്നങ്ങളെ പ്രകാശിപ്പിച്ചു. ദമയന്തി നളനെ തിരിച്ചറിഞ്ഞു മാലയിട്ടു വരിക്കയുംചെയ്തു. ദേവന്മാർ പ്രസാദിച്ചു് നളനു ഓരോരുത്തരും ഈരണ്ടു വരംവീതം കൊടുത്തു് അന്തർദ്ധാനം ചെയ്തു. ഇതെല്ലാം കണ്ടു വിസ്മയിച്ചു് രാജാക്കന്മാർ കലഹിക്കാതെ പിരികയും ചെയ്തു. നളൻ വിവാഹം കഴിഞ്ഞു് സ്വരാജ്യത്തു ചെന്നു് ദമയന്തിയും ഒരുമിച്ചു് ചിരപ്രാർത്ഥിതങ്ങളായ സുഖങ്ങളെ യഥേഷ്ടം അനുഭവിച്ചു സുഖിച്ചു വാണു. അനേകം യാഗാദികർമ്മങ്ങളും ചെയ്തു് ദമയന്തിയും ഒന്നിച്ചു വാഴുമ്പോൾ നളനു ഇന്ദ്രസേനൻ എന്നൊരു പുത്രനും ഇന്ദ്രസേന എന്നൊരു പുത്രിയും ഉളവായി.

ഇന്ദ്രാദികൾ സ്വയംവരം കഴിഞ്ഞു സ്വർഗ്ഗത്തേക്കു മടങ്ങുമ്പോൾ വഴിമദ്ധ്യേ ദ്വാപരനോടുകൂടി കലിവരുന്നതു കണ്ടു. എവിടേക്കായി പുറപ്പെട്ടതെന്നു ദേവന്മാർ ചോദിച്ചതിനു കലി സ്വയംവരത്തിൽ ദമയന്തിയെ വരിക്കാൻ എന്നത്രേ പറഞ്ഞപ്പോൾ ദേവന്മാർ നടന്ന വിവരമെല്ലാം പറഞ്ഞു് ധാർമ്മികനായ നളനെ ദ്രോഹിപ്പാൻ വിചാരിക്കുന്നവർക്കു അധഃപതനം വരുമെന്നു കലിയെ വിലക്കിട്ടു പോകയും ചെയ്തു. കലി കോപം സഹിയാതെ ദ്വാപരനുമായി ആലോചിച്ചു നളനെ ദമയന്തിയുടെ അടുക്കൽനിന്നു പിരിക്കുമെന്നു ശപഥവും ചെയ്തു് നിഷധരാജ്യത്തിലേക്കു പുറപ്പെട്ടു. പന്ത്രണ്ടു വർഷം അവിടെ കാത്തിരുന്നതിന്റെ ശേഷം ഒരിക്കൽ നളൻ മൂത്രശങ്കതീർത്തു പാദപ്രക്ഷാളനം ചെയ്യാതെ സന്ധ്യാവന്ദനം ചെയ്തു. അവസരം നോക്കി കലി അവനെ ആവേശിച്ചു. അനന്തരം നളന്റെ അനുജനായ പുഷ്കരൻ കലിപ്രേരിതനായിട്ടു നളനെ ചൂതുകളിക്കാൻ വന്നു വിളിച്ചു. ദ്യൂതത്തിൽ വൃഷഭവേഷനായ കലിയാൽ പുഷ്കരന്റെ പക്ഷമായിട്ടു് പൊന്നിൻ കരുക്കളിലും അധിവാസം ചെയ്തു. നളൻ ക്രമേണ നാടും നഗരവുമെല്ലാം മുഴുവൻ പണയം വെച്ചു തോറ്റുകൊണ്ടു വന്നു. ഇങ്ങനെ അഞ്ചാറുമാസം അവർ ദ്യൂതം നടന്നു. വിവരമറിഞ്ഞു മന്ത്രിമാരും നാഗരികരും ബന്ധുജനങ്ങളെല്ലാവരും വന്നു പ്രാവശ്യം ഉപദേശം ചെയ്യാൻ വന്നിട്ടും നളൻ ഒന്നും കൂട്ടാക്കാതെ ചൂതുകളിയെന്ന തുടർന്നു സർവ്വസ്വവും നശിപ്പിച്ചു വസ്ത്രശേഷനായിട്ടു കലാശിച്ചു.

ഇതിനിടയിൽ ദമയന്തി നളന്റെ പരാജയം കണ്ടു കനിവോടു കൂടി പുത്രനേയും പുത്രിയേയും വാർഷ്ണേയനെന്ന നളസാരഥിയെ ഏല്പിച്ചു കുണ്ഡിനപുരിക്കു അയച്ചു. വാർഷ്ണേയൻ അവരെ അവിടെ കൊണ്ടുചെന്നു വിട്ടിട്ടു്, വ്യഥിച്ചു നടന്നു്, ഒടുവിൽ അയോദ്ധ്യാധിപതിയായ ഋതുപർണ്ണരാജാവിന്റെ സൂതനായി വാഴുകയും ചെയ്തു.

സർവ്വസ്വവും തട്ടിപ്പറിച്ചിട്ടു് ഇനി ദമയന്തിയല്ലാതെ മറ്റെന്തു പണയത്തിനുള്ളതെന്നു പുഷ്കരൻ പരിഹാസമായി ചോദിച്ചപ്പോൾ നളൻ വ്യസനാക്രാ

നായിട്ട് ദേഹത്തിലുണ്ടായിരുന്ന ആഭരണങ്ങളും അഴിച്ചുകൊടുത്തിട്ട് ഏകവസ്ത്രനായി രാജധാനിയിൽനിന്നു പുറത്തിറങ്ങി. ദമയന്തിയും പിന്നാലെ പുറപ്പെട്ടു. മൂന്നു ദിവസം അവർ നഗരത്തിനു വെളിയിൽ താമസിച്ചപ്പോൾ നളനു ആരും ഉപചാരങ്ങൾ ചെയ്തുപോകരുതെന്നു പുഷ്കരൻ പ്രസിദ്ധപ്പെടുത്തിയ വിളംബരമനുസരിച്ച് നളനെ ആരും ഗണിക്കാതെയായി. ഈ അവസരത്തിൽ ക്ഷുധാർത്തനായ നളൻ ചില പൊൻപക്ഷികൾ പറന്നുവരുന്നതുകണ്ട് അവയെ പിടിക്കാനായി ഉടുത്ത വസ്ത്രം അഴിച്ചു വലപോലെ വീശി എറിഞ്ഞു. പക്ഷികൾ വസ്ത്രവുംകൊണ്ടു പറന്നുപോയി, 'ഞങ്ങൾ നിന്നെ തോല്പിച്ച ചൂതുകളാണ്' എന്നു പറഞ്ഞു മറകയും ചെയ്തു. നഗ്നനായിട്ട് നളൻ പിന്നീട് കാട്ടിലേക്കു പുറപ്പെട്ടു. പോകുന്ന മദ്ധ്യേ നളൻ കുണ്ഡിനത്തിലേക്കു പോകാനുള്ള പെരുവഴികാണിച്ചു കൊടുത്തിട്ടും ദമയന്തി കൂട്ടാക്കാതെ പിന്നാലെ തന്നെ നടന്നു. ഒരേ വസ്ത്രംകൊണ്ടു രണ്ടു പേരും ദേഹം മറച്ച് അവർ രാത്രിയിൽ ഒരു വനമണ്ഡപത്തിൽ ചെന്നു കിടന്നു. ഭൈമി തളർച്ചകൊണ്ടുറങ്ങി; നളൻ 'വിചാരമഗ്നനായിട്ടാലോചനതുടങ്ങി.— 'ഇതുകൊണ്ടുനടന്നാൽ ഇവൾവലയും; വിട്ടേച്ചുപോയാൽ പിതൃഗേഹത്തിലോ മറ്റോ ചെന്നു രക്ഷപ്പെട്ടുവെന്നു വരാം. ധർമ്മരക്ഷിതയായ ഇവൾക്ക വഴിയിൽ അപായം ഒന്നും വരാനും ഇടയില്ല.' ഇങ്ങനെ ഉറച്ചു ആ ദിക്പാലദേവന്മാരോടു അവളെ രക്ഷിപ്പാൻ പ്രാർത്ഥിച്ചിട്ട് വസ്ത്രം മുറിച്ചുകൊണ്ടു വിട്ടുപോകയും ചെയ്തു.

ദമയന്തി ഉണർന്നു നോക്കുമ്പോൾ നളനെ കാണ്മാനില്ല. ആ വൻകാട്ടിൽ അവൾ വിലപിച്ചുകൊണ്ടും, ഭർത്താവിനെ അന്വേഷിച്ചു ഭൂതത്തിനെ ശപിച്ചുകൊണ്ടും തേടി നടന്നു. അപ്പോൾ ഒരു പെരുമ്പാമ്പു കാലിൽ പിടികൂടി. എന്നിട്ടും അവൾ നളനെത്തന്നെ വിളിച്ചു കരഞ്ഞു. അതുകേട്ട് ഒരു കാട്ടാളൻ വന്നു കണ്ടു പാമ്പിനെ കൊന്ന് അവളെ രക്ഷപ്പെടുത്തി. എന്നാൽ അവൻ അവളിൽ ആസക്തനായി അധർമ്മം പ്രവൃത്തിക്കാൻ ആരംഭിച്ചപ്പോൾ അവനെ അവൾക്ക ശപിക്കേണ്ടതായും വന്നു കൂടി. 'നളനൊഴികെ ഒരു പുരുഷനെ ഞാൻ മനസ്സുകൊണ്ടു പോലും സ്മരിച്ചിട്ടില്ലെങ്കിൽ ഇവൻ മരിച്ചുവീഴട്ടെ' എന്നു ആ പതിവ്രത പറകയും ആ ദുഷ്ടൻ ശവമായി വീഴുകയും ഒന്നിച്ചുകഴിഞ്ഞു. പിന്നീടും അവളു നടന്നപ്പോൾ ഒരാശ്രമം കണ്ട് അവൾ അവിടെ ചെന്നു. എന്നാൽ മഹർഷിമാർ അവളുടെ വിവരമെല്ലാം ചോദിച്ചറിഞ്ഞ് 'താമസിയാതെ നീ നളനോടു ചേർന്നു മുന്നെപ്പോലെ സുഖമായിരിക്കും' എന്നു അവളെ ആശ്വസിപ്പിച്ചിട്ട് ആശ്രമത്തോടുകൂടത്തന്നെ അന്തർദ്ധാനംചെയ്തു. മഹർഷിവാക്യത്താൽ ധൈര്യം സമാധാനപ്പെട്ട് ആ പതിവ്രത വീണ്ടും തനിയെ നടക്കുമ്പോൾ ഒരു നദികടക്കുന്ന കച്ചവടക്കാരുടെ സംഘത്തെക്കണ്ട് അവരോടു സംഗതി എല്ലാം പറഞ്ഞ്, ധാർമ്മികനായ ആ സംഘപ്രധാനിയുടെ അനുമതി വാങ്ങി അവരൊന്നിച്ചു പുറപ്പെട്ടു. വളരെ ദിവസം വളരെ കാടും മലയും കയറിനടന്ന്, വഴിയിൽ കാട്ടാനകളുടെ ആക്രമണത്താൽ പാതിപ്പെട്ട് ഒടുവിൽ ഒരു ദിവസം സന്ധ്യയോടുകൂടെ ആ സംഘം ഉദ്ദിഷ്ടമായ ചേദിരാജ്യത്തു ചെന്നെത്തി. അവിടെ നഗരവീഥിയിൽ കച്ചവടക്കാരുടെ ഇടയിൽ കൂടി സഞ്ചരിച്ച ദമയന്തിയെ അങ്ങാടിപ്പിള്ളേർ ചുറ്റിക്കൂടി പരിഹസിക്കയും ശല്യപ്പെടുത്തുകയും ചെയ്യുന്നതു ആ രാജ്യത്തെ രാജാവായ സുബാഹു

വിന്റെ മാതാവു മാളികയിൽനിന്നു നോക്കിക്കണ്ടിട്ടു അവളെ ആളയച്ചു വരുത്തി സൈരന്ധ്രിയുടെ നിലയിൽ സ്വപുത്രിയായ സുനന്ദയുടെ സഖിയാക്കി താമസിപ്പിച്ചു. രാജമാതാവിനോടു ദമയന്തി സംഗതിയെല്ലാം സാമാന്യരീത്യാ അല്ലാതെ താൻ ഭീമപുത്രിയെന്നും നളമഹിഷിയെന്നും കുറിപ്പെടുത്തിപ്പറകയുണ്ടായില്ല.

നളനാകട്ടെ ദമയന്തിയെ ഉപേക്ഷിച്ചു കാട്ടിൽ ചുററി നടക്കുമ്പോൾ കാട്ടുതീയുടെ നടുക്കുനിന്നു ഒരാൾ തന്റെ പേരു വിളിച്ചു നിലവിളിക്കുന്നതുകേട്ടു അടുത്തുചെന്നു, വിളിച്ചതു കാർക്കോടകനെന്ന നാഗരാജാവാണെന്നറിഞ്ഞു അവനെ കാട്ടുതീയിൽനിന്നു രക്ഷപ്പെടുത്തി. താൻ ശ്രീനാരദനെ വഞ്ചിച്ചതിനാൽ ലഭിച്ച ശാപത്തിൽനിന്നു ഇപ്പോൾ മോചിതനായി എന്നു പറഞ്ഞു കാർക്കോടകൻ നളനോടു, തന്നെ എടുത്തുകൊണ്ടു ഒരു പത്തടി എണ്ണിക്കൊണ്ടു നടക്കാൻ ആജ്ഞാപിച്ചു. നളൻ അപ്രകാരം ചെയ്തപ്പോൾ എണ്ണുന്നതിൽ 'ദശ' എന്നുച്ചരിച്ച ക്ഷണത്തിൽ അവനെ കാർക്കോടകൻ കടിച്ചു. സർപ്പദംശത്താൽ നളൻ വിരൂപനായിത്തീൎന്നു. നാഗരാജൻ പിന്നീടു തന്റെ ദംശം നളനെ ആവേശിച്ചിരിക്കുന്ന ദുഷ്ടനായ കലിയെ ബാധിക്കാനാണെന്നും, വൈരൂപ്യം തൽക്കാലം ജനങ്ങൾ കണ്ടറിയാതിരിപ്പാൻ ഉപകരിക്കുമെന്നും, തന്നെ സ്മരിച്ചുംകൊണ്ടു താൻ കൊടുത്ത വസ്ത്രയുഗ്മങ്ങൾ ഉടുത്താൽ സ്വന്തരൂപം വീണ്ടും പ്രാപിക്കാമെന്നും നളനെ ആശ്വസിപ്പിച്ചു, വരവും കൊടുത്തു, ബാഹുകസംജ്ഞനായ സൂതനെന്നു പറഞ്ഞു ഋതുപർണ്ണനൃപനെ സേവിച്ചാൽ അദ്ദേഹത്തിന്റെ പക്കൽനിന്നു അക്ഷഹൃദയവിദ്യ അറിയാനും അതുനിമിത്തം ഭാര്യയോടും വീണ്ടും സംയോഗം ലഭിപ്പാൻ ഇടയാകുമെന്നു ഉപദേശിക്കയും ചെയ്തിട്ടു അന്തർദ്ധാനംചെയ്തു. അതുപ്രകാരം നളൻ ഒമ്പതുദിവസത്തെ വഴി നടന്നു പത്താം ദിവസം കോസലത്തിലെത്തി ഋതുപർണ്ണന്റെ സൂതനായി വാഴുകയും ചെയ്തു. അവിടെ നളന്നു വാർഷ്ണേയൻ, ജീവലൻ എന്ന രാജസൂതന്മാർ സഖികളായിരുന്നു. അതിൽ ജീവലനുമൊന്നാവൻ ദിവസംപ്രതി രാത്രിയിൽ നളൻ

ക്വ നു സാ ക്ഷുൽപിപാസാൎത്താ ശ്രാന്താ ശേതേ തപസ്വിനീ
സ്മരന്തീ തസ്യ മന്ദസ്യ കം വാ സാദ്യോപതിഷ്ഠതി?

എന്നൊരു ശ്ലോകംചൊല്ലി വിലപിക്കുന്നതുകേട്ടു സംഗതി ചോദിക്കയും, നളൻ പേരുകൾ പറയാതെ നടന്ന കാൎയ്യമെല്ലാം അന്യപരമായിട്ടു [illegible] പറകയും ഉണ്ടായി.

ഇങ്ങനെ ദമയന്തിയും നളനും വേഷം മാറി ചേദിപുരിയിലും കോസലത്തിലും വസിക്കവേ നളന്റെ രാജ്യഭ്രംശം കേട്ടു ഭീമരാജാവു ദമയന്തീനളന്മാരെ തിരയാനായി അയച്ച ബ്രാഹ്മണരിൽ സുദേവനെന്ന പേരായ ഒരുവൻ ചേദിപുരിയിൽ ദമയന്തിയെ കണ്ടെത്തി. പിന്നീടു സൈരന്ധ്രി തന്റെ സ്വസൃപുത്രിയായ ദമയന്തിയാണെന്നറിഞ്ഞു സന്തോഷിച്ചു രാജമാതാവിന്റെ അനുമതിയോടുകൂടി ദമയന്തി കുണ്ഡിനത്തിൽ പിതൃസമീപത്തിൽ ചെന്നു താമസിച്ചു. അവിടെനിന്നു സകലദിക്കുകളിലും നളനെ അന്വേഷിപ്പാൻ ബ്രാഹ്മണരെ നിയോഗിച്ചു. അവർ രാജസഭകളിലെന്നല്ല, നാലുപേർ കൂടുന്ന ഇടങ്ങളിലൊക്കെയും ചെന്നു.

'ക്വനു ത്വം കിതവ! ഛിത്വാ വസ്ത്രാർദ്ധം പ്രസ്ഥിതോ മമ
ഉത്സൃജ്യ വിപിനേ സുപ്താമനുരക്താം പ്രിയാം പ്രിയ
സാ വൈ യഥാ ത്വയാ ദൃഷ്ടാ തഥാസ്തേ ത്വത്പ്രതീക്ഷിണീ
ദഹ്യമാനാ ഭൃശം ബാലാ വസ്ത്രാർദ്ധേനാഭിസംവൃതാ
തസ്യാ രുദന്ത്യാഃ സതതം തേന ശോകേന പാർത്ഥിവ!
പ്രസാദം കുരു വൈ വീര! പ്രതിവാക്യം വദസ്വ ച.'

ഇങ്ങനെ ഒരു വാചകം ചൊല്ലിയാൽ അതിന്നുത്തരം പറയുന്നവന്റെ ഊരും പേരും മറ്റുമെല്ലാം അറിഞ്ഞുവരണമെന്നായിരുന്നു ദമയന്തിയുടെ സന്ദേശം. ഇപ്രകാരം പലരും പലസ്ഥലങ്ങളിലും ദീർഘകാലം തേടിനടന്നതിൽ പർണ്ണാദനെന്ന ബ്രാഹ്മണൻ ഋതുപർണ്ണസഭയിൽ ചെന്നു വാചകം ചൊല്ലിയതിൽ ഒരു വിരൂപനായ ബാഹുകാഖ്യൻ സൂതൻ അതിന്നുത്തരം പറഞ്ഞതിനെ ദമയന്തിയോടു വന്നു അറിയിച്ചു. ഉത്തരം താഴെ കാണിച്ചപ്രകാരമായിരുന്നു—

'വൈഷമ്യമപി സമ്പ്രാപ്താ ഗോപായന്തി കുലസ്ത്രിയഃ
ആത്മാനമാത്മനാ സത്യോ ജിതഃ സ്വർഗ്ഗോ ന സംശയഃ
രഹിതാ ഭർത്തൃഭിശ്ചൈവ ന കുപ്യന്തി കദാചന
പ്രാണാംശ്ചാരിത്രകവചാൻ ധാരയന്തി വരസ്ത്രിയഃ
പ്രാണയാത്രാം പരിപ്രേപ്സോഃ ശകുനൈർഹൃതവാസസഃ
ആധിഭിർദ്ദഹ്യമാനസ്യ ശ്യാമാ ന ക്രോദ്ധുമർഹതി.'

ഇതു കേട്ടു അതിരിച്ച പ്രത്യാശയോടെ ദൈമി അച്ഛനെ വിവരമറിയിക്കാതെ സുദേവനെ വരുത്തി മാതൃസന്നിധിയിൽ വെച്ചു ഇപ്രകാരം സന്ദേശിച്ചു: "[illegible] ...ളുടെ [illegible] യിൽ ചെന്നു" നളൻ ജീ[illegible] [illegible] ...ല്ലാ ദമയന്തിക്കു പുനർവിവാഹം നടക്കുന്നു നാളെ സ്വയംവരം; അതിലേക്കു രാജാക്കന്മാരെല്ലാവരും പോകുന്നു എന്നറിയുന്നു" സുദേവൻ അപ്രകാരം ആചരിക്കയും ചെയ്തു.

പണ്ടുതന്നെ ദൈമീകാമുകനായിരുന്ന ഋതുപർണ്ണൻ ഉടൻതന്നെ ബാഹുകനെ വിളിച്ചു തനിക്കു ദമയന്തിയെ വരിപ്പാൻ സന്ധ്യയ്ക്കുമുമ്പു കുണ്ഡിനത്തിലെത്തണം. വേഗം കുതിരകളെ തിരഞ്ഞെടുത്തു രഥം സജ്ജീകരിക്കാൻ ആജ്ഞാപിച്ചു. ബാഹുകൻ ഇതുകേട്ടു ചിന്താകുലനായിട്ടു എങ്ങനെയായാലും കുണ്ഡിനത്തിൽ ചെല്ലുന്നതു തനിക്കും നന്നു എന്നുറച്ചു കണ്ടാൽ ശോച്യങ്ങളും കരുത്തുള്ളവയുമായ രണ്ടു കുതിരകളെ പൂട്ടി രഥവും കൊണ്ടുവന്നു. രാജാവിന്നു കുതിരകളെപ്പറ്റി സന്ദേഹമുണ്ടായെങ്കിലും ബാഹുകൻ തേർ തെളിച്ചപ്പോൾ അതൊക്കെ നീങ്ങി എന്നല്ല വേഗംകൊണ്ടു വിസ്മയവും അതിരുകവിഞ്ഞു. രഥത്തിൽ രാജാവിന്റെ പരിവാരമായിട്ടു വാർഷ്ണേയൻമാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ കുതിരകളുടെ വേഗം കണ്ടു ബാഹുകൻ അശ്വഹൃദയജ്ഞനായ നളൻതന്നെ ആയിരിക്കുമോ എന്നു സംശയിച്ചു. വിസ്മിതനായ ഋതുപർണ്ണൻ കൈവിട്ടുപോയ ഉത്തരീയം എടുക്കുന്നതിലേക്കു രഥം നിറുത്താൻ ആവശ്യപ്പെട്ട സമയം അതിപ്പോൾ ഒരു യോജന വഴി പിറകിൽ ആയിപ്പോയി എന്നു ബാഹുകൻ വിസംവദിച്ചു. അനന്തരം കുറെ

വഴി കഴിഞ്ഞു് ഒരു താന്നിമരം കണ്ടപ്പോൾ രാജാവു മത്സരമുള്ളവനെന്നപോലെ 'ഹേ ബാഹുക എന്റെയും സാമർത്ഥ്യം നോക്കുക'

'സർവ്വഃ സർവ്വം ന ജാനാതി സർവ്വജ്ഞോ നാസ്തി കശ്ചന
നൈകത്ര പരിനിഷ്ഠാസ്തി ജ്ഞാനസ്യ പുരുഷേ ക്വചിൽ'

എന്നു ആരംഭിച്ചുകൊണ്ടു താന്നിമരത്തിൽ ഇത്ര ഇലയും ഇത്ര കായും ഉണ്ടെന്നു ക്ലിപ്തപ്പെടുത്തിപ്പറഞ്ഞു. ബാഹുകൻ അതെണ്ണിനോക്കി പരീക്ഷിപ്പാൻ രഥം നിറുത്തിയപ്പോൾ രാജാവിനു ഇടതാമസം വരുന്നല്ലോ എന്നു ഭയമായി. അവർ തമ്മിൽ പല തർക്കങ്ങളും കഴിഞ്ഞതിന്റെശേഷം രാജാവു ബാഹുകന്നു അക്ഷഹൃദയം ഉപദേശിച്ചു; അശ്വഹൃദയം പ്രത്യുപദേശം ചെയ്യുന്നതു സൗകര്യത്തിൽ മതി എന്നും തീർച്ചപ്പെടുത്തി. അക്ഷഹൃദയം നളൻ ഗ്രഹിച്ച ഉടനെ കലി നളന്റെ ദേഹത്തിൽനിന്നിറങ്ങി; നളൻ അവനെ ശപിക്കാൻ ഭാവിച്ചു ശരണം പ്രാപിച്ചതിനാൽ ഉപേക്ഷിക്കയുംചെയ്തു. നളനാമോച്ചാരണം ചെയ്യുന്നവരെ താൻ ബാധിക്കയില്ലെന്നു പ്രതിജ്ഞചെയ്തു കലി നളദേഹത്തിൽനിന്നു താന്നിമരത്തിൽ പ്രവേശിച്ചു. അന്നുമുതലാണ താന്നിവൃക്ഷത്തിനു 'കലിദ്രുമം' എന്നു പേർ ലഭിച്ചതു്. നളൻ വേഗേന, സംഗതി ഒന്നും അറിയാതെ കാത്തുനിന്നിരുന്ന രാജാവിന്റെ അടുക്കൽ മടങ്ങിവന്നു് രഥം പൂർവ്വാധികവേഗത്തിൽ ഓടിച്ചു അസ്തമയത്തിനുമുമ്പു കുണ്ഡിനപുരത്തിൽ എത്തിക്കയുംചെയ്തു.

അയോദ്ധ്യാധിപതി വന്നിരിക്കുന്ന വിവരം കേട്ടു് ഭീമരാജാവു ചെന്നതിരേറ്റു അതിഥിയെ സല്ക്കരിച്ചു. എന്നാൽ സ്വയംവരത്തിന്റെ വട്ടമൊന്നും കാണാഞ്ഞു ഭഗ്നാശനായ ഋതുപർണ്ണൻ ഇത്ര ദൂരത്തുനിന്നു ഇത്ര ബദ്ധപ്പെട്ടു വന്നതിന്റെ കാരണം ഭീമരാജാവു ചോദിച്ചതിനു സൗഹാർദ്ദംകൊണ്ടു സന്ദർശ്ശനത്തിനു വന്നതേ ഉള്ളു എന്നല്ലാതെ ഉത്തരമൊന്നുമില്ലായിരുന്നു. ദമയന്തിയാകട്ടെ പരിചിതമായ നളന്റെ രഥഘോഷംകേട്ടു് ഉൽക്കണ്ഠയോടുകൂടി മാളികയിൽ നോക്കിക്കൊണ്ടുനിന്നു. രഥം വന്നെത്തിയപ്പോൾ അതിലിരുന്നവരായി ഋതുപർണ്ണനും വാർഷ്ണേയനും കൂടാതെ വിരൂപനായ ബാഹുകനേ ഉള്ളു. ദമയന്തി നിരാശപ്പെട്ടു; ഒരു വേള സാരഥിയായിരുന്ന വാർഷ്ണേയനോടു നളൻ അശ്വഹൃദയം അഭ്യസിപ്പിച്ചിരിക്കാമോ? എന്നും മററും പല തർക്കങ്ങൾ ഉണ്ടായി. എന്തായാലും ബാഹുകനെ ഒന്നു പരീക്ഷിക്കണമെന്നുറച്ചു്, പിന്നീടു കേശിനി എന്നൊരു ദൂതിയെ അവന്റെ അടുക്കൽ അയച്ചു്, പർണ്ണാദൻ പറഞ്ഞ ആൾതന്നെ അവരാണെന്നു ബോധപ്പെട്ടു. അതിനുപുറമെ അവൻചെയ്ത പാകവിദ്യ പരിശോധിച്ചു; പുത്രനേയും പുത്രിയേയും അടുക്കൽ അയച്ചുനോക്കി; പുഷ്പങ്ങൾ അവൻ ഞെരിച്ചാൽ വാടുന്നില്ലെന്നു കണ്ടറിഞ്ഞു; ഇങ്ങനെ സകലപരീക്ഷകളും കഴിച്ചു. ഇത്രയും കഴിഞ്ഞതിന്റെശേഷം ദമയന്തി മാതാപിതാക്കന്മാരുടെ അനുമതിയോടുകൂടെ ബാഹുകനെ അളയച്ചുവരുത്തി സാശയമായ ചോദ്യങ്ങൾചെയ്തു:—

'പൂർവ്വം ദൃഷ്ടസ്ത്വയാ കശ്ചിദ്ധർമ്മജ്ഞോ നാമ ബാഹുക?
സുപ്താമുത്സൃജ്യ വിപിനേ ഗതോ യഃ പുരുഷഃ സ്ത്രിയം
അനാഗസം പ്രിയാം ഭാര്യാം വിജനേ ശ്രമമോഹിതാം
അപഹായ തു കോ ഗച്ഛേൽ പുണ്യശ്ലോകമൃതേ നളം'—ഇത്യാദി.

ഇതിനന്തരമായി നളൻ

'ഏവ രാജ്യം പ്രനഷ്ടം യന്നാഹം തൽ കൃതവാൻ സ്വയം
കലിനാ തൽ കൃതം ഭീരു യച്ച ത്വാമഹമത്യജം'.

എന്ന സംഗതിയുടെ വാസ്തവമെല്ലാം വിവരിച്ചിട്ട് 'നിന്റെ ശാപബലംകൊണ്ടും എന്റെ വ്യവസായംകൊണ്ടും ആ കലി ഇപ്പോൾ എന്നെ വിട്ടിരിക്കുന്നു; ഞാൻ നിന്റെ ഇഷ്ടങ്ങൾ വരികയും ചെയ്തു. എന്നാൽ നീ ഒന്നാമതു സ്വയംവരം നിശ്ചയിച്ചതു കുലസ്ത്രീകൾക്കു വിഹിതമല്ല' എന്നുപന്യസിച്ചു. അനന്തരം ലജ്ജാകുലയായ ദമയന്തി തന്റെ പ്രവൃത്തിയുടെ ഉദ്ദേശമെല്ലാം ബോധിപ്പിച്ചു ബോധ്യപ്പെടുത്തി ഉറപ്പിനു വേണ്ടി ലോകസാക്ഷികളായ ദേവന്മാരെക്കൊണ്ടു ആണയിടുവിച്ചപ്പോൾ വായുഭഗവാൻ

'രാജൻ! ശീലനിധിഃ സ്ത്രീയോ ദമയന്ത്യാ സുരക്ഷിതഃ
സാക്ഷിണോ രക്ഷിണശ്ചാസ്യ വയം ത്രീൻ പരിവത്സരാൻ'

എന്ന അശരീരിവാക്കുകൊണ്ടു അവരുടെ വാദം സമാപ്തമാക്കി. ആ കാലത്തിൽ പുഷ്പവൃഷ്ടി മുതലായവയും ഉണ്ടായി. സന്തുഷ്ടനായ നളൻ കാർക്കോടകനെ സ്മരിച്ചുകൊണ്ടു തന്ന അമായ വസ്ത്രം ധരിച്ചു സ്വന്തരൂപം പ്രാപിച്ചിട്ടു തപസ്വിനിയായ ദമയന്തിയെ ആലിംഗനം ചെയ്തു.

പിറ്റെന്നാൾ രാവിലെ ദമയന്തിയും പുത്രന്മാരും ഋതുപർണ്ണരാജാവിനെ ചെന്നു കണ്ടു. പൗരന്മാർ വിവരമറിഞ്ഞു പുരത്തിൽ ഉത്സവഘോഷം തുടങ്ങി. ഋതുപർണ്ണൻ സന്തോഷിച്ചു നളനോടു മാപ്പുചോദിച്ചു. നളൻ അശ്വഹൃദയം സമ്മാനിച്ചു അക്ഷഹൃദയവും ഉപദേശിച്ചു സ്വപുരത്തിലേക്കു പറഞ്ഞയച്ചു. ഒരു മാസക്കാലം ... കുണ്ഡിനത്തിൽ തന്നെ താമസിച്ചിട്ട് ... നളൻ ഒരു ... സ്വപുരത്തിൽ ചെന്നു പുഷ്കരനെ ചൂതിനു വിളിച്ചു. ചൂതല്ലെങ്കിൽ യുദ്ധം എന്നു നളൻ പോർവിളി വിളിച്ചതിൽ പുഷ്കരൻ ചൂതുതന്നെ കൊള്ളാമെന്നുറച്ചു പൊരുതു തുടങ്ങി. രാജ്യവും ധനവും മാത്രമല്ല പ്രാണനുംകൂടി പണയം പറഞ്ഞു; എല്ലാത്തിലും തോല്ക്കുകയും ചെയ്തു. കൃപാനിധിയും ധാർമ്മികനുമായ നളൻ അപരാധമെല്ലാം കലികൃതമായിരുന്നല്ലോ എന്നുള്ള ബോധത്തോടെ പുഷ്കരനു മാപ്പു കൊടുത്തു അവനെ സൽക്കരിച്ചു സാഗ്രഹമായി പറഞ്ഞയച്ചു. അനന്തരം ആളുകളെ പറഞ്ഞയച്ചു സൈന്യങ്ങളോടും കൂടെ ദമയന്തിയെയും വരുത്തി പ്രവൃദ്ധമഹോത്സവമായ പുരം പ്രവേശിച്ചു പൂർവാധികപ്രാഭവത്തോടെ രാജ്യവും വാണു.

---

൨. ഇതിവൃത്തം.

—:o:—

മേൽ കാണിച്ച പ്രകാരമാകുന്നു നളചരിതത്തിന്റെ പുരാണകഥ. ഇതു ഭാരതം വനപർവ്വത്തിൽ ദ്യൂതത്തിൽ തോററു കാട്ടിൽ താമസിക്കുന്ന പാണ്ഡവന്മാരെ പല മഹർഷിമാരും വന്നു പല ഉപാഖ്യാനങ്ങളും ആഖ്യാനം ചെയ്തു ആശ്വാസ

പ്പിക്കുന്ന ഘട്ടത്തിൽ ബൃഹദശ്വൻ എന്ന മഹർഷി പറയുന്നതാകുന്നു. നളോപാഖ്യാനം വനപർവ്വത്തിൽ ൫൨. മുതൽ ൭൯. വരെയുള്ള ൨൮. അദ്ധ്യായങ്ങളെ ഗ്രന്ഥീകരിക്കുന്ന ഉപപർവ്വമായിട്ടാണു കാണുന്നതു്. പുരാണകഥാശരീരത്തിൽ അന്യഥാ കർത്താവു യാതൊരു ഭേദവും ചെയ്തിട്ടില്ല. ബാഹ്യവേഷത്തിൽ മാത്രം വിശേഷങ്ങൾ കാണും. അതിലേക്ക കാരണം രണ്ടുപേരുടേയും ഉദ്ദേശത്തിലുള്ള അന്തരമാകുന്നു. മഹർഷി ദ്യൂതദോഷങ്ങളെ ദൃഷ്ടാന്തപ്പെടുത്തുന്നതിനായിട്ടാണു ഉപാഖ്യാനങ്ങൾ നിബന്ധിക്കുന്നതു്; സരസവാസ്തവകഥാസംവാദരൂപേണ നിർമ്മിച്ചു രംഗത്തിൽ പ്രയോഗിപ്പിച്ചു സഹൃദയന്മാരെ വിനോദിപ്പിക്കുന്നതിലാണു കവിയുടെ സംരംഭം. ഒന്നാം ദിവസത്തെ കഥ എഴുതുന്നതിൽ കവി നൈഷധകാവ്യത്തെയാണു അധികം അവലംബിച്ചിരിക്കുന്നതു്. ദേവാസുരയക്ഷരക്ഷോനാഗഗന്ധർവ്വകിന്നരാദികളെയെല്ലാം സ്വയംവരമണ്ഡപത്തിൽ വരുത്തി നിരത്തിയതും, അവരെ ഓരോരുത്തരെ പുകഴ്ത്തിക്കൊണ്ടു സരസ്വതിയെ നിയമിച്ചതും ശ്രീഹർഷനെ അനുസരിച്ചാണു്. ദൂതുപറയുന്ന നളനെ അങ്ങു ഉദ്യാനംപോലും വിളിച്ചുപറയിക്കാത്തതു കേവലം ഔചിത്യം വിചാരിച്ചിട്ടാണു്. 'സ്നേഹം കൊണ്ടുവരുമോ നല്ലുനാം . . . .' എന്നിങ്ങനെ ശ്ലോകങ്ങൾകൊണ്ടു നളനെ വ്യാമോഹിപ്പിച്ചിട്ട്, അവന്റെ വേഷം കെട്ടി ഇന്ദ്രാദികൾ മണ്ഡപത്തിൽ ചെന്നിരിക്കട്ടെ എന്നു കല്പിച്ചതു ഒരു കവികല്പനയാണെന്നുള്ളു. സ്വയംവരാവസരത്തിൽ അസൂയാകലഹസംവാദം നിബന്ധിച്ചതിന്റെ ഉദ്ദേശ്യം ഒന്നാം ദിവസത്തെ കഥയിലുള്ള ഏകതാനസമൃദ്ധമായ ശൃംഗാരവേഷങ്ങളുടെ പുറപ്പാടു കൊണ്ടു ക്ഷീണിതരായിരിക്കുന്നവരെ മാറ്റുവാനായിരിക്കും. പുരാണത്തിൽ കാണാത്ത നാരദന്റെ വരവു ആ ദിവസത്തെ അവസാനത്തിലും ചെയ്തതു നാടകീയകഥാവസ്തുവിനു ഒരു നിർവ്വാഹകനെ സമ്പാദിക്കാനാകുന്നു. ശ്രീനാരദൻ പറഞ്ഞിട്ടാണു നളൻ ദമയന്തിയെ ആഗ്രഹിക്കുന്നതു്. ലോകത്തിലുള്ള വീരന്മാരെല്ലാം ഒന്നിച്ചുകൂടുന്ന സ്വയംവരമണ്ഡപത്തിൽ കലഹം ഉണ്ടാകാതിരിക്കണമെന്ന കരുതലോടുകൂടി ഇന്ദ്രാദികളെ പറഞ്ഞിളക്കിയവിടെ അയച്ചു സ്വയംവരം നിർവിഘ്നമായി നടത്തിക്കുന്നതും നാരദനാണു്. ഇന്ദ്രാദികൾ പ്രത്യക്ഷമായി വന്നിരുന്നു നളനു വരം കൊടുക്കുന്നതു കണ്ടിട്ടു ദുഷ്ടരാജാക്കന്മാർ നളന്റെ ദൈവികമായ ഈശ്വരകല്പിതമാണെന്നു സമാധാനപ്പെട്ടു അടങ്ങിയിരുന്നതു്. കാർക്കോടകനു നളൻ പക്കൽനിന്നു ശാപമോക്ഷം നാരദൻ കല്പിച്ചതിനാലാണു ആ നാഗം നളനു ആപത്തിൽ ഉപകരിക്കുന്നതു്. അവസാനത്തിലും നാരദൻ സമയത്തിനെത്തി ബ്രഹ്മസന്ദേശം അറിയിച്ചു നളനെ ആശ്വസിപ്പിക്കുന്നു. ഈ വിധം കഥാനിർവ്വാഹകനായിട്ടാണു നാരദനെ വച്ചിരിക്കുന്നതു്. സ്വപ്നഹംസത്തേയും കൂടി രണ്ടാമതു ഒടുവിൽ പ്രവേശിപ്പിച്ചതിനു വലിയ പ്രയോജനമൊന്നാകുന്നില്ല. അപരാധി വസ്തുതയിൽ പുഷ്കരനല്ല കലിയാണു് എന്നുള്ള ബോധം തന്നെ നളനു ധാരാളം മതിയാകും പുഷ്കരനു മാപ്പു കൊടുപ്പാൻ. പോരാത്ത പക്ഷത്തിലും ശ്രീനാരദനെ അയയ്ക്കുന്ന സ്ഥിതിക്കു ഈ സന്ദേശവും ബ്രഹ്മാവിനു തന്റെ ഓഷ്ഠിയോടു തന്നെ പറഞ്ഞു വിട്ടാൽ മതിയായിരുന്നു. നാരദൻ വരുമ്പോൾ ഹംസരൂപത്തിലുള്ള സരസ്വതി കൊണ്ടുവിടുന്നതു വ

ന്നു ഞാൻ' എന്നുപറയുന്നതു കേട്ടാൽ ഹംസത്തെ പ്രവേശിപ്പിച്ചിട്ടു [illegible] ചിരിച്ചുകളയാൻ കവി ശ്രമിച്ചിരുന്നതു പോലെ തോന്നും.

പ്രധാനഭാഗങ്ങളിലെല്ലാം കവി പുരാണത്തെ [illegible] അനുസരിക്കുന്നു. [illegible] കഥാസംഗ്രഹത്തിൽ മൂലത്തിൽനിന്നും ഉദ്ധരിച്ചുകാണിച്ചിട്ടുള്ള ശ്ലോകങ്ങളുടെ [illegible] സ്പഷ്ടമാകും. ദമയന്തി ബ്രാഹ്മണരോടു പറഞ്ഞയയ്ക്കുന്ന വാക്കുകളും, നളനും ജീവലനും തമ്മിലുള്ള സംവാദം, നളൻ പുഷ്കരനോടു പറഞ്ഞയയ്ക്കുന്ന മറുപടി ഇത്യാദികളെല്ലാം മഹർഷിവാക്യത്തിന്റെ തർജ്ജമകൾ തന്നെ ആകുന്നു. ഈ മൂലസംവാദത്തെ [illegible] കഥാസംഗ്രഹത്തിൽ പലേടത്തും ഉദ്ധരിച്ചിട്ടുണ്ട്. "[illegible]" ഇത്യാദി സ്ഥലങ്ങളിൽ കഥയെ വളരെ ചുരുക്കിയിട്ടുണ്ട്. [illegible] കാട്ടിൽ നടന്നപ്പോൾ ആശ്രമം കണ്ടതും അതിൽ പ്രവേശിച്ചതും മറ്റും "ഋഷിഭിഃ [illegible]" എന്നാരംഭിക്കുന്ന [illegible] ശ്ലോകത്തിൽ കഴിച്ചു.

ഈ ആട്ടക്കഥയിൽ നായകൻ നളൻ, നായിക ദമയന്തി, [illegible] [illegible] [illegible] [illegible] ഹംസത്തി[illegible] [illegible] [illegible] [illegible] [illegible] പിന്നീടു [illegible] [illegible] [illegible] [illegible] [illegible] [illegible] വിരഹം; ഹംസത്തിന്റെ വിലാപം [illegible] [illegible] [illegible] ഇത്യാദി സന്ദർഭങ്ങളിൽ [illegible] [illegible] [illegible].

൯. കാലദേശങ്ങൾ.

നാടകത്തിലെപ്പോലെ കഥകളിയിൽ, കാലദേശങ്ങളുടെ ഐക്യത്തെപ്പറ്റി വിചാരമില്ല. ഒരേ ദിവസത്തെ കഥയും അന്നന്നു നടന്നതുപോലെയാണു കഥകളിയിലെ ഭാവനയെന്നു തോന്നും. വാസ്തവമായി കാലം പത്തുപതിനഞ്ചു സംവത്സരമുണ്ട്. ഒന്നാംദിവസത്തെ കഥ ഒരു വർഷത്തിനുള്ളിൽ നടന്നതായിരിക്കണം. നാരദാഗമം വരവു കഴിഞ്ഞിട്ടു ഹംസത്തെക്കണ്ടെത്തുവരെയുള്ള ഇട അധികം ദീർഘമായിരുന്നിട്ടാവശ്യമില്ല. പിന്നീടു അന്നത്തെ കഥയിൽ ഭീമരാജാവിന്റെ സ്വയംവരം നിശ്ചയിച്ചു വട്ടംകൂട്ടി നടത്താൻ വേണ്ടുന്ന സമയം മാത്രമേ ഉള്ളൂ. രണ്ടാംദിവസത്തെ ആരംഭം പൂർവ്വദിനകഥയോടുചേർന്നതാണ്; എന്നാൽ കലിപ്രേരിതനായ പുഷ്കരൻ നളനെ ചൂതിനു വിളിക്കാൻ വരുമ്പോൾ ദമയന്തീനളന്മാർക്കു കുലകടിഞ്ഞൂലായി ഒരു മകനും മകളും ഉണ്ടായിരിക്കുന്നു. പുരാണത്തിൽ നളനെ ബാധിക്കാൻ അവസരം നോക്കി കലി പന്ത്രണ്ടു വർഷം കാത്തിരുന്നതായും പറയുന്നുണ്ട്. അതിനാൽ ചൂതു നടന്നതു വിവാഹാനന്തരം ഏകദേശം പന്ത്രണ്ടു സംവത്സരം കഴിഞ്ഞായിരിക്കണം. ചൂതുകളിതന്നെ നാലഞ്ചുമാസംകൊണ്ടേ അവസാനിച്ചുള്ളൂ. പിന്നെ ഭൈമി കാട്ടിൽ പൊറുത്ത കാലം നാലഞ്ചുദിവസമിരിക്കാം. അതിന്റെശേഷം വണിക്സാർത്ഥത്തിൽ ചേർന്നു ചേദിപുരത്തിലെത്തുന്നതിനു ഒരു മാസമെങ്കിലും സമയം വേണ്ടിവന്നിരിക്കാം. ആ പുരത്തിൽ സൈരന്ധ്രിയായി വസിച്ച കാലവും നാലഞ്ചു മാസത്തിൽ കവിഞ്ഞില്ല. മൂന്നാംദിവസത്തെ കഥയുടെ മുതൽശ്ലോകത്തിൽ 'അനിളവി ദമയന്ത്യാം ജാതതാപം വസന്ത്യാം' എന്നു പറയുന്നതിനു ഭൈമി പിതൃഗൃഹത്തിലെത്തിയതിന്റെ ശേഷമാണു നളൻ അയോദ്ധ്യയിൽ ചെന്നതു എന്നിടത്തോളം തെല്ലുമില്ല. 'വ്യധിതമ ദമയന്തീ വാസരാന്ത്രം വഹന്തീ' എന്നു മൂന്നാംദിവസകഥാന്തത്തിൽ പറഞ്ഞ വിരഹിണിയിനെ ചൊല്ലിയുള്ള വർണ്ണന ആവർത്തിച്ചുവെന്നേ ഉള്ളൂ. രണ്ടാംഭാഗത്തിൽ ദമയന്തിയുടെ പ്രകൃതം മുഴുവനും തുടർന്നു വിവരിച്ചിട്ടു മൂന്നാംഭാഗത്തിൽ നളന്റെ പ്രവൃത്തികളെ ചൊല്ലുവാൻ ആരംഭിക്കുന്നതിനുള്ള ഏർപ്പാടാണിത്. നളൻ കാർക്കോടകദംശനം ദമയന്തിയെ ഉപേക്ഷിച്ചതിന്റെ പിറ്റേദിവസമോ അടുത്ത ദിവസമോ തന്നെ ആയിരിക്കാം. പിന്നെ പത്താംനാൾ അയോദ്ധ്യയിൽ ചെന്നു സേവകവൃത്തി ചെയ്യുന്നു. അതിനാൽ വാസ്തവത്തിൽ ദമയന്തി ചേദിരാജ്യത്തെത്തുംമുമ്പുതന്നെ നളൻ അയോദ്ധ്യയെ പ്രാപിച്ചു കാണണം. നളൻ ദമയന്തിയെ കാട്ടിൽ വെച്ചുപേക്ഷിച്ചതിന്റെ ശേഷം അവർ കുണ്ഡിനപുരത്തിൽ സമാഗമിക്കുന്നതു വരെ വേർപിരിഞ്ഞിരുന്ന കാലം മൂന്നു വർഷമാണെന്നു 'സംകല്പിതനെ കക്ഷിണീയോന്യാ വയം ത്രീൻ പരിവത്സരാൻ' എന്നുള്ള ഭൈമീവാക്യഭാഗംകൊണ്ടും 'കാലം കല്യാണി മൂന്നു വർഷമായി നമ്മുടെ രാജ്യാപലനാൾ വേദിക്കുന്നു' എന്നുള്ള നളവാക്യം കൊണ്ടും സ്പഷ്ടമാകുന്നു. അതിനാൽ മൂന്നാം ദിവസത്തെ കഥ മൂന്നിൽ ചില്ലറ കൊല്ലങ്ങളെ വ്യാപിക്കുന്നു. നാലാം

ദിവസത്തെ കഥയുടെ ദൈൎഘ്യം ഒരു മാസകാലമാണു്. ഈ ദമയന്തിയോ ദമയന്തി നളൻ പുഷ്കരനെ ജയിച്ചു രാജ്യം വീണ്ടെടുക്കുന്നതുവരെ കുണ്ഡിനത്തിൽ താമസിച്ചു വന്നതായുമാകുന്നു.

സ്ഥലൈകത്വവിഷയത്തിൽ നാടകകവികൾ പോലും അത്ര നിഷ്കൎഷിക്കാറില്ല. കഥകളിയാകട്ടെ ഒരു ദൃശ്യമായ ഒരു ശ്രവ്യകാവ്യമല്ലാതെ സ്ഥിതിക്കു ഈ വക പ്രബന്ധത്തിൽ സ്ഥലത്തിന്റെ സംഗതി ആലോചിപ്പാനേ ഇല്ല. ആട്ടം കാണുന്നവരിൽ പത്തിലൊന്നുപേർ രംഗത്തെപ്പറ്റി കേട്ടിട്ടേ ഉണ്ടാകയില്ല. കഥനടക്കുന്ന സ്ഥലം കാട്ടിലായാലും നഗരത്തിലായാലും സമുദ്രമദ്ധ്യത്തിലായാലും ശരി വിളക്കിന്റെ മുൻഭാഗം തന്നെ എന്നു ആട്ടക്കാർ വക വെച്ചിട്ടുള്ളു. അരങ്ങു് എന്നാൽ എന്തെന്നറിയാത്തവനായവൻ ഒരിക്കലെങ്കിലും പോയി ചോദിക്കുന്നതായാൽ "കാണികൾ ഇരിക്കുന്നതിനു എതിരായിട്ടുള്ള വിളക്കിന്റെ പുറഭാഗം തന്നെ" എന്നല്ലാതെ വേറെ ലക്ഷണമൊന്നും അവൻ പറയുമെന്നു തോന്നുന്നില്ല. രംഗസംവിധാനവും വേഷപരിഷ്കാരവും കൂടി ഏൎപ്പെട്ടതിനാൽ ആട്ടം കാണുന്നവർക്കു കൂടി മനോരഞ്ജകമായിത്തീരുമെന്നു തോന്നുന്നു. ഇപ്പോഴത്തെ സ്ഥിതിയിൽ രംഗസ്ഥലവും കഥാസ്ഥലവും ഒന്നാണെന്നു ഊഹിക്കേണ്ടതാകുന്നു. ഒന്നാം ദിവസത്തെ കഥയിൽ (൧) നിഷധരാജധാനിയിൽ നളമണ്ഡപം. (൨) അവിടെത്തന്നെ ഉദ്യാനം. (൩) കുണ്ഡിനനഗരത്തിലുള്ള ഉദ്യാനം. (൪) സ്വൎഗ്ഗത്തിൽ അമരാവതി. (൫) കുണ്ഡിനത്തിലേക്കുള്ള വഴിയിൽ ഒരു ഭാഗം. (൬) കന്യാന്തഃപുരം. (൭) സ്വയംവരമണ്ഡപം എന്നതാകുന്നു രംഗസ്ഥലങ്ങൾ. രണ്ടാം ദിവസത്തിലെ രംഗം നിഷധരാജ്യത്തിൽ തന്നെയാണു്. കാട്ടിന്റെ പല ഭാഗത്തിലും ചുറ്റി ഒടുവിൽ ചേദിപുരിയിലും ഋതുപൎണ്ണന്റെ അയോദ്ധ്യയിലും കാണപ്പെടുന്ന ദമയന്തിയും കുണ്ഡിനവും മാറി മാറി വരുന്നു. നാലാം ദിവസത്തെ കഥ കുണ്ഡിനത്തിൽ പല ഭാഗങ്ങളുമാകുന്നു; ഒടുവിൽ മാത്രം നിഷധരാജധാനി.

൪. പാത്രനിരൂപണം.

ആട്ടക്കഥയിൽ നാടകലക്ഷണങ്ങളുടെ പൂൎത്തി ഇല്ലായ്കയാൽ കവികൾ കഥാപുരുഷന്മാരെ നിരൂപിക്കുന്നതിലും ശ്രദ്ധിക്കാറില്ല. പുരാണത്തിലെ പാത്രങ്ങൾ തന്നെ കഥകളിയിലും, കേശിനി എന്ന സഖിയും ജീവലൻ വാൎഷ്ണേയൻ എന്ന സൂതന്മാരും കൂടി മഹൎഷിമാർ സമാജ്ഞന്മാരാകുന്നു. ചില പാത്രങ്ങളെ മാത്രം കവി ഒന്നു തെളിച്ചു നിൎമ്മിക്കുന്നു. വേദവ്യാസന്റെ കാട്ടാളന്മാർക്കും ഉണ്ണായിവാരിയരുടെ കാട്ടാളന്മാർക്കും ഭംഗി മാത്രമല്ല, ലോകപരിജ്ഞാനവും ഭേദമുണ്ടു്. അവൻ ദൈവികത്വം പ്രകാശിപ്പിക്കാൻ വേണ്ടി മാൎഗ്ഗമന്വേഷിക്കുന്ന ശ്രുതിപാഠിച്ചിട്ടു് 'മന്മഥൻ കിളി ഇല്ലാ' എന്നല്ലാതെ സ്ത്രീസ്വഭാവത്തെ അല്ല സഖികളുടെ വിവരിക്കുന്നു. ഹംസം ഒരു വിശ്വാസയോഗ്യമുള്ള മനുഷ്യനായിട്ടും

സമർത്ഥനാണ്. നളൻ അവനെ ഉപദ്രവിയ്ക്കാതെ വിട്ടതെറ്റല്ല അതിലെല്ലാറ്റിലും എത്ര വലിയ പ്രത്യുപകാരമാണ് അവൻ ഇങ്ങോട്ടു ചെയ്യുന്നത്! അവനെ ഈ കഥയുടെ ദേവതയും എന്നു തന്നെ പറയാം. അവൻ ദമയന്തിയുടെ അടുക്കൽ ചെന്നു 'ഇനിമേയാടി നടന്നാൽ കിട്ടുമെ കൈക്കലെന്നും പ്രതിപക്ഷമെന്നും മാറ മനും' നടക്കുന്ന കൗശലങ്ങളിൽ സഹിയാതെ ദമയന്തി കേൾപ്പും അളുമഴി ഥായി ഉപന്യസിക്കുന്നു. ദമയന്തിയുടെ 'ചിന്തം പതറിയെന്നു' മുതൽകൊണ്ടു അവൻ ഇപ്പിടപ്പെടുന്നില്ല.

'താമരനാൽ വരുന്ന ഭദ്രേക്കാ നിന്നെ
പ്രീതി കിന്നരക്കെണ്ടാമെചറിൽ തന്നെ
വിഫലമിന്നു പറയുന്നതെല്ലാം
ചപലമെന്നു പറഞ്ഞെന്നല്ലേല്ലോ'

എന്നെല്ലാം സ്ത്രീചാപല്യത്തെ എടുത്തു കാണിച്ച് 'വാചാപി പറയില്ലെ'ന്നിളക്കി വെച്ചൊപ്പിച്ചിട്ടാണ് അവൻ മടങ്ങി വരുന്നത്. വാക്കുവാക്കെളുടെയൊ അവന്റെ നൈപുണ്യം അസാധാരണമാണ്. അവൻ 'നളിനമിഴിമാരെല്ലാം വരേ ക്കാൻ നളിനജവചസാ നളവശത്തിൽ വാഴുന്നവൻ' ആണല്ലോ. 'ഖെ സ്ഥവാകിൽ വിപരീതമെങ്കിലും വരുന്നതാർ കിളിയ്ക്കു' എന്നവൻ നല്ല ബോധമുണ്ട്. അതുകൊണ്ടു നളന്റെ കാര്യത്തിൽ താൻ ഉപകരിക്കണമെന്നതിൽ വളരെ ശ്രദ്ധപെടുന്നു. ഇങ്ങനെ അവന്റെ അടുക്കൽ സന്ദേശം ക്കുന്നു.

നളചരിത്രത്തിൽനിന്നും അക്കഥ നടന്ന കാലത്തെ ചില നടപടികളും ഗ്രഹിയ്ക്കാവുന്നതുണ്ട്. ചൂതുകളി അന്നു വളരെ പ്രചാരമുണ്ടായിരുന്നു. യുദ്ധത്തിനെന്ന പോലെ ചൂതിനും ഒരുവൻ വന്നു പോരിനു വിളിച്ചാൽ പിൻവാങ്ങുന്നതു വീരന്മാർക്കു ഇഷ്ടമല്ല. 'ദേവനം വിനോദനായ ദേവനിർമ്മിതം' എന്നു പറയുന്നതു കേവലം അതിശയോക്തിയായിരിക്കാം. അക്കാലത്തു കച്ചവടക്കാർ കൂട്ടമായിട്ടു ചേർന്നു കരവഴിയായി സൈന്യസമേതം ദൂരദേശങ്ങളിൽ സഞ്ചരിച്ചിരുന്നു. അവർക്കു കാട്ടിലും മററും പല ആപത്തുകളും നേരിട്ടിരുന്നു. പുരുഷന്മാർ മാത്രമല്ല സ്ത്രീകളും ആപത്തിൽ വേഷം മാറി നടന്നിരുന്നു. കുലസ്ത്രീകൾക്കു ഉച്ഛിഷ്ടം ഭുജിയ്ക്കാതെ പരഗൃഹത്തിൽ ദാസ്യവൃത്തിയായി താമസിക്കുന്നതിനു വിരോധമില്ലായിരുന്നു. 'കുലബാലികമാർക്കു നിയമനിഷ്ഠയും, ചാരിത്രമെന്നുള്ള ചട്ടവും' നന്നായി ഭുജിപ്പാൻ സഹചാരസമ്പ്രദായത്തിൽ പാതിവ്രത്യം പരിപാലിക്കുന്നതിന്. ഋതുപർണ്ണന്റെ ദാസന്മാർക്കും ബ്രാഹ്മണർക്കും കൂടാതെ എവിടെയും സഞ്ചരിക്കാമായിരുന്നു. ബ്രാഹ്മണർ എത്ര രാജസേവയിലും നിന്ദിതമായ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നില്ല. പാകംചെയ്യു അന്നത്തെ ബ്രാഹ്മണർക്കും രാജാക്കന്മാർക്കും ഭക്ഷിക്കുന്നതിനു വിരോധം കല്പിച്ചിട്ടില്ലായിരുന്നു. ദമയന്തിയുടെ പുനർവിവാഹവാർത്ത കേട്ടു ഋതുപർണ്ണൻ വിചാരിക്കുന്നതിനാൽ കുലസ്ത്രീകൾക്കു ദ്വിതീയവിവാഹം അവിഹിതമെന്നു പറവാനില്ലായിരുന്നുവെന്നു ഊഹിയ്ക്കാം.

൩. സാഹിത്യം.

കവി—ഉണ്ണായിവാര്യർ പ്രസിദ്ധനായ കുഞ്ചൻനമ്പ്യാരുടെ സമകാലീനായിരുന്നു. നമ്പ്യാരും വാര്യരും ഒരുമിച്ചു വളരെക്കാലം തിരുവനന്തപുരത്തു രാജസഭയിൽ താമസിച്ചിരുന്ന കാലത്തെപ്പററി പല ഐതിഹ്യങ്ങളുമുണ്ട്. ഈ മഹാകവികൾ തങ്ങളിൽ കണ്ടാലുടനെ വല്ലതും വിചിത്രമായിട്ടാണ്. ഒരിക്കൽ രണ്ടുപേരും പത്മതീർത്ഥക്കരയിൽവെച്ചു തങ്ങളിൽ സന്ധിച്ചു. അപ്പോൾ ഒരു കവാട്ടുകാരിയായ സ്ത്രീ രൂപവതിയായ ദാസിയെക്കൊണ്ടു എണ്ണയും താളിയും എടുപ്പിച്ചുംകൊണ്ടു ആ വഴിക്കു കടന്നു പോകയുണ്ടായി. ഇതു കണ്ടിട്ടു കവികളിലൊരുവൻ 'കാമിലോല' എന്ന ശ്ലോകാന്തരിയുടെ കണ്ഠമാലത്തെ രസികനായിട്ടു പറഞ്ഞു; അതിനുത്തരമായി മററയാൾ 'ഉല്പലാക്ഷി' എന്ന ദാസിയുടെ കൈയിലിരുന്ന അഭ്യംഗോപകരണങ്ങളെപ്പററി പ്രസ്താവിച്ചു. ഈ ചോദ്യോത്തരങ്ങളിലെ വ്യംഗ്യാർത്ഥത്തിന്റെ വൈചിത്ര്യം പ്രകാശിപ്പിച്ചവർ തങ്ങളിൽ ഫലിപ്പിച്ചിരുന്നു എന്നാണ് കഥ. ഇതിൽ ചോദ്യം ഉണ്ണായിയുടേതെന്നും ഉത്തരം ഉണ്ണായിയുടേതെന്നും നല്ല തീർച്ചയില്ല. വ്യംഗ്യത്തിൽ കാ (എവൻ) ലോലാ (ലഘുകന്യാമതി) എന്ന ഭാഷ. ഇത സരസ്യതമായിരിക്കുന്നതിനാൽ ചോദ്യം പണ്ഡിതനായ വാര്യരുടെയും നല്ലതു മററതിലെന്നതു സരളനായ മലയാളകവിയും സരസകവിയുമായ നമ്പിയാരുടെയും പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്നു. മഹാരാജാവവർകൾ ഒരുനാളു ഇതിനു കളഭം കലക്കിച്ചതിനെപ്പററി ഒരു കുളം കണ്ടിട്ടു ചെന്ന കവികളോടെല്ലാവരോടും അതിനെ വിശേഷങ്ങൾ ചോദിച്ചതിൽ ഉണ്ണായിവാര്യർ 'ഏതു കരി കലക്കിയ കുളം കണ്ടു' എന്നും കുഞ്ചൻനമ്പിയാർ 'ഏതു കളഭം കലക്കിയ കുളം കണ്ടു' എന്നും അറിയിച്ചതായിട്ടു ണ്ട് മറെറാരുകഥ. ഈ വക കേട്ടുകേഴ്വികൾ പരമ്പരയാ വന്നിട്ടുള്ളവയാണ്. ഇവകളിൽ വാസ്തവം സ്വല്പം അതിശയോക്തികൊണ്ടു ചിനക്കിയതാണ്. ചോദ്യോത്തരം പരിചയപ്പെട്ടതിന്റെ ശേഷം ഈ കവികൾ തങ്ങളിൽ വിരോധമുണ്ടായ സംഭാഷണമായിരുന്നു എന്നു വരുന്നില്ല. മറെറങ്കിലും സന്തോഷം കണ്ടു മാറിപ്പോയി എന്നു പറയപ്പെടുന്ന പ്രധാന സംഗതിയിൽ ഭേദം വരാനിടയില്ല. അന്നത്തെക്കാലത്തു വിദ്വാന്മാർക്കു തമ്മിലുണ്ടാവും പരസ്പരമത്സരവും രാജാവിനു അവരുടെ പേരിൽ ഗൗരവബുദ്ധിയും പ്രതിപത്തിയും ഒന്നുപോലുണ്ടായിരുന്നു.

ഈ വക കഥകളിൽ നിന്നും രണ്ടുപേരുടെയും ബുദ്ധിസാമർത്ഥ്യത്തിന്റെ ഗതിയെക്കുറിച്ചു ഊഹിക്കാം. വാര്യർക്കു കരി കലക്കിയ കുളം എന്ന ഇതെങ്കിലും രസത്തിലുള്ള വാചകം പറയണമെന്നുള്ളതു് നമ്പിയാർക്കു അത്രയും പോരാ, താൻ പറയുന്ന വാക്കു രാജാവിന്റെ പ്രശംസയിൽ പരിണമിക്കണമെന്നുകൂടിയുണ്ട്. അതാണ് 'കളഭം കലക്കിയതു' എന്നു പറയുന്നതു്. രാജാവിന്റെ പ്രവൃത്തിയെക്കൊണ്ടു കളത്തിനു ദോഷമുണ്ടാക്കി എന്നല്ലയോ വാര്യരുടെ വാക്കിൽനിന്നു ഫലിക്കുന്നതു്? നമ്പിയാർ അതുംകൂടി കളഞ്ഞു ഗുണമെന്നു ഏടുത്തുകാണിക്കുന്നു. അതിനാൽ ഒരാൾ ഗുണഗ്രാഹിയും മറെറയാൾ പ്രശംസാശീലനും ആകുന്നു വരുന്നു.

അവതാരിക

നമ്പിയാർ ഒരു വാസനാകവിയും വാര്യർ ഒരു വലിയ പണ്ഡിതനും ആയിരുന്നുവെന്നുള്ളതിലേക്ക അവരുടെ കൃതികൾ സാക്ഷ്യം വഹിക്കുന്നു. കഥകളുടെ ഉള്ളടക്കങ്ങൾ നളചരിതത്തിലെപ്പോലെ ഇണക്കിച്ചേർത്ത കവികൾ ഉണ്ണായിയുടെ ശൈലിക്കു പ്രയോഗങ്ങളെക്കൊണ്ടു പതിഞ്ഞവരാണ്. ഒരാളുടെ ഫലിതങ്ങളെല്ലാം പാമരന്മാർക്കുപോലും സുഗ്രാഹ്യങ്ങളാണ്; മറ്റെയാളുടെ ശൈലീപ്രയോഗങ്ങൾക്കുള്ളിൽ ഗാംഭീര്യം കലരുന്നുണ്ട്. ഗ്രന്ഥവിസ്തരഭയത്താൽ ഉദാഹരണങ്ങൾ എടുത്തു കാണിക്കുന്നില്ല. വാര്യർ മലയാളത്തിലെ ബ്രൗണിംഗ് അല്ലെങ്കിൽ മിൽട്ടൺ; നമ്പിയാർ കാളിദാസൻ അല്ലെങ്കിൽ ഷെൿസ്പിയറും ആണ് എന്നു പറഞ്ഞാൽ ഏറെ തെറ്റുകയില്ല.

ജീവചരിത്രം—കവിയുടെ ജീവചരിത്രത്തെപ്പറ്റിയുള്ള വിശ്വസനീയമായ അറിവുകൾ വളരെ ചുരുക്കം. ചരിത്രത്തിൽ കാണുന്നില്ല. ഐതിഹ്യങ്ങളെ അടിസ്ഥാനമാക്കി ഇതിലെ സംക്ഷിപ്ത പ്രസ്താവന ഉണ്ട്. ഉണ്ണായിവാര്യരുടെ ഗൃഹം കൊച്ചി സംസ്ഥാനത്തു ഇരിങ്ങാലക്കുട ക്ഷേത്രത്തിനു സമീപമായിരുന്നു. അദ്ദേഹവും ഇരിങ്ങാലക്കുടക്ഷേത്രവുമായി ബന്ധമുണ്ടായിരുന്നു. വിദ്യാഭ്യാസം ആരുടെ അടുക്കലാണ് നടന്നതെന്നു അറിവാൻ മാർഗ്ഗമില്ല. സംസ്കൃതത്തിൽ കാവ്യനാടകാദികളും വ്യാകരണാദിശാസ്ത്രങ്ങളും പഠിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു വിദിതമാണ്. പുരാണപ്രസിദ്ധിയുടെ ശേഷം വളരെക്കാലം തിരുവനന്തപുരത്തു വന്നു താമസിച്ചിരുന്നതായി ലക്ഷ്യങ്ങളുണ്ട്. ൯൦൫-ൽ നാടുവാണിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതനായി ... ഒരു മഹാരാജാവിന്റെ ആശ്രയം, കുഞ്ചൻനമ്പ്യാർ മുതലായ മഹാകവികളുടെ സഹവാസം, അക്കാലത്തെ ... സമ്പർക്കം, പൊതുവേയുള്ള സാഹചര്യങ്ങൾ ഇതെല്ലാം തിരുവനന്തപുരത്തു താമസത്തെ സന്തോഷപ്രദമാക്കാൻ വാര്യരെ ഉത്സാഹിപ്പിച്ചിരിക്കണം. നളചരിതത്തിൽ പ്രയോഗിച്ചിട്ടുള്ള ശൈലികൾ ... ഈ കൃതി ... ദിക്കുകളിൽ വെച്ചാണ് എഴുതിയിരിക്കുന്നതിനാണ് അധികം സാദൃശ്യം. നളചരിതം കൂടാതെ ഗിരിജാകല്യാണം (അല്ലെങ്കിൽ) പാർവ്വതീസ്വയംവരം എന്നൊരു കൃതികൂടി വാര്യർ ഉണ്ടാക്കീട്ടുണ്ട്. ഗിരിജാകല്യാണം കിളിപ്പാട്ടിന്റെ മട്ടിൽ ഗീതങ്ങളായുള്ള ഒരു പ്രബന്ധമാണ്. ഇതു വാര്യരുടെ കൃതിയല്ലെന്നു ചിലർ ശഠിക്കുന്നു. രാമപഞ്ചശതിയും മറ്റും പലമറ്റങ്ങളുകളും ഉണ്ണായിവാര്യർ ഉണ്ടാക്കിയിട്ടുള്ളതായി കേൾവിയുണ്ട്. വാര്യരുടെ അന്തം ൯൨൦-ാമാണ്ടോടടുത്ത് ൬൦ വയസ്സിനടുക്കൽ സംഭവിച്ചിരിക്കണം എന്നാണൂഹം.

'അപി വത മമ ദയിതാ ...
പ്രാണൻ കളയുകയില്ലയോ എന്നാൽ
കലഹിക്കയില്ലവളൊരിക്കലുമിനി'

എന്നിടത്തു 'അവ.?' വന്നിട്ടുണ്ടെന്നും, അതിനാൽ അദ്ദേഹത്തിന്റെ ഒടുക്കത്തെ ശ്ലോകമായിരുന്നു ഈ കാലത്തിൽ സംഭവിച്ചതാവാം എന്നൊരു കേൾവി,

ഭാഷ— നളചരിതത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ സംസ്കൃതങ്ങളിലടങ്ങിയ മണിപ്രവാളമാകുന്നു. മണിപ്രവാളകൃതികളുടെ മാർഗ്ഗദർശി എഴുത്തച്ഛനാണല്ലോ. അദ്ദേഹം തന്നെ അതിശയാവഹമായ സ്ഥലയിലിരുന്ന മലയാളഭാഷയെ സംസ്കൃതത്തിന്റെ ഒരാവലംബമെന്നോണം പ്രൗഢവിഷയങ്ങളെ പ്രതിപാദിക്കുന്നതിനു പരിപാകയോഗ്യമാക്കിച്ചു. നമ്പിയാർ എന്നും പിടികിട്ടാത്ത വേദാന്തതലങ്ങളിൽ പ്രവേശിക്കാതെ മലയാളത്തിനു സഹജങ്ങളായ ലൗകികസംഗതികളെ വർണ്ണിക്കുന്നതിൽ എത്രത്തോളം ശക്തിയുണ്ടെന്നു വെളിപ്പെടുത്തി. അദ്ദേഹം ആവശ്യം പോലെ സംസ്കൃതത്തിൽനിന്നു ശബ്ദപ്രകൃതികളെ കടം വാങ്ങിയതേ ഉള്ളൂ. ഒരുപക്ഷം കടം പെരുകിവന്നിട്ടുണ്ട്; എന്നാൽ ഒരാൾ സാധനങ്ങളെ ഒന്നായ് വാങ്ങി ആവശ്യക്കാർക്ക് വിനിയോഗിക്കയും മറ്റൊരാൾ ആവശ്യപ്പെട്ട സാധനങ്ങളെത്തന്നെ വാടകയ്ക്കെടുത്ത് വാങ്ങിയുപയോഗിക്കയും ചെയ്തു എന്നാണ് ഭേദം. ഉണ്ണായിയുടെ പോക്ക ഈ രണ്ടു വഴിയിലുമല്ല. 'കൂറ്റസ്ത്രീയും പറ്റുമോ' എന്നു പറയുന്നതുപോലെ അദ്ദേഹത്തിന്റെ മാർഗ്ഗമൊന്നു വേറെയാണ്. ഉണ്ണായിക്കു മലയാളവും സംസ്കൃതവും ഒന്നുപോലെ സ്വാധീനമാണ്. അപ്പപ്പോഴപ്പോൾ നാവിലുദിച്ച ഭാഷയിൽ അദ്ദേഹം എഴുതും എന്നല്ലാതെ കടം വാങ്ങിട്ട ആവശ്യമുണ്ടോ എന്നുള്ള വിചാരമേ അദ്ദേഹത്തിനില്ല. 'തെളിപ്പോയവള്ളി കാലിൽചുറ്റി' എന്നുള്ള മലയാളത്തിലെ പഴമൊഴിയെ അദ്ദേഹം 'ചലിതം പാദയുഗളേ നിഗളതയാ മാർഗ്ഗിതയാ ലതയാ' എന്നു പ്രൗഢസംസ്കൃതത്തിൽ തർജ്ജമചെയ്താണുപയോഗിക്കുന്നത്. സംസ്കൃതത്തിലെ പ്രയോഗവിശേഷങ്ങളും എല്ലാം ഉണ്ണായിവാര്യർ മലയാളത്തിലും കലർത്തിച്ചേർത്തിട്ടുണ്ട്.

൧. 'സുകൃതമുള്ളൊരു നളഗുണപാഠകരേ
 ഇല്ലനെന്നായ ഞാനൊരു അവർവാഴ്ച്ച'
 എന്നു നാമവിശേഷണത്തിനു വിശേഷ്യത്തിന്റെ വിഭക്തിവചനങ്ങളാം.

൨. 'വിരക്തനിതി സൂതരിൽ നയമതിപ്രിയം സി വിലാസിനിമുഖ
 പരിപ്രേക്ഷ്യ ചാരണായണികൾ എന്നതിപ്രമാസഭൂതല
 ചരിപ്പതിന്നവനാഗതനായ്'

ഇവിടെ 'എന്നു' എന്ന നിപാതത്തിനു 'എന്നു വിചാരിച്ചിട്ട്' എന്നർത്ഥം. സംസ്കൃതത്തിൽ ഈ സ്ഥാനങ്ങളിലുള്ള 'ഇതി' എന്നതിനു 'ഇതി മത്വാ' 'ഇതി ഹേതുനാ' എന്നും മറ്റും അർത്ഥമുണ്ട്.

൩. 'ആ പരിഹരണീയവിധിയന്ത്രിതമിരിപ്പൂ കൂനി'

എന്നിടത്തു 'ഏരുന്ന' എന്നതിനെ മറിച്ചു 'കൂനി' എന്നു 'വിശേഷണാനാം വിശേഷ്യത്തിനു ഭേദേന നപ്പു' എന്ന വ്യാകരണസൂത്രത്തിനു ലക്ഷ്യം. നമ്മുടെ കവിക്കു സംസ്കൃതവും മലയാളവും ഭിന്നഭാഷകളാണെന്നുള്ള വിചാരമേ ഇല്ല. 'നേരിന്നു നേർച്ചപോലും ഒരു സഫലാനി' എന്നു 'നേർച്ചകൾ' എന്ന നിർദ്ദേശികായുള്ള വചനാന്തവിശേഷ്യത്തിനു 'സഫലാനി' എന്നു പ്രഥമാബഹുവചനാന്തമായ വിശേഷണം. പാണിനീയത്തിന്റെ വ്യാകരണപ്രകാരം 'നേർച്ച'യെ സ്ത്രീലിംഗമാക്കി 'സഫലാഃ' എന്നു പ്രയോഗിക്കാത്തതു ഭാഗ്യമെന്നു വിചാരിപ്പാൻ ഉള്ളൂ. 'ഐശ്വര്യത എല്ലാം ഭൈമീനാമണി മൂലം' എന്നിടത്തു ഭാഷാപദസമൂഹത്തെ നിഷ്കാരണമായി പുരസ്കരിച്ചു 'ഐശ്വര്യമായാവാൻ' എന്ന സംസ്കൃതസന്ധി, ഒരു

ഭാഷകളെ കൂട്ടിക്കലൎത്തുമ്പോൾ ഈ മാതിരി പലദോഷങ്ങളും നേരിടുന്നതാണു്. അതുകളെ തടവുകൂടാതെ പ്രയോഗിക്കുന്നതിനു ഉണ്ണായിവാൎയ്യൎക്കു മാത്രമേ ധൈൎയ്യമുണ്ടാകയുള്ളൂ. ലഘുദോഷങ്ങളെ നിലവയ്ക്കുന്നതാവേന ഉള്ള സംസ്കൃതികൊണ്ടു ഇളക്കിപ്പെടുത്താതെ അദ്ദേഹം നീക്കിയിരുന്നതെന്ന സംഗതി തന്നെ സമ്മതിക്കേണ്ടു. നളചരിതത്തിലെ ഭാഷ മണിപ്രവാളവും കലൎന്നതല്ലാ, സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേൎന്നുണ്ടായ ഒരു ഓട്ടുലോഹമാണു്.

ഉണ്ണായി വാൎയ്യരെപ്പോലെ സ്വാതന്ത്ര്യമായ ഒരു കവി മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. കഥകളിഗ്രന്ഥങ്ങളിൽ പ്രായേണ ശ്ലോകങ്ങൾ സംസ്കൃതവും പദങ്ങൾ മണിപ്രവാളവും എന്നാണല്ലോ പതിവു്. നളചരിതത്തിലെ ശ്ലോകങ്ങളിൽ പകുതി എണ്ണവും മണിപ്രവാളമോ ശുദ്ധമലയാളത്തിൽ തന്നെയുമുണ്ടു്. 'പേടിക്കേണ്ടാ വരവാനരികെ ....' എന്ന ശ്ലോകം നോക്കുക. ഇതിൽ സംസ്കൃതശബ്ദം തന്നെ മൂന്നോ നാലോ നാലാം പാദത്തിന്റെ ഒടുവിൽ വന്നിട്ടുള്ളതേ ഉള്ളൂ. എന്നാൽ, നേരെ മറിച്ചു, പദങ്ങളിൽ ചില വരികൾ ശുദ്ധസംസ്കൃതമായിട്ടുണ്ടു്.

൧. 'വ്യസനം മമ കേശിനി സമസ്തമസ്തു ഭവതാ'
൨. { 'ഭോഗി ഭോഗി ഭോഗി കാമിതം ദീയതാം സാധയി-
ഷ്യാമി സാമി സാധിതം മയാ'
൩. 'അന്യേഷ്വാ വാ വസ്തു ലേശം പ്രസാദനേ'

ഇത്യാദി പല്ലവികളിൽ മലയാളം തൊട്ടുവിച്ചിട്ടേ ഇല്ല.

'പ്രേമാനുരാഗിണീ ഞാൻ വാമതനൂനിയമശീലേ'
കാമാതുരനാമി എനി സോമാദിരാമമുഖം
ശ്യാമാ കേശിനീ തനി വാമാകളിതമുഖപെരു-
കാമാ ഗതയാമാ കാമിനീ

ഇത്യാദി പദങ്ങളിൽ മറ്റൊന്നിൻ മാത്രം ഒരു മലയാളപദമേ ഉള്ളൂ. ശ്ലോകവും ദണ്ഡകവും പോരാഞ്ഞിട്ട ഗദ്യവും കൂടി കൂട്ടിക്കലൎത്തായിട്ട ഉണ്ണായിവാൎയ്യർ ഉപയോഗിച്ചിട്ടുണ്ടു്. കവിവാക്യം ശ്ലോകവും പാത്രങ്ങളുടെ സംഭാഷണങ്ങൾ പദവും എന്നല്ല എപ്പോഴും അദ്ദേഹം നാലാം ദിവസത്തെ കഥയുടെ ആരംഭത്തിൽ ലംഘിച്ചിരിക്കുന്നു.

വാക്യരീതി—അൎത്ഥപുഷ്ടിയും ശബ്ദപുഷ്ടിയും നളചരിതത്തിലെപ്പോലെ മറ്റൊരു മണിപ്രവാളകൃതിയിലും ഒന്നുപോലെ ചേൎന്നു യോജിച്ചിട്ടുണ്ടോ എന്നു സംശയമാണു്. 'പേരിയോടു, വിരവിൽ, ഞെളിന്നു, നേരിട്ടേ, ഞാ, ഉഹോ, ഉടനെ, തെളു്' മുതലായ പദപ്പൂരണങ്ങളെ അദ്ദേഹം വളരെ അപൂൎവ്വമായേ ഉപയോഗിച്ചിട്ടുള്ളൂ. പ്രാസത്തിനു വേണ്ടി ഈ വക പദങ്ങളെ ഉപയോഗിക്കുന്നവരുടെ സമ്പ്രദായത്തെ ഉണ്ണായിവാൎയ്യർ മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ടു സാധാരണ മലയാളകവിതകളിൽ കാണുന്ന പ്രാസഭംഗദോഷമില്ല നളചരിതത്തെ ബാധിച്ചിട്ടില്ല. എന്നാൽ പ്രാസനിഷ്ഠയ്ക്കു വാൎയ്യരുടെ നേർവഴി തെറ്റി നടത്തിച്ചിട്ടില്ലെന്നില്ല. അനേകമെന്നപോലെ ഒരു നളചരിതത്തിലെ ഔചിത്യം. വാൎയ്യർ അൎത്ഥങ്ങൾ വളരെ നിഷ്കൎഷയുണ്ടു്; ... ശബ്ദങ്ങളിലും ഒട്ടുകുറവല്ല. ആ

ഉത്തിമന്റെ മുഖ്യ പ്രാസം കണക്കിന വീണുകൊണ്ടിരിക്കണം. ശബ്ദം ഈ നിബ്ബന്ധത്തിന കീഴടങ്ങിത്തന്നിയെ വന്നില്ലെങ്കിൽ അദ്ദേഹം പിടിച്ചു വലിച്ചിട്ടെങ്കിലും വരുത്തും. ഈ സാഹസത്തിൽ ശബ്ദങ്ങളുടെ വാലോ തല തന്നെയോ ഉടഞ്ഞു പോയാലും വകയില്ല. 'ചാകം ഇവ' എന്നതു പ്രാസത്തിന ചേരാൻ വേണ്ടി

'വസ്ത്രമതെ ഉൽസൃജൽകി ചാമിവ

എന്നു മുതലിപ്പായി.

'മരത്തിനിടയിൽ കാണാതെ സൂനത്തിന്റെ സാദൃശ്യം

ഇവിടെ 'ദൃശ്യം' എന്നാവർത്തിക്കാൻവേണ്ടി പ്രയോഗിച്ച 'സാദൃശ്യം' എന്ന ഭാഗത്തിൽ പദച്ഛേദം തന്നെ സ്പഷ്ടമാകുന്നില്ല. 'അപത്രമിത്രകാന്തരാ.....' എന്ന പദ്യത്തിൽ 'ന്നാളെ' എന്നു നാലുതരം ആവർത്തിച്ച യമകം ചെയ്തതിൽ ഒന്നു രണ്ടിന വളരെ ക്ലേശം ചെയ്യാതെ അർത്ഥമുണ്ടാകുന്നില്ല. ഇങ്ങനെ ദൃഷ്ടാന്തം പലതും എടുത്തു കാണിക്കാം. എന്നാൽ ഇങ്ങനെ ചില ഭാഗങ്ങൾ ഒഴികെയുള്ളേടത്തെല്ലാം ശബ്ദാർത്ഥങ്ങളുടെ പുഷ്ടിയാലുണ്ടായിട്ടുള്ള സ്വാരസ്യം അന്യാദൃശമാണ്. ഗ്രന്ഥം മുഴുവനും ഇതിലേക്ക ദൃഷ്ടാന്തമാകയാൽ പ്രത്യേകിച്ചു ആ അംശം ഉദാഹരിച്ചു കാണിക്കുന്നില്ല. ആദിപ്രാസം അന്ത്യപ്രാസം ദ്വിതീയപ്രാസം ഇതെല്ലാം കവി ഒന്നുപോലെ ദീക്ഷിക്കുന്നുണ്ട്. അത്യാഹാരപ്പെട്ടതയാണ വേറെ ഒരു ദോഷം. നളചരിതത്തിലെ വാക്യങ്ങൾ മിക്കതും വെളിയിൽനിന്നു പുതിയ പദങ്ങൾ കൂട്ടിച്ചേർത്താലേ അന്വയിക്കു. 'അലയച്ചിട്ടുണ്ടാമെന്നില്ല' എന്നിടത്തു 'ഉണ്ട്' എന്ന ക്രിയയ്ക്കു കർത്താവിനെ പ്രയോഗിക്കായ്കയാൽ അർത്ഥം ദുർഗ്രഹമായ്ത്തീർന്ന പാഠംകൂടി 'അയച്ചിട്ടുണ്ടാമെന്നില്ല' എന്നു ദുഷിച്ചുപോകാനിടയായി. 'അവടങ്ങൾ സങ്കടങ്ങൾ . .' എന്ന ചരണത്തിൽ വാക്യങ്ങൾ എവിടെവിടെ അവസാനിക്കുന്നുവെന്നറിവാൻ ഒരു മാർഗ്ഗവുമില്ല. പദങ്ങൾ മാത്രമല്ല, വാക്യങ്ങളും ചിലെടത്തു പ്രയോഗിക്കാതെ വിട്ടുകളയും. 'ഭാരതകാമസമവേഗം കണ്ടു ഭൈമീ' എന്ന ചരണത്തിലും മറ്റും മണ്ണ്യ അവതാരികയായി ചേർക്കുന്ന വാക്യത്തിന്റെ ഭേദംപോലെ അർത്ഥവും ഭേദിക്കുമെന്നു വ്യാഖ്യാനത്തിൽ നോക്കുക. ചില ഭാഗങ്ങൾ വായിച്ചാൽ കടംകഥപോലെ തോന്നും. നളജീവലസംവാദത്തിലും ഭൈമി ബ്രാഹ്മണരോട് പറഞ്ഞയയ്ക്കുന്ന സന്ദേശത്തിലും മറ്റും സന്ദിഗ്ദ്ധാർത്ഥത ഒരു ഗുണമായിത്തീർന്നിട്ടുണ്ട്. ശേഷമുള്ളിടത്തെല്ലാം അനാകുലകാഠിന്യവും തെയാർപ്പദപ്രയോഗവും കൊണ്ടു പ്രാസഗുണം കേവലം അസുകിതമായിപ്പോയി എന്നു പറയേണ്ടിയിരിക്കുന്നു. ബഹിരന്തസ്സ്ഫുരദ്രസമായ ദ്രാക്ഷാപാകം ഉണ്ണായിയുടെ സ്വഭാവത്തിനുവിരുദ്ധമാണ്; അദ്ദേഹത്തിന്റെ നാളികേരപാകത്തിലേ രസമുള്ളൂ. സഹൃദയന്മാർ രസിക്കണം; സാധാരണന്മാർ അഭിനന്ദിച്ചില്ലെങ്കിൽ എന്താണ ഹാനി എന്നാണ് കവിയുടെ നില. സാഹിത്യം ആലോചനാമൃതമായിരിക്കണം; അതിനെ പണ്ഡിതന്മാർ വായിച്ചു ആലോചിച്ചു രസിക്കുകയും വേണം. അപാമരാഗ്രപ്രിയനായോരു പാമരന്മാർ വേണമെങ്കിൽ ഈ സാഹിത്യത്തെത്തന്നെ പാടി രസിച്ചുകൊള്ളട്ടെ; അതിനാ വേണ്ടിയാണല്ലോ താൻ കവിതചെയ്തിരിക്കുന്നതു എന്നാണ വാക്കുടെ ഭാവമെന്നു തോന്നും. ശ്രീഹർഷന്റെ നൈഷധം വായിച്ചിട്ട് അതുപോലെയുള്ള

പാഠകവും പ്രൗഢഗംഭീരവുമായ ഒരു കവിത ചമയ്ക്കാനാണ് വാര്യർ ഇച്ഛിച്ചതു്. അദ്ദേഹത്തിന്റെ ആ ഉദ്യമം വേണ്ടുവോളം ഫലിക്കയുംചെയ്തു. അതുകൊണ്ടു ഉണ്ണായിവാര്യർക്കു ശ്രീഹർഷനെപ്പോലെ ഗ്രന്ഥാന്തത്തിൽ

"ഗ്രന്ഥഗ്രന്ഥിരിഹ ക്വചിൽ ക്വചിദപി ന്യാസി പ്രയത്നാന്മയാ
പ്രാജ്ഞമ്മന്യമനാ ഹഠേന പഠിതീ മാസ്മിൻ ഖലഃ ഖേലതു ।
ശ്രദ്ധാരാദ്ധഗുരുഃ ശ്ലഥീകൃതദൃഢഗ്രന്ഥിഃ സമാസാദയ-
ത്വേതൽകാവ്യരസോർമ്മിമജ്ജനസുഖവ്യാസജ്ജനം സജ്ജനഃ" ॥

എന്ന തന്റെ ഉദ്ദേശ്യത്തെ വിളിച്ചു പറയാമായിരുന്നു. ഇഗ്ഗ്രന്ഥത്തിൽ അവിടവിടെ ഞാൻ ചില കരുക്കൾ ബുദ്ധിപൂർവ്വമായി പിടിച്ചിട്ടുണ്ടു്; അഹിതന്മാർ മിടുക്കനാണെന്നു നടിച്ചു മടയൻ ബലാല്ക്കാരേണ ഇതിൽ പ്രവേശിക്കാൻ പോകേണ്ട. ശ്രദ്ധയോടുകൂടി ഗുരുവിനെ ആരാധിച്ചു് കരുക്കളിൽ നിന്നു രഹസ്യങ്ങളെ ഗ്രഹിച്ചു ഇക്കാവ്യരസത്തെ സജ്ജനങ്ങൾ ആസ്വദിക്കട്ടെ എന്നാണു ശ്ലോകത്തിന്റെ താൽപര്യം.

൩. സംഗീതം.

ആട്ടക്കഥകളിലെ സംഗീതമെല്ലാം പഴയ ദേശികസമ്പ്രദായത്തിൽ നിബന്ധിക്കപ്പെട്ടതാണ്. പിന്നീടു കല്ലുവഴിക്കാരാണ അതിന്റെ രംഗരീതിമാറി നീട്ടിപ്പിടിച്ചു മട്ടിൽ ചൊല്ലുന്ന ഇപ്പോഴത്തെ സമ്പ്രദായം ഏർപ്പെടുത്തിയതു്. നളചരിതത്തിൽ ചില പദങ്ങൾ നീട്ടിച്ചൊല്ലുന്നതിനു യോജിക്കാതെയുമുണ്ടു്. അവയെ അങ്ങനെ ചൊല്ലിയാലുണ്ടാകുന്ന ഭംഗം ഏതുമല്ല. പാട്ടുകാരൻ രണ്ടാവർത്തി പാടുന്ന ഇടകൊണ്ടു രണ്ടോ മൂന്നോ വാക്കുകളെ മാത്രമേ വേഷക്കാരന് കൈകാണിച്ചുതീർക്കുവാൻ സാധിക്കയുള്ളു. ഈവക പദങ്ങളെല്ലാം വേഗത്തിൽ പാടുന്നതിനു വളരെ നന്നു തന്നെ. ഉണ്ണായിവാര്യരുടെ സ്വാതന്ത്ര്യം അദ്ദേഹം സംഗീതത്തിന്റെ അംശത്തിലും കാണിക്കാതിരുന്നിട്ടില്ല. ചിലപ്പോൾ പല്ലവി മാത്രം മതി എന്നു വെച്ചു് അനുപല്ലവി കാണുകയില്ല. ചരണങ്ങളിലെ വരികളിൽ അക്ഷരസംഖ്യയ്ക്കു ഒരു തോതു ക്ലിപ്തവുമില്ല. രണ്ടാം ദിവസത്തെ കഥയുടെ ഒടുവിൽ ദ്വാപരനോടു കലി പറയുന്ന പദത്തിൽ 'ദ്വാപര' എന്ന രണ്ടക്ഷരം മാത്രമേ പല്ലവി ആയുള്ളു; ശേഷമെല്ലാം പാട്ടുകാരൻ സ്വയംകൊണ്ടു നിറച്ചു പാടിക്കൊള്ളണം. ഈമാതിരി ചില അസൗകര്യങ്ങൾകൊണ്ടു ആട്ടക്കാർ അഭിനയിപ്പിക്കുന്നതിനു സ്വല്പം ശ്രമം നേരിടുന്നുണ്ടെങ്കിലും നളചരിതത്തിലെ പദങ്ങൾ പ്രാസവ്യവസ്ഥകൊണ്ടും, ശബ്ദങ്ങൾക്കുള്ള ശ്ലേഷ്മഗുണംകൊണ്ടും, ഉദാരതകൊണ്ടും പാടിയാൽ അത്യന്തം കർണ്ണമധുരങ്ങളായിരിക്കും. ദേശികസമ്പ്രദായം വിട്ടു പല പുതിയ രീതികളിലും ഈ പദങ്ങളെ പാടാറുണ്ട്. 'അംഗനമാർ മൗലേ...' 'പൂമാതിനൊത്ത ചാരുതനോ?' 'മന്ദമന്ദമവിടെ...' മുതലായ പല പദങ്ങളും സ്ത്രീകൾ കൈകൊട്ടിക്കളിയിൽ ഉപയോഗിച്ചു കേട്ടിട്ടുണ്ട്. സംഗീതസാഹിത്യങ്ങൾ രണ്ടും ഒന്നുപോലെ പലമാതിരിയിലും നയിക്കാവുന്നതിനാലുള്ള സർവ്വതോമുഖത, പ്രകൃതിസിദ്ധമായ ഗാംഭീര്യം, ഉദാരമായ ബന്ധം, സ്വകപോലകല്പിതങ്ങളായ നൂതനഭംഗികൾ, ആലോചിക്കുന്തോറും അവസാനിക്കാതെ നീണ്ടുനീണ്ടുപോകുന്ന വ്യംഗ്യാർത്ഥത്തിന്റെ ബാഹുല്യം, പ്രയോഗവൈചിത്ര്യങ്ങളാലുള്ള ഹൃദ്യപാകത, എല്ലാ വിഷയത്തിലുമുള്ള ക്ഷോദക്ഷമത ഇതുകൾ നളചരിതത്തെ മണിപ്രവാളകൃതികളിൽ പ്രഥമഗണനീയമാക്കിച്ചമച്ചിരിക്കുന്നു.

വ്യാഖ്യാതാവു്.

നാലാം ദിവസകഥാ ശുദ്ധിപത്രം.

വശം	വരി	അശുദ്ധം	ശുദ്ധം
൧	൧൯	അസൂമന	അസൂമയ
൨	൧൧	കല്ലിച്ചുന	കല്ലിച്ചാന
൩	൨൯	മനാഃ (അ. പു.	മനാഃ (സ. പു.
൭	൨൩	ഏരെൻറ	തരെൻറ
൮	൨൮	അരുണാ (ക. പു.	അരസാ (സ. പു.
൧൧	൩	ഷായെ	ഷായെൻ
	൧൯	വിഷമമെന്നു	വിഷമമെന്നു
൧൩	൧൧	ചെല്ലുവാം	ചൊല്ലുവാം
	൨൭	സ. പു.	അ. പു.
൧൪	൧൫	മന്നവൻ	മന്നൻ
൧൫	൩൩	ഈ ബാഹുകൻ	ഈ ബാഹുകൻ
൧൭	൧൮	ഉ. സ്ത്രീ.	ഇ. സ്ത്രീ
	൨൭	ഈ. സ്ത്രീ	ഇ. സ്ത്രീ
൧൮	൧൨	കാണമതി	കാണമനി
൧൯	൧൨	മരണം	മാരണം
	൨൮	മരണം	കൊല്ലുക
൨൧	൭	പ്രാരം	പാരം
	൩൨	മതിഗതി	ഗതിമതി
൩൦	൧൩	നാസ്തി	ഭാസ്തി
൩൧	൧൯	വിഹിത	പിഹിത
൩൩	൭	മിന്നു	മിയന്നു
൩൯	൧൧	കൂടിയവൻ	കൂടിയവനായ
൪൦	൫	ഏഷിതോ	ഏഷിതരോമാ
൪൮	൧൦	കുറവുണ്ടു	കുറവുമുണ്ടു
൫൦	൧൫	വന്നിരിക്ക	വന്നിങ്ങിരിക്ക
൫൩	൨൦	സമന്തം (അ. പു.	സമന്തം (ന. പു.

നളചരിതം.

സവ്യാഖ്യാനം:

നാലാം ദിവസത്തെ കഥ:

[ശ്ലോകം ൧: ഭൈരവി—ചെമ്പട.]

ഖലൻ കലിയകന്ന നാൾ കരളിലോർത്തു തൻകാമിനീം
നള കില നടേതിലും നയതി സത്വരം തം രഥം ।
അലം ബത നിലിമ്പരും ഏഴി പുലമ്പിനാർ വിസ്മയം
വിലംബിതഗതിർബ്ബഭൂവ ഋതുപർണ്ണസൂതസ്സ ബാഹുകൻ ॥

[പദം ൧. പല്ലവി.]

അതിതൂർണ്ണമെഴുന്നരുളി
ഋതുപർണ്ണനൃപൻ.

[അനുപല്ലവി.]

മധുരനേർവാണിപാണിഗ്രഹണകുതുകാവേശാൽ

[ശ്ലോകം ൧.] കലിബാധ നീങ്ങിയ ഉടനെ നളൻ തന്റെ കാന്തയെ ഓർത്ത് മുമ്പിലത്തേതിലും വേഗത്തിൽ രഥത്തെ കൊണ്ടുപോകുമ്പോൾ (നിലിമ്പരും) ദേവന്മാരും കൂടി (ഏഴി) ഏററവും വിസ്മയത്തെ മനസ്സിൽ വർദ്ധിപ്പിച്ചു. ബാഹുകനായിരിക്കുന്ന ഋതുപർണ്ണസൂതൻ=ഋതുപർണ്ണസാരഥിയായ ബാഹുകൻ വിലംബിതഗതിയായിട്ട=മന്ദഗതിയായിട്ട ബഭൂവ=ഭവിച്ചു. സൂക്ഷ്മം അനന്തരപദ്യത്തിൽ എത്തും മുമ്പുതന്നെ ഋതുപർണ്ണന്റെ രഥം കുണ്ഡിനത്തിൽ ചെന്നു ചേർന്നതിനാൽ സൂതന്റെ ഗതിമാന്ദ്യം കല്പിക്കപ്പെട്ടിരിക്കുന്നു. ഋതുപർണ്ണനാകുന്ന സൂതനോടുകൂടിയവൻ ഋതുപർണ്ണസൂതൻ എന്നു ബഹുവ്രീഹി.

(പൃഥ്വീവൃത്തം) 'ജസൗ ജസയലങ്ങളും ഗുരുവുമൊത്തിനാൽ പൃഥ്വിയാം' എന്നു ലക്ഷണം.

[പ. ൧. പല്ലവി.] സാധാരണയായിൽ കവിവാക്യമായ കഥാകഥനത്തിൽ ശ്ലോകവും പാത്രങ്ങളുടെ വാക്യമായ സംഭാഷണങ്ങൾക്കു പദവുമാണു് ഉപയോഗിക്കുന്ന പതിവു്. എന്നാൽ ഈ പദം കവിവാക്യവും കഥാകഥനരൂപവുമാകുന്നു.

പുളകിതനൃപൻ. ... ... അതി;

[പദം. ൫. ചരണം. ൫.]

മണിഭൂഷണമണിഞ്ഞു മെയ്യിൽ, മണിചിലയുമമ്പും കൈയിൽ;
മനമനംഗശരത്തീയിൽ മറുകിയാധിയിൽ.
വനിതമാരണിമാണിക്യപരിണയമനോരാജ്യം
അനവധി അനുഭവിച്ചു അകമേ താനാനന്ദിച്ചു. ... അതി

[ച. ൬.]

ദർപ്പിതവിരോധികാലൻ, ദർപ്പകവിലുപ്തശീലൻ,
ദർപ്പണദർശനലോലൻ, ദർപ്പകോജ്ജ്വലൻ,
ദർപ്പാരിലും പുകൾകൊണ്ട കൊപ്പേൽമിഴി തൻ വിരഹാൽ
കല്പമെന്നു കല്പിച്ചു നല്പമപി കാലലവം.... ... അതി;

[ച. ൩.]

വാൎഷ്ണേയൻ പറഞ്ഞുകേട്ടു, വഴികഴിഞ്ഞവാററിഞ്ഞു,

[അനുപല്ലവി.] പുളകിതനൃപൻ=രോമാഞ്ചിതശരീരൻ.

[പ. ൫. ച. ൫.] നളമഹാരാജൻ ദേഹത്തിൽ രത്നാഭരണങ്ങളും, കൈയിൽ രത്നമയമായ (ചിലയും) വില്ലും അമ്പുംഅണിഞ്ഞു. മനസ്സ് കാമശരമാകുന്ന തീയിലും ആധിയിലും കിടന്നു പൊരിഞ്ഞു. മറുകുക=പൊരിയുക. എന്നാൽ ഭൈമീവിവാഹമനോരാജ്യങ്ങളെക്കൊണ്ടു ആനന്ദിക്കയുംചെയ്തു.

[ച. ൬.]—

ദർപ്പിതവിരോധികാലൻ= ഗർവ്വിഷ്ഠന്മാരായ ശത്രുക്കൾക്കു അന്തകൻ

ദർപ്പകവിലുപ്തശീലൻ = കാമൻ നിമിത്തം ലോപിച്ചിരിക്കുന്ന സ്വഭാവത്തോടുകൂടിയവൻ

ദർപ്പണദർശനലോലൻ = കണ്ണാടി നോക്കുന്നതിൽ ആഗ്രഹമുള്ളവനായി (ദമയന്തിക്കു താൻ ചേരുമോ എന്നറിവാനായി എപ്പോഴും കണ്ണാടി നോക്കിക്കൊണ്ടിരിക്കുന്നവനെന്നു താല്പര്യം.)

ദർപ്പകോജ്ജ്വലൻ = കാമദേവനെപ്പോലെ സുന്ദരനായ നളമഹാരാജൻ മൂന്നുലകിലും കീർത്തികേട്ട സുന്ദരിയായ ഭൈമിയുടെ സഹവാസമില്ലായ്കയാൽ സ്വല്പമായ കാലത്തെയും കല്പകാലം പോലെ ദീർഘമായി വിചാരിച്ചു. കൊപ്പേൽമിഴി=കൊപ്പ് കർണ്ണഭൂഷണം അതിൽ ഏറുന്ന ചെല്ലുന്ന മിഴിയോടുകൂടിയവൾ ആയതാക്ഷി സുന്ദരി എന്നർത്ഥം.

[ച. ൩.] വഴികഴിഞ്ഞ സംഗതി വാൎഷ്ണേയൻ പറഞ്ഞുകേട്ടറിഞ്ഞു, ഭൈമിയിൽ

കോപ്പുമാതപവും കണ്ടു കൗതുകാകുലൻ,
ബാഹുകനെ ബഹുമാനിച്ചു, വാഹനരഥത്തിലൂടെ
ബാഹുബലജലരാശി വടിവെഴുന്ന കുണ്ഡിനത്തിൽ എത്തി.

കല്യാണി—ചെമ്പട.

[ശ്ലോ. ൧.]

ഉപഗമ്യ സ കുണ്ഡിനം പുരം ത-
ന്നൃപസഞ്ചാരവിഹീനമേവ പശ്യൻ !
അതികഷ്ടമനാ ജഗാമ ചിന്താം-

പൂട്ട കറഞ്ഞതു കണ്ടു് (ഭനരം സന്ധ്യയാവാൻ ഭാവിക്കുന്നതോടുകൂടി എന്നുള്ള കിനാൽ) അധികം കൗതുകത്തോടുകൂടെ ബാഹുകനെ (ഇത്രയും വേഗത്തിൽ എത്തിച്ച വകയ്ക്കു) ബഹുമാനിച്ചിട്ടു് രഥത്തിലൂടെ തന്നെ താഴെ കാണുന്ന കുണ്ഡിനപുരത്തിൽ 'അതിഭിന്നമെയ്യൊരഭി ഋതുപർണ്ണഭൂപൻ' എന്നു് പല്ലവിയോടു ചേർന്നു അന്വയം. ബാഹുബലജലരാശി—ബാഹുബലത്തിന്നു ഇരിപ്പിടം എന്നു് ഋതുപർണ്ണവിശേഷണം.

[ശ്ലോ. ൨.]

അഥ	(അവ്യയം)	അനന്തരം
സഃ	(ദ. പു. പ്ര. ഏ.)	ആ
ഋതുപർണ്ണഃ	(അ. പു. പ്ര. ഏ.)	ഋതുപർണ്ണമഹാരാജാവു്
കുണ്ഡിനം	(അ. ന. ദ്വി. ഏ.)	കുണ്ഡിനമാകുന്ന
പുരം	(അ. ന. ദ്വി. ഏ.)	പുരത്തെ
ഉപഗമ്യ	(ല്യബന്തമവ്യയം)	പ്രാപിച്ചിട്ടു്
തൽ	(ദ. ന. ദ്വി. ഏ.)	അതിനെ (ആ കുണ്ഡിനപുരത്തെ)
നൃപസഞ്ചാരവിഹീനം	(അ. ന. ദ്വി. ഏ.)	രാജാക്കന്മാരുടെ സഞ്ചാരത്തോടു
ഏവ	(അവ്യയം)	കൂടാത്തതായിട്ടു തന്നെ
പശ്യൻ	(ത. പു. പ്ര. ഏ.)	പശ്യനായിട്ടു കണ്ടവനായിട്ടു് താൻ ആലോചിച്ചിരുന്നതുപോലെ അവിടെ രാജാക്കന്മാരാരും വന്നിട്ടില്ലെന്നറിഞ്ഞു്
അതികഷ്ടമനാഃ	(സ. പു. പ്ര. ഏ.)	അതികഷ്ടമനസ്സായിട്ടു=ഏറ്റവും കഷ്ടത്തോടുകൂടെ
വിഷണ്ണതാവിവർണ്ണഃ	(അ. പു. പ്ര. ഏ.)	വിഷാദംകൊണ്ടു മുഖത്തിന്റെ നിറം പകർന്നു്
ചിന്താം	(ആ. സ്ത്രീ. ദ്വി. ഏ.)	ചിന്തയെ വിചാരത്തെ
ജഗാമ	(ലിട് പ. പ്ര. പു. ഏ.)	പ്രാപിച്ചു.

മുഖപങ്കജേന്നാഥ വിഷണ്ണതാവിവൎണ്ണേ ॥

[പ. ര. പല്ലവി.]

ഉൎവീസുരചാപലം പെരികേ പാരിൽ
സൎവവിദിതം കേവലം.

[അനുപല്ലവി.]

നിൎവിചാരം പുറപ്പെട്ടു നിജപുരാൽ
അതിഹാസപദമാസമിതിഹാസകഥയിലും. ഉൎവീ.

[പ. ര. ച. ൧]

അബോധമാരിനാൻ വരുന്നോരാരെന്നു വ-
ന്നിട്ടത്താനെന്നോടന്നേരം മാരനും,
തൊട്ടുതാനമ്പുകളരിരാരുണനാം, വേർ-
പെട്ടുതാനെന്നെയിവണ്ണം ക്രൂരനകാരണം……… ഉൎവീ.

[പ. ര.]

മഥനം ചെയ്യുതിനന്യധൈൎയ്യവും മ-
ന്മഥനാൽ പട്ടതും ശേഷ്ടവും.

(വസന്തമാലികാവൃത്തം) വിഷമേ സസജം ഗഗം, സമത്തിൽ സഭരേഫം യ വസന്തമാലികയ്ക്കു എന്നു ലക്ഷണം.

[പ. ര. പല്ലവി.] ബ്രാഹ്മണരുടെ ചാപലം വലുതുതന്നെ. ഇഹലോകത്തിൽ എല്ലാവൎക്കും അറിയാവുന്നതും തന്നെ. കേവലം=തന്നെ.

[അനു.] ഞാൻ ഈ ബ്രാഹ്മണന്റെ വാക്കു കേട്ടു ആലോചനകൂടാതെ എന്റെ നഗരത്തിൽനിന്നു പുറപ്പെട്ടു പുരാണകഥയിലുംകൂടി ഏററവും പരിഹാസത്തിനു പാത്രമായിത്തീൎന്നു. [അനുസം (ലങ്_ പ. ൭. ഏ) ഭവിച്ചേൻ] ശിശുപാലനെയും മററും കാറിപ്പറയുംപോലെ മേലാൽ ജനങ്ങൾ തന്നെയും സ്ത്രീചാപല്യവിഷയത്തിൽ ഉദാഹരണമാക്കി സംസാരിക്കും എന്നു ഋതുപൎണ്ണൻ പശ്ചാത്തപിക്കുന്നു.

[പ. ര. ച. ൧.] ബ്രാഹ്മണൻ അസംബന്ധം പറഞ്ഞു. അപ്പോൾ കാമനും എന്നെ ബാധിച്ചു, അവൻ നിൎദ്ദയമായി എന്റെ നേരെ ശരങ്ങൾ പ്രയോഗിച്ചു, അങ്ങിനെ വൈരികളെ എന്നെ നാട്ടിൽനിന്നു ഇളക്കിപ്പുറപ്പെടുവിച്ചു.

[പ. ര.] മററുള്ളവരുടെ ധൈൎയ്യത്തെ ഇളക്കുവാൻ മന്മഥനു സാമൎത്ഥ്യവും ശക്തിയുമുണ്ടല്ലോ. മഥ=മഥനം=ഇളക്കുക എന്നതിൽ എനിക്കു ഇളക്കവും നല്ലതു തന്നെ. ഈ അപേക്ഷം സംഭവിച്ചതിനു സമാധാനമുണ്ടാക്കാം

അഥ നല്ലതനിക്കെന്തു കാൎയ്യം; അ-
കഥനമെന്നാൎച്ചേൻ ഗാംഭീൎയ്യവും വീൎയ്യവും... ...... ഇതി.

[ച. ന.]
വിധിവിധുവിധുമൗല്യപാരിതാ മ-
ഭിധ പാഴായ്വരാ മാരതുല്യരതാ.
വിധുരത എനിക്കെന്നാൽ ദുരിതാ; ഈ
വിരഹവിഷയമെന്നാലെനിക്കെന്തു ദുരതാ? .... ഇതി.

പുന്നാഗവരാളി—ചെമ്പട.

[ശ്ലോ. ൯.]
അഥ ദമയന്തി താനചിരമേവ സുരവേശ്മപോൽ
ദ്രുതമുപഗമ്യ നിന്നു വരമെന്നുപകർണ്ണ്യ മുദാ
അനന്തരചിന്തയാസ്സ മണിസൗധതലേ വിമലേ
രഥഹയഘോഷ കേട്ടതിതരാമുദവാച സഖീം.

ഉണ്ടെന്നും. ഗാംഭീൎയ്യവും വീൎയ്യവും (ആകൃതവും) തനിക്ക പാറിയ് അവയെ തന്നെ വെളിപ്പെടുത്താമായിരിക്കയാണെന്നു ഞാൻ നിശ്ചയിച്ചു. വേളികൊണ്ട് ഭവാനെ ഞാൻ [illegible] ഇവിടെ വെളിവായിരിക്കയാണ് പറഞ്ഞു.

[ച. ന.] വിധി=ബ്രഹ്മാവ്. വിധു=വിഷ്ണു. വിധുമൗലി=ശിവൻ ഇവരാൽ കൂടി കൽപ്പിക്കപ്പെട്ടതായ മന്ത്രങ്ങൾക്കും മദഭിധ=എന്നെപ്പോലെയുള്ളവരിൽ പാഴായിവരാ=വ്യൎത്ഥമായി വരികയില്ലാ. എന്നാൽ=ഈ വിധം സമാധാനപ്പെടുന്ന പക്ഷം എനിക്ക വിധുരത=വ്യാകലത ദുരിതാ=ദുരന്തമാകയില്ല. ഈ വിരഹദുഃഖത്തിൽ എനിക്ക ഒരു ദുഃഖവും വിചാരിക്കേണ്ടതില്ലല്ലോ. ബ്രഹ്മാവു എന്റെ സഖിയാകയാൽ ഈ കാൎയ്യം എനിക്ക സ്വന്തം പോലെയെ ഉള്ളല്ലോ.

[ശ്ലോ. ൯.] അഥ=അനന്തരം ദമയന്തി സുരവേശ്മത്തിൽനിന്ന ഉടൻ പെട്ടെന്ന വേഗത്തിൽ പത്തന് (അചിരമേവ) അചിരമാകുംവണ്ണം തന്നെ, ഒരു സംഗതിയും വിശേഷമായി (ഉപകൎണ്യ) കേട്ടിട്ട് സന്തോഷത്തോടുകൂടി (വിമലേ) നിൎമ്മലമായ മണിസൗധതലത്തിൽ, മാളികയിൽ (സവിതൎക്കി [illegible]) ഒരു ചിന്ത കൂടാതെ (അസ്സ) [illegible]. അനന്തരം (ഹയഘോഷ) കുതിരയുടെ ശബ്ദം കേട്ട സന്തോഷത്തോടുകൂടി സഖിയോടു പറഞ്ഞു.

(നൎക്കുടകം വൃത്തം) 'നജ ഭജജാൽ ജലി [illegible] നൎക്കുടകം' എന്നലക്ഷണം.

[പദം. ൩. പല്ലവി]
തീൎന്നു സന്ദേഹമെല്ലാം എൻതോഴിമാരേ!
തീൎന്നു സന്ദേഹമെല്ലാം.
[പ. ൩. ച. ൧]
തീൎന്നു വിഷാദമിദാനീം, ഇന്നു തെളിഞ്ഞിതെന്നിലിന്ദ്രാണീ;
ചേൎന്നു പുണ്യൌഘനാം ക്ഷോണീദേവവാണീ;
നേൎന്ന നേൎച്ചകളും മമ സഫലാനി. ... ... തീൎന്നു
[ച. ൨.]
ഭൂതലനാഥനെൻ നാഥൻ വന്നു കോസലനാഥനു സൂതൻ;
മാതലി താനും പരിഭൂതനായിതെന്നു;
മോദലാഭം ബഹുതരമനുകൂലം. ... ... തീൎന്നു
[ച. ൩.]
നാദമസാരം കേൾക്കായി—രഥകേതുവിതല്ലോ കാണായി—
ചാരേ വന്ന തേരിലാരു പുനരിവർ—
വൈരസേനിയില്ല നീരസമായി. ... ... തീൎന്നു
[പ. ൩. ച. ൪.]
മാരുതമാനസവേഗം കണ്ടു തേരിന്നു; ഇന്നനുകൂലം

[പ. ൩. ച. ൧.] തെളിഞ്ഞിതെന്നിലിന്ദ്രാണീ=ഇന്ദ്രാണിയുടെ പ്രസാദങ്ങൾ എന്റെമേൽ ഉണ്ടാകുമെന്നു പ്രതീതി. നേൎന്ന നേൎച്ചകൾ=പ്രാൎത്ഥിച്ചിട്ടുള്ള വഴിപാടുകൾ. സഫലാനി=സഫലങ്ങളായി, ഫലിച്ചു.

[ച. ൨.] ഇപ്പോൾ ഋതുപൎണ്ണന്റെ സൂതനായിട്ടത്രേ എന്റെ ഭൎത്താവായ രാജാവു വന്നു. ഇന്നു മാതലിയും പരിഭൂതനായി. മാതലിയേക്കാൾ വേഗത്തിൽ എന്റെ ഭൎത്താവു തേരോടിച്ചു വന്നു എന്നൎത്ഥം. ഇതുകൊണ്ടു എനിക്കു വളരെ സന്തോഷമായി.

[ച. ൩.] ഈ ചരണം രഥശബ്ദത്തിനെ നോക്കിക്കൊണ്ടു പറയുന്ന ഭാവത്തിലാകുന്നു.
അപ്പോൾ ഇതാ (അസാരം) സ്വല്പം ശബ്ദം കേൾക്കുന്നു. ഉടൻ തന്നെ തേരിന്റെ കൊടിമരം കാണാറാകുന്നു. കണ്ടു! അപ്പോൾ തന്നെ അടുത്തു വന്ന തേരിൽ ഇരുന്ന പേരുകൾ ആരെല്ലാം? അതിൽ നളനില്ല! നീരസമായി, കാൎയ്യം മോശമായി: 'തീൎന്നു സന്ദേഹം' എന്ന പല്ലവി സന്തോഷത്തിനും വ്യസനത്തിനും ചേരുന്നതാണെന്നു ഓൎക്കുക.

[പ. ൩. ച. ൪.] എന്നാൽ, തേരിനു വായുവേഗവും മനോവേഗവും പോലെ ഉള്ള വേഗം കണ്ടു. അനുമിക്കുന്നു ഇതിൽ (വീരസേനസുതൻ) നളൻ സാരഥി

വീരസേനസുതസാരഥിയുണ്ടിഹ.

യായിട്ടുണ്ടായിരിക്കണം. നളചാരിതക്കാരനായ നായികയ്ക്കു ഇത്ര വേഗത്തിൽ തേരോടിക്കാൻ കഴിയാതിരുന്നാൽ ഈ കൂട്ടത്തിൽ നളൻ കാണണം എന്നർത്ഥം. അതുകൊണ്ട് എന്റെ യത്നമെല്ലാം സഫലവുമായി. എന്നു ദമയന്തി സമാധാനപ്പെടുന്നു. തൽക്ഷണം രഥഘോഷം കേട്ട ദമയന്തി സന്തോഷിക്കുന്നു, പിന്നീട് രഥം വന്നു നിന്നപ്പോഴാകട്ടെ 'വൈരസേനിയില്ല നിരാശമായി' എന്നു വ്യസനിക്കുന്നു. പിന്നെയും 'രാജമാനസവേഗം' അന്യന്മാർ സിദ്ധിക്കയില്ലയാൽ നളൻ അടുക്കലുണ്ടായിരിക്കണമെന്നു പ്രത്യക്ഷത്തിനു വിരുദ്ധമായിട്ടും അനുമാനത്തിനു പ്രാമാണ്യം കല്പിക്കുന്നു.

ഈ അർത്ഥം ശബ്ദശാസ്ത്രയോജനകൾക്കൊണ്ടാണെങ്കിലും പ്രത്യക്ഷത്തെക്കാൾ അനുമാനത്തിനു പ്രാമാണ്യം കല്പിക്കുന്നതിലുള്ള അസംഗത്യമോ, 'ഭീമജയാകിലാകുലമനാ . . . .' എന്നു മേൽ പറയാൻ പോകുന്ന ശ്ലോകത്തിന്റെയും അതുത്തര പദത്തിന്റെയും സ്വാരസ്യവും ഒരു ഉൽക്കണ്ഠിതയായ വിരഹിണിക്ക് അക്കാലമുണ്ടാകാവുന്ന മനോഗതിയുടെ സ്വഭാവവും മറ്റും ആലോചിക്കുമ്പോൾ ഈ ഘട്ടത്തെ വേറെ ഒരു വിധം വ്യാഖ്യാനിക്കേണ്ടതായി തോന്നുന്നു. ആ വ്യാഖ്യാനത്തിൽ മൂലത്തിലെ ചിഹ്നങ്ങൾക്കു ഭേദമുള്ളതിനാൽ അതനുസരിച്ച് മൂലം പകർത്തുന്നു—

മാനസമാനസവേഗം കണ്ടതിനു് ഇന്നതുമൂലം?—
വീരസേനസുതസാരഥിയുണ്ടിഹ—
ശ്രീയുതമഖിലം മമ സഫലം?

വൈരസേനിയില്ലെങ്കിൽ തേരിനു മാനസമാനസവേഗം കണ്ടതു എന്തുകൊണ്ടാണു്? ഈ ശങ്കയെ തുടർന്നു തേരിലുണ്ടായിരുന്ന മൂവരെ സൂക്ഷിച്ചു നോക്കുന്നു. അപ്പോൾ നളന്റെ സൂതനായിരുന്നവരും എന്റെ പുത്രന്മാരെ കുണ്ഡിനത്തിൽ കൊണ്ടാക്കുന്നതിനു അയച്ചിരുന്നവനുമായ വാർഷ്ണേയനെ കണ്ടറിഞ്ഞു— 'വീരസേനസുതസാരഥിയുണ്ടിഹ' നളന്റെ സൂതനായ വാർഷ്ണേയൻ ഇവിടുണ്ടു്. രഥത്തിൽ കണ്ട മൂവരിൽ ഒരാൾ പ്രാധാന്യം കൊണ്ടു ഋതുപർണ്ണനെന്നും വേറെ ഒരാൾ പരിചയംകൊണ്ടു വാർഷ്ണേയനെന്നും തീർച്ചപ്പെട്ടതിന്മേൽ മൂന്നാമൻ വൈരൂപ്യംകൊണ്ടു നളനല്ലെന്നു കാണുന്നു, എന്നാൽ നളനല്ലാതെ ഈ വിധം രഥമോടിക്കാൻ സാധിക്കയില്ലാത്തതിനാൽ അവർതന്നെ വേഷപ്രച്ഛന്നനായിരിക്കുമോ? അല്ലെങ്കിൽ നളൻ തന്റെ സൂതനായിരുന്ന വാർഷ്ണേയനേയും അശ്വഹൃദയവിദ്യ അഭ്യസിപ്പിച്ചിരുന്നു എന്നുവരാമല്ലോ, ഇത്യാദിയായി പലവിധ സന്ദേഹങ്ങൾ നിലനിന്നു പോകുന്നു. ഒരു തീരുമാനവും കാണായ്കയാൽ അവൾ ചോദിക്കുന്നു— 'ശ്രീയുതമഖിലം മമ സഫലം' ഞാൻ സുദേവനേയും പർണ്ണാദനേയും മറ്റും അയച്ചു ചെയ്ത ശ്രമമെല്ലാം ഫലിച്ചു എന്നു വിചാരിക്കേണ്ടതുണ്ടോ? ഈ അർത്ഥത്തിൽ 'വീരസേനസുതസാരഥി' എന്ന സമാസത്തിനു വിഗ്രഹ

ശ്രൂയതാമഖിലം മമ സഫലം ... ... തീൎന്നു.

[ശങ്കരാഭരണം—ചെമ്പട.]

[ശ്ലോ. ൮.]

സായാഹ്നേ സൗ പുരമുപഗതോ മണ്ഡിതഃ കുണ്ഡിനാഖ്യം
ജ്ഞാത്വാ ഭൈമീപരിണയകഥാം ഹന്ത മിഥ്യേതി ധീമാൻ ।

നസുതന്റെ സാരഥി എന്നു് സാധാരണമായ ഷഷ്ഠീതൽപുരുഷനാകയാൽ മൂന്നാംദിവസത്തിലെ വീരസേനസുതനാകുന്ന സാരഥി എന്ന രൂപകസമാസത്തെക്കാൾ ഇതു് യോജിക്കുന്നു എന്നും കാണുക.

വാൎഷ്ണേയൻ എന്നു പറയുന്നവൻ പണ്ടു നളന്റെ സൂതനായിരുന്നു. ചൂതിൽ തോററു് കാട്ടിലേക്കു പോകുമ്പോൾ ഇവരുടെ പുത്രന്മാരെ ഭീമരാജാവിനെ ഏല്പിക്കാൻ അയച്ചിരുന്നു.

'മിത്ഥ്യാ വാൎഷ്ണേയനിഹ സുതമിതനായാ' എന്നു രണ്ടാംദിവസകഥയിൽ പറഞ്ഞിരിക്കുന്നതു നോക്കുക. ഇവൻ ഈ ജോലി കഴിച്ചിട്ടു ഋതുപൎണ്ണന്റെ സൂതനായി താമസിച്ചു.

'പ്രാഗപരിചയമേറെ വന്നിട്ടും' എന്നു മൂന്നാംദിവസത്തെ കഥയിൽ ൧൦-ാം പദത്തിൽ സൂചനമാത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. എന്നാൽ ഋതുപൎണ്ണ രാജധാനിയിൽ താമസിച്ചിരുന്നപ്പോൾ സംഭാഷണമായല്ലാതെ അവിടെ വാൎഷ്ണേയനുമായി ബാഹുകന്റെ സംഭാഷണം പറഞ്ഞു കാണുന്നില്ല.

'അന്യനെന്നു പോയി അവനെ അറിയും ചിലരിവിടെ' എന്നു കേശിനിയുടെ വാക്കായി ഉപരി പ്രസ്താവിക്കുന്നുമുണ്ടു്.

[ശ്ലോകം ൮.]

മണ്ഡിതഃ	(അ. പു. പ്ര. ഏ.)	സൎവ്വാഭരണഭൂഷിതനായി
ധീമാൻ	(ത. പു. പ്ര. ഏ.)	ബുദ്ധിമാനായി
സായാഹ്നേ	(അ. പു. സ. ഏ.)	സായാഹ്നത്തിൽ (വൈകുന്നേരം)
കുണ്ഡിനാഖ്യം	(അ. ന. ദ്വി. ഏ.)	കുണ്ഡിനപുരത്തെ
പുരം	(അ. ന. ദ്വി. ഏ.)	
ഉപഗതഃ	(അ. പു. പ്ര. ഏ.)	വന്നുപ്രാപിച്ചിരിക്കുന്ന
അസൌ	(സ. പു. പ്ര. ഏ.)	ഈ ഋതുപൎണ്ണൻ
ഋതുപൎണ്ണഃ	(ന. പു. പ്ര. ഏ.)	
ഭൈമീപരിണയകഥാം	(ആ. സ്ത്രീ. ദ്വി. ഏ.)	ദമയന്തീവിവാഹവൎത്തമാനത്തെ
മിഥ്യാ	(അവ്യയം)	വ്യാജമെന്നറിഞ്ഞിട്ടു്
ഇതി	(അവ്യയം)	
ജ്ഞാത്വാ	(ക്ത്വാന്താവ്യയം)	
[illegible]	(അ. പു. ഭൂ. ബ.)	[illegible]
[illegible]	(ഇ. പു. ദ്വി. ഏ.)	[illegible] തന്റെ വരവോടുകൂടിയവനായിരിക്കുന്ന

പൌരൈരാവേദിതനിജഗതിം ദീനമഭ്യേത്യ പണ്ണ-
ന്നുസൽക്കാരപ്രഭൃതികമനാസ്സംകഥാം തേന തേനേ ॥

[പ. ര്. പല്ലവി ദീമൻ.]

കിമു തവ കുശലം? മനകുലനായക!

… കിന്നു മയാ കരണീയം?

[പ. ര്. ച. പ. ദീമൻ.]

പരിജനമില്ലാതും പരിഷ്ക്കരമൊന്നുമില്ല,

പാർത്ഥിവേന്ദ്ര! പറയണം

പരിചൊടു നിൻവരവു കാരണംകൂടാതെയല്ല,

പരമൊന്നുണ്ടുള്ളിൽ, പ്രണയം കരുതീടുന്നു.… കിമു തവ.

[പ. ര്. ച. ദ.]

ഇതു കരുതുന്നേരം കൗതുകമെനിക്കു പാരം

എന്തെന്നല്ലീ പറയാമേ—

പൂർവ്വം പരിജനവുമിതു തന്നെ നിനക്കെന്നു

പരമാർത്ഥം ബോധിച്ചല്ലോ പരിചൊടു വന്നു ഭവാൻ. കിമു.

ദീനം	(ന. പു. ദ്വി. ഏ.)	ദീനനെ
ഉപേത്യ	(അവ്യയം)	പ്രാപിച്ചിട്ട്
അസൽക്കാരപ്രഭൃതികമനാഃ	(സ. പു. പ്ര. ഏ.)	അവരുടെ സൽക്കാരങ്ങൾ സന്തോഷിച്ചിട്ട്
തേന	(ത. പു. തൃ. ഏ.)	അവനോടുകൂടെ
സംകഥാം	(ആ. സ്ത്രീ. ദ്വി. ഏ.)	സംഭാഷണത്തെ
തേനേ	(കർമ്മണിലിട്. ആ. പ്ര. ഏ.)	ചെയ്തു.

(മന്ദാക്രാന്താവൃത്തം) മന്ദാക്രാന്താ ജലധിഷഡഗൈർമ്ഭ്നൌ തതൌ ഗുരൂ ചേൽ എന്നു ലക്ഷണം.

[പ. ര്. പല്ല.] ഹേ മനുകുലനായക! തവ കുശലം കിമു?= അല്ലയോ മനുവംശനാഥ നിനക്കു കുശലം തന്നെയോ? മയാ കിന്നു കരണീയം= ഞാൻ എന്തു ചെയ്യപ്പെടണം.

[പ. ര്. ച. പ.] അങ്ങേയ്ക്കു പരിജനങ്ങളും പരിവാരങ്ങളും ഒന്നുമില്ല. ഇങ്ങനെയുള്ള നിന്റെ വരവു അകാരണമായിരിക്കയില്ല. എന്തോ ഒരു കാരണം അങ്ങേ ഉള്ളിലുണ്ട്. അതിനെ നാം തമ്മിലുള്ള സ്നേഹം പ്രമാണിച്ചു എന്നോടു പറയണം. 'പാർത്ഥിവേന്ദ്ര പറയണം പ്രണയം കരുതീട്ട്' എന്നു എന്നന്വയം.

[ച. ന.]

സുകൃതി ഞാനെന്നു സംശയമേതുമില്ലാ;
സൗഖ്യമായി ഹൃദയേ മേ.
സുകൃതമില്ലാതവൎക്ക സുചിരം പ്രയത്നംകൊണ്ടു്
സുജനസംഗമുണ്ടോ സുലഭമായിവരുന്നൂ? ... ... ഭീമ.

ആനന്ദഭൈരവി—ചെമ്പട.

[പ. ൩. പല്ലവി. ഋതുപൎണ്ണൻ]

ഭീമനരേന്ദ്ര! മേ കുശലം; പ്രീതിയോടെ കേൾക്ക ഗിരം.

[പ. ൩. ച. ൧]

പല നാളായി ഞാനോൎക്കുന്നു തവ പുരേ വന്നീടുവാൻ,
ഭാഗ്യമതിന്നായി സംഗതിവന്നു; മറ്റൊരുകാൎയ്യമേതുമില്ല. ... ഭീമ.

[ച. ൨.]

തവ ഗുണങ്ങളോൎക്കുമ്പോൾ അവധിയുണ്ടോ ചൊല്ലുവാൻ?
ഭവാദൃശന്മാരെ കാണ്മതില്ലേ സുകൃതസാദ്ധ്യം? മറ്റേതുമില്ല.
... ... ഭീമ.

[ച. ൩.]

പരിചയവും വേണ്ടുവോളം പെരികെയില്ലേ നാം തമ്മിൽ?
പാരാലർകാല! ഭാഗ്യലഭ്യം പാരിൽ ഭവാദൃശസംഗമമല്ലോ... ഭീമ.

കല്യാണി—ചെമ്പട.

[ശ്ലോ. ൭.]

താമരബന്ധുവംശമുടയോരവനിപതിലകൻ
ഭീമനരേന്ദ്രനോടുമൊരുമിച്ചിരുന്ന കതിചിൽ!
ഭീമജയാകിലാകുലമനാ രമണനെയറിയാ-

[പ. ൪. ച. ൧.] ഭവാന്റെ വരവുകൊണ്ടു ഞാൻ പുണ്യവാനാണെന്നു എനിക്കിപ്പോൾ സംശയമില്ല. പുണ്യമില്ലാത്തവൎക്കു അങ്ങേപ്പോലെയുള്ള മഹാന്മാരുടെ സംസൎഗ്ഗം എത്ര ശ്രമിച്ചാലും കിട്ടുന്നതല്ലല്ലോ.

[പ. ൩. ച. ൩.] പാരാലർകാല= ശത്രുക്കൾക്കു അന്തകനായുള്ളോവേ.

[ശ്ലോ. ൭.] സൂൎയ്യവംശതിലകനായ ഋതുപൎണ്ണൻ ഭീമരാജാവോടൊന്നിച്ചു ഒരിടത്തു രമിച്ചു. (ഭീമജയാകിൽ) ദമയന്തിയാകട്ടെ ആകുലമനസ്സായിട്ടു കാന്തനെ അറിയാഞ്ഞിട്ടു (ആമയമിത്യൂൎമ്മിണാ) ദുഃഖാധിക്യമാകുന്ന ധൂമംകൊണ്ടു വാടിയവളായിട്ടു സഖിയെ വിളിച്ചു. വംശപത്രപതിതം വൃത്തം.

ജാതാമയശ്രമധൂമമലിനാ സഖിയെ നിരീക്ഷ്യ ॥

[പ. നു. പല്ലവി.]

സ്വല്പപുണ്യയായേ ഞാനോ തോഴിയെൻ മൊഴികേൾക്ക നീ.

[അനുപല്ലവി.]

സുപ്രസന്നവദനാം രമണം കാണുമെന്നു കാമകോടിസുഷമം.

... ... സ്വല്പ.

[ച. ൧.]

വിരഹമോ കഠോരം, കടലിതു വിതഗാധപാരം
വിധുരവിധുരമിതിൽ വീണുഴന്നു
വിഷമമെന്നോർത്തു വേദനപാരം
വിരവിനോടെന്നാൽ നീയതിനെല്ലാം
വിശ്വപുമാനെക്കാണുമാറായി വേലചെയ്യണം. ... ... സ്വല്പ.

[പ. നു. ച. ൨.]

വിശ്രുതരൂപമതൃതുപർണ്ണഭൂമിപാലസൂതം
വിദിതനിഷധപതിവീരനെന്നു

'പതിവ്രതാ [illegible]' എന്നു ലക്ഷണം.

[പ. നു. ച. ൧.] വിരഹമെന്നതു അതികഠിനമാകുന്നു. ഇതൊരു അഗാധവും അപാരവുമായ കടലാകുന്നു. ഇതിൽ ഏറ്റവും വിഹ്വലതയോടെ വീണു് അധികമായുള്ള വേദന വിഷമമെന്നു് തീർച്ചയാക്കി. എന്നാൽ നീ (അതിനെല്ലാം വേണ്ടി) എന്റെ ഈ അപേക്ഷയെ സാധിക്കാൻവേണ്ടി വിശ്രുതനായ പുരുഷനായ ആ ബാഹുകനോടൊന്നു കാണ്മാൻ ശ്രമിക്കണം. 'വിരവിനോടെന്നാൽ നീയതിനെല്ലാം' എന്നാണു് പുസ്തകങ്ങളിലെല്ലാം പാഠം കാണുന്നതു്. അതു ഒരു വിധത്തിലും അന്വയിക്കുന്നില്ല. അതുകൊണ്ടിവിടെ എന്തോ ലേഖകപ്രമാദം വന്നിരിക്കണമെന്നു നിശ്ചയം തന്നെ. ആദ്യത്തെ ചരണത്തിൽ 'നീയതിനെല്ലാം' എന്നു ശരിയായി പ്രയോഗിച്ചിട്ടുണ്ടു്. അതും ഇതുംകൂടി ഓർമ്മിച്ചു് എഴുത്തുകാർക്കു പ്രമാദം വരാൻ ധാരാളം അവകാശവുമുണ്ടു്. വേറെ [illegible] പാഠം കണ്ടുകിട്ടുന്നതുവരെ ഉപയോഗിക്കാൻ വേണ്ടി 'നീയതിനെല്ലാം' എന്നൊരു പാഠാന്തരം ഇവിടെ കല്പിച്ചിട്ടേ ഉള്ളൂ.

[ച. ൨.] ഈ വിശ്രുതനായിരിക്കുന്ന ഋതുപർണ്ണസാരഥിയെ പ്രസിദ്ധനായ വീരനായ നളനെന്നു് പർണ്ണാദബ്രാഹ്മണൻ ഇവിടെ വന്നു പറഞ്ഞു. നീ ആ സംഗതിയെപ്പറ്റിയെല്ലാം അവനോടു ചെന്നന്വേഷിച്ചു അതിന്റെ വിവരം ഇവിടെ വന്നു പറയണം. 'വിദിതനിഷധപതിവീരൻ' എന്ന സമാസത്തിനു്

വിരവിൽ വന്നു ചൊല്ലി ഭൂസുരനേകൻ
തിരകവനൊടു പോയി നീയതെല്ലാം;
ധീരനാമവന്റെ മൊഴികേട്ടു വീണ്ടുവരേണം. ... സപല്ല്യ.

[ച. ന.]

അശനശയനപാനം കഥമവനതു-
മറിഞ്ഞിടേണം ഒളിവിൽ മരുവി പുനരോടിവന്നു സ-
കലമാശു മമ കേശിനി ചൊല്ലണം;
കല്യതമതനീ കാര്യമേതും;
ക്ലേശവിനാശനത്തിനു നൂനം കാലമേതൽ. ... സപല്ല്യ.

പന്തുവരാളി—ചെമ്പട.

[ശ്ലോ. ന.]

പ്രിയതമശ്നപ്രസിതയാ ബത ഭീമജയാ
നള ഇതി ബാഹുകേ ജനിതസംശയമാനസയാ

(ക) വിദിതനായ (അറിയപ്പെട്ടവനായ) നിഷധപതിവീരനോടുകൂടിയവൻ, നളനെ അറിയുന്നവൻ എന്നും, (ഖ) വിദിതൻ (പ്രസിദ്ധൻ) ആയ നിഷധപതിവീരൻ എന്നും വിഗ്രഹമാവാം. ആദ്യത്തേതിൽ ബാഹുകൻ നളനെ അറിയുമെന്ന മാത്രവും, രണ്ടാമത്തേതിൽ ബാഹുകൻ നളൻ തന്നെയാണെന്നും താത്പര്യം വരും. ദമയന്തി ഇതുവരെ ബാഹുകൻ നളനായിരിക്കുമെന്നു തനിക്കുതന്നെ നിശ്ചയമില്ലാത്തതിനാൽ, ഈ രണ്ടർത്ഥവും ഉണ്ടാകുന്ന വാക്യമായിരിക്കണം. 'പുണ്യശ്ലോകനായിട്ടുള്ള ബാഹുകനോ' എന്നു മേൽ സഖിയുടെ ഉത്തരത്തിലും ഈ സന്ദിഗ്ദ്ധാർത്ഥത കാണാവുന്നതാണു്.

[ച: ന.] നീ ഒളിച്ചിരുന്നു് അവന്റെ ഊണു് ഉറക്കം മുതലായവ എങ്ങനെയെന്നറിഞ്ഞു് എന്നോടു വന്നു് താമസിയാതെ പറയണം. ഇതു് എന്റെ ക്ലേശം നശിപ്പിക്കാനുള്ള ഒരു മാർഗ്ഗമാകുന്നു. കേശിനി എന്നതു് ആ സഖിയുടെ പേരാകുന്നു.

[ശ്ലോ. ന.]

പ്രിയതമശ്നപ്രസിതയാ	(ആ. സ്ത്രീ. തൃ. ഏ)	പ്രിയതമന്റെ അന്വേഷണത്തിന്നു അയയ്ക്കപ്പെട്ടവളായി
നളഃ	(അ. പു. പ്ര. ഏ)	നളൻ
ഇതി	(അവ്യയം)	എന്നു്
ബാഹുകേ	(അ. പു. സ. ഏ)	ബാഹുകങ്കൽ

ഇതി കില കേശിനീ നിഗദിതാ നളമേത്യ ജവാ-
ദുപഗതമനാപൃച്ഛത്ത കുശലാകുശലം കുശലാ ॥

[പ. ൧. പല്ലവി.]

ആരെടോ നീ നിന്റെ പേരെന്തു? ചൊല്ലേണം,
ആരുടെ തേരിതെടോ?

[അനുപല്ലവി.]

ദൂരദേശത്തു നിന്നു വന്നവരെന്നു തോന്നി;
നേരു താനേ ചൊല്ലുന്നാകിലുണ്ടൊരതിനാൽ ... ആരെ.

[പ. ൧. ച. ൧.]

നിഷ്ഠുരമപ്രിയം നിർബന്ധമിതെന്നോട,
ചൊല്ലുവാൻ മെയ്യുടെ കല്പനയാൽ.
ഇപ്പുരിയന്തികേ ഇപ്പുരം തന്നിലേ വ-
ന്നാട്ടുതര നിങ്ങളൊരൊന്നു പറയേണം. ... ആരെ.

[പ. വൃ പല്ലവി. ബാഹുകൻ]

ഇത്ഥമിതെപ്പോഴും നേരേ ശോഭനമാണി! ഭദ്രേ. ഇത്ഥംതേ.

[അനുപല്ലവി.]

കാര്യമെന്തെന്നതു ചൊല്ലുന്നാട്ടെ,
ചെയ്തിങ്ങു വിരവോടു വന്നതല്ലോ ഞങ്ങൾ. ... ഇത്ഥം.

ജനിതസംശയമാനസയാ (ആ. സ്ത്രീ. തൃ. ഏ) സംശയം തോന്നിയ മനസ്സോടുകൂടിയ
ഭീമജയാ (ആ. സ്ത്രീ. തൃ. ഏ) ഭീമജയാൽ
ഇതികില (അവ്യയം) ഇപ്രകാരം
നിഗദിതാ (ആ. സ്ത്രീ. പ്ര. ഏ) പറയപ്പെട്ടവളായി
കുശലാ (ആ. സ്ത്രീ. പ്ര. ഏ) സമർത്ഥയായിരിക്കുന്ന
കേശിനീ (ഈ. സ്ത്രീ. പ്ര. ഏ) കേശിനി
ഉപഗതം (അ. പു. ദ്വി. ഏ) അടുത്തിരിക്കുന്ന
നളം (അ. പു. ദ്വി. ഏ) നളനെ
ഏത്യ (ല്യബന്തമവ്യയം) പ്രാപിച്ചിട്ട്
കുശലാകുശലം (അ. ന. ദ്വി. ഏ) യോഗക്ഷേമത്തെ
അനാപൃച്ഛത്ത (ലങ്. ആ. പ്ര.പു. ഏ) ചോദിച്ചു.
(നർക്കുടം വൃത്തം) 'നജഭജജകേശിനാൽ യതി കൊല്ലുക നർക്കുടകം' എന്ന ലക്ഷണം.
[പ. വൃ. പല്ലവി] മാത്രയൊപ്പിച്ചിരുന്നു.

[പ. വ്യ. ചാ. ച.]

ഇവിടെ വന്നു ഞങ്ങളിന്നു ഋതുപർണ്ണനൃപസാരഥികൾ;
ഇരുവരിലഹം ബാഹുകൻ, എന്തുവേണ്ടു തവ? ചൊല്ലെന്നോടു;
... ... ഇത്യാദി.

[പ. ൧. ചാ. ച. കേശിനി]

മന്ദിരേ ചെന്നാലെങ്ങും കണ്ണിനു കിട്ടാ കാണ്മാൻ,
മന്നിലിന്നൃതുപർണ്ണനൃപനെന്തിങ്ങു വന്നിട്ടവ-
നെന്നു കേൾക്കാമോ നമ്മാൽ? അന്യനെങ്ങു പോയി?
അവനെ അറിയും ചിലരിവിടെ ... ... ആരെ;

[പ. വ്യ. ചാ. ച. ബാഹുകൻ]

ധരണിപന്മാരനേകം വരുമേ പോൽ നിലയുള്ളവർ;
നളനെ വെടിഞ്ഞു ദമയന്തി പോൽ;
ഭൂപമേകം വരിക്കുന്നു പോൽ. ... ... ഇത്യാദി.

[പ. ൧. ചാ. ന. കേശിനി.]

അതുകഥ കേട്ടോ വന്നൂ നൽക്കുലീനൻ മന്നവൻ?
നിൽക്കട്ടെ, മറ്റൊന്നു ചോദിക്കുന്നു മേ.
ധിക്കലപന്മാനാം നളസത്കഥയുണ്ടോ കേൾപ്പാൻ?
ദുഃഖം മൈഥിലിയോ ജീവിക്കുന്നതിനായോളം ... ആരെ;

[പ. വ്യ. ചാ. ന. ബാഹുകൻ]

ഉലകിലുണ്ടോ ഇല്ലയോ വാൻ?
നളനെ ആർ കണ്ടു ഭൂതലേ?
ഉചിതമപരവരണോദ്യമം; എന്തു ഹന്ത നളചിന്തയാ?
... ... ഇത്യാദി.

[പ. ൧. ചാ. ച.] അയോദ്ധ്യാനഗരത്തിൽ ചെന്നാൽ കൂടി കണ്ണിനു കിട്ടാൻ പ്രയാസമുള്ള ഋതുപർണ്ണൻ ഇവിടെ വന്നതിന്റെ കാരണം ഞങ്ങൾക്കു കേൾക്കാമോ? നിന്റെ കൂടെ വേറെ ഒരു സൂതനുണ്ടായിരുന്നവനെവിടെ. അവനെ ഇവിടെ ചിലർക്കു പരിചയമുണ്ട്. ദമയന്തി വാർഷ്ണേയനോ അറിയുമല്ലോ.
[പ. ൧. ചാ. ന.] നില്ക്കട്ടെ ആ സംഗതി ഇരിക്കട്ടെ. വേറെ എനിക്കൊന്നു ചോദിപ്പാനുണ്ട്. ഈ നാടായോളമുള്ളതോ ദിവസം വരെ.
[പ. വ്യ. ചാ. ന.] നളൻ ജീവിച്ചു നടക്കുന്നുണ്ടോ. അതോ മരിച്ചുപോയോ, അവനാരറിവിലും അറിവില്ല. ദൈവികവിധിയാ വിവാഹം നിശ്ചയിച്ചതു ഉചിതം തന്നെ. നളനെപ്പറ്റി ഇനി എന്തിനു ചിന്തിക്കുന്നു

[പ. ൧. ച. ൪. കേശിനി]

പുണ്യവാൻ സാകേതത്തിൽ വന്നൊരു വാർത്തചൊന്നാൻ;
അന്യാർത്ഥമെന്നതു നീ ചൊന്നാനെന്നപോൽ;
ഇന്നാമൊഴികൾ നീ താനൊന്നു പറയണം;
എന്നാമെ വൈദർഭിക്കു കണ്ണീർപീയൂഷമല്ലോ. ... അയ്യോ;

[പ. വ്യ. ച. ൪. ബാഹുകൻ.]

കുലവധൂനാം കോപമാകാ;
ഫലമില്ലേ ലോകസാക്ഷികൾക്കു?
ഉഭയഭുവനസുഖമല്ലയോ വന്നുകൂടുവതിവർക്കു മേൽ. ഇഷ്ടം.

കാപി—ചെമ്പട.

[ശ്ലോകം. ൧]

വെളിച്ചമാമെ ചൊന്ന തിരഞ്ഞോരോന്നേ
കളിച്ചവൻ ചൊന്നതു കേട്ടു പോന്നു ।
ഒളിച്ചു പിന്നോട്ടു ധരിച്ചു ദൂതി
വിളിച്ചു വൈദർഭിയൊടേവം പറഞ്ഞാൾ ॥

[പ. ൻ. പല്ലവി.]

പൂമാതിനൊത്ത ചാരുതനോ! വൈദർഭി! കേൾ നീ

[പ. ൧. ച. ൪.] എന്നാമെ=എല്ലാദ്ദേഹത്തും.

[പ. വ്യ. ച. ൪.] ഭർത്താവപരാധം ചെയ്താലും കുലസ്ത്രീകൾ അവരോടേ കോപിക്കുന്നില്ല. ഭർത്താക്കന്മാർ അപരാധം ചെയ്യുന്നതു എന്നുദ്ദേശ്യത്തോടെ ലോകസാക്ഷികൾ പലരുമുണ്ടല്ലോ.

"ആദിത്യചന്ദ്രാവനിലോനലശ്ച
ദ്യൌർഭൂമിരാപോ ഹൃദയം യമശ്ച ।
അഹശ്ച രാത്രിശ്ച ഉഭേ ച സന്ധ്യേ
ധർമ്മശ്ച ജാനാതി നരസ്യ വൃത്തം ॥"

എന്നു പറഞ്ഞിട്ടുള്ളവരെയാണു ഇവിടെ സാക്ഷികളാക്കിയിരിക്കുന്നതു. ഏതവസ്ഥയിലും ഭർത്താവിനോടു കോപിക്കാത്ത കുലസ്ത്രീകൾക്കു മേലാൽ ഇഹലോകത്തിലും പരലോകത്തിലും ശ്രേയസ്സു വരും.

[ശ്ലോ. ൧.] (ഉപേന്ദ്രവജ്രാ വൃത്തം) 'ഉപേന്ദ്രവജ്രാ ജതജാസ്തതോ ഗൌ' എന്നു ലക്ഷണം.

[പ. ൻ. പല്ലവി.] ചാരുതനോ=സുന്ദരി! (൧) ഈ ബാഹുകനാണോ ആ പുണ്യശ്ലോകനായ നിൻ കാന്തൻ എന്നും (൨) ഈ ബാഹുകനാകട്ടെ ആ പുണ്യശ്ലോകനായ നിൻ കാന്തൻ തന്നെ എന്നും (൩) ഈ ബാഹുകൻ ആ നല്ല

പുമർത്ഥനാമീ ബാഹുകനോട്

[അനുപല്ലവി.]

ധീമാനാമവനന്നോട് നാമവും വാർത്തയും ചൊന്നാൻ. പുമാം

[പ. ൻ. ച. ൧.]

നളനില്ലാപരാധം പോൽ; ഉണ്ടെന്നാകിലും

കുലനാരികളെന്നു കോപമില്ല പോൽ.

ഖലനാം പാർത്ഥിവൻ കേട്ടാൽ, ഫലമുണ്ടെന്നാലും തോന്നാ.

പലതും പറഞ്ഞു പിന്നെ, ഫലിതമെന്തു പാർത്താലും...പുമാം

[പ. ൻ. ച. ൨.]

അന്നാദിപാകസംഭാരം സ്വാമിനിയോഗാൽ

വന്നതു കണ്ടേനന്നേരം;

കുംഭേ നിറഞ്ഞു നീരം, കനകമെത്രയും പാരം,

ഭേദം കൂടാതെ ഘോരം ദഹനൻ കത്തിയുമോരം. ... പുമാം

[പ. ൻ. ച. ൩.]

ഭോഗനാ വച്ചൊരന്നങ്ങളിലൊന്നു മൊന്നു,

സാകേതപതിയെ വണങ്ങി,

യോഗ്യനാണ് എന്നും മൂന്നു വിധം വ്യാഖ്യാനിക്കാം. 'വിദിതനിഷധപതി വിരൻ' എന്നതു ദമയന്തിയുടെ ചോദ്യത്തിനുള്ള ഉത്തരം. ഉണ്ടെന്നു ഒരു ഭേദവിൽ [illegible] എന്നു വരികയില്ല എന്നു ശങ്കിച്ചു നായിക ശബ്ദം വിട്ടു ഇതിനെ പറയുന്നില്ല. സകലിയും [illegible] ഇംഗിതങ്ങളും അതിനനുരൂപമായി ഉത്തരം പറയുന്നു. ഈ വിധം വൈചിത്ര്യങ്ങൾ ഈ ഗ്രന്ഥത്തിൽ പലേടത്തും കവി ചെയ്തിട്ടുണ്ട്.

[പ. ൻ. ച. ൧.] നളൻ്റെ പേരിൽ യാതൊരു തെറ്റുമില്ലെന്നും, ഉണ്ടെങ്കിലും അതിനെ കുലസ്ത്രീയായ ഒരുത്തി കോപിക്കേണ്ടതില്ലെന്നും മറ്റുമാണ് അവൻ പറഞ്ഞതു. ഇങ്ങനെ അവൻ നളൻ്റെ പക്ഷം പിടിച്ചു പറഞ്ഞതു ദുഷ്ടതയാലല്ലെന്നും, അവൻ്റെ വാക്കുകളിൽ വഞ്ചനയൊന്നുമില്ലെന്നും എനിക്കു ബോദ്ധ്യപ്പെട്ടു. പിന്നെ പല സംഗതികളും അവൻ സംസാരിച്ചു. എല്ലാം കൂടി നോക്കുമ്പോൾ നമുക്കു കാര്യം ഫലിച്ചുവെന്നാണ് എനിക്കു തോന്നുന്നതു. നാലാം വരിക്കു ആലോചിച്ചു നോക്കുമ്പോൾ അവൻ പറഞ്ഞതൊക്കെ ഓരോ ഫലിതവാക്കുകളാണ് എന്നും അർത്ഥമാകാം.

[പ. ൻ. ച. ൨.] രണ്ടാം ചരണംകൊണ്ടു അത്ഭുതങ്ങളെ ചിലതു കണ്ടതിനെ പറയുന്നു—സ്വാമിനിയോഗാൽ=ഋതുപർണ്ണൻ്റെ കല്പനയാൽ,

പോന്നു തേരിലൊതുങ്ങി. പൂനിര കണ്ടു മങ്ങി
അവമർദ്ദനം തുടങ്ങി, അവകളപ്പോഴും വിളങ്ങി ... പൂമാ.

മുഖാരി—ചെമ്പട.

[ശ്ലോ. വ്യ.]

അത്യാശ്ചര്യം വൈഭവം ബാഹുകീയം
ഭൃത്യാ പ്രീത്യാവേദിതം ഭീമപുത്രീ ।
സാത്യാനന്ദം കേട്ടനേരം നിനച്ചു
മൂർത്ത്യാ ഗൂഢം പ്രാപ്തമേവം സ്വകാന്തം ॥

[പ. ൧൦. പല്ലവി.]

നൈഷധനിവൻ താൻ മരീഷലില്ല മേ നിർണ്ണയം.

[പ. ഭാ.] പൂക്കളും വാടിക്കിടക്കുന്നതുകണ്ട് അവൻ അവയെ എടുത്തു മാലയായി കെട്ടാൻ തുടങ്ങിയപ്പോൾ അവ പുതുമയോടെ പ്രകാശിച്ചു. തീയും വെള്ളവുംകൂടാതെ പാകം ചെയ്യാനുള്ള ശക്തി അഗ്നി കൊടുത്ത വരവും, വാടിയ പുഷ്പം പുതുക്കുന്നതു വരുണന്റെ വരവും ആണെന്ന് ഓർമ്മിക്ക.

[ശ്ലോ. വ്യ.]

ഭീമപുത്രി (ഈ. സ്ത്രീ. പ്ര. ഏ.) ദമയന്തി
ഭൃത്യാ (ഇ. സ്ത്രീ. തൃ. ഏ.) ഭൃത്യയാൽ
പ്രീത്യാ (ഇ. സ്ത്രീ. തൃ. ഏ.) പ്രീതിയോടുകൂടെ
ആവേദിതം (അ. ന. ദ്വി. ഏ.) അറിയിക്കപ്പെട്ടതായി
അത്യാശ്ചര്യം (അ. ന. ദ്വി. ഏ.) അത്യാശ്ചര്യമായിരിക്കുന്ന
ബാഹുകീയം (അ. ന. ദ്വി. ഏ.) { ബാഹുകന്റെ
വൈഭവം (അ. ന. ദ്വി. ഏ.) { വൈഭവത്തെ
സാത്യാനന്ദം (ക്രിയാവിശേഷണം.) അത്യാനന്ദത്തോടുകൂടി
കേട്ടനേരം (മലയാളപൂർവ്വക്രിയ) കേട്ടപ്പോൾ
സ്വകാന്തം (അ. പു. ദ്വി. ഏ.) തൻകാന്തനെ
മൂർത്ത്യാ (ഇ. സ്ത്രീ. തൃ. ഏ.) ശരീരം കൊണ്ടു
ഗൂഢം (അ. പു. ദ്വി. ഏ.) ഗൂഢനായി, മറഞ്ഞവനായി, മൂർത്ത്യാഗൂഢം എന്നു ചേർന്ന് വേഷപ്രച്ഛന്നനായെന്നർത്ഥം.
പ്രാപ്തം (അ. പു. ദ്വി. ഏ.) { വന്നിരിക്കുന്നവനായിട്ടു
ഏവ (അവ്യയം) { തന്നെ
നിനച്ചു നിശ്ചയിച്ചു.

(ശാലിനീവൃത്തം) 'നാലേഴായ് മം ശാലിനീ മം ത ഗം ഗം' എന്നു ലക്ഷണം.

[അനുപല്ലവി.]

വേഷമീവണ്ണമാകിൽ ദോഷമെന്തെനിക്കിപ്പോൾ? ... നൈഷധ

[പ. ൧൦. ച. ൧.]

ഒന്നേ നിനക്കുന്നേരം മൊഴിയെ നളനിതെന്നു
തന്നേ ഉറപ്പുളളിൽ; വഴിയെ വേഷം കാണുമ്പോൾ
വന്നീടാ തോഷം. നിന്നാലൊഴിയ
വന്നിതെൻപ്രാണസന്ദേഹമാപത്സിന്ധുചുഴിയേ!
തോന്നുന്നതെല്ലാമുണ്മയോ? നേരാരു ചൊല്ലുവതമ്മയോ?
ഇവനോടു ചേർന്നാൽ നന്മയോ, ചാരിത്രത്തിന്നു വെണ്മയോ?
അറിയാവതല്ലേ. ... ... നൈഷധ

[പ. ൧൦. ച. ൨.]

മാതാവെച്ചെന്നു കാണ്മതിന്നേ, ത്രൈലോക്യത്തിനു
മാതാവെച്ചിന്തിച്ചു ഞാൻ മുന്നേ;

[പ. ൧൦. ച. ൧.] (മൊഴിയെ ഒന്നേ) വാക്കൊന്നിനെ മാത്രം നിനയ്ക്കുമ്പോൾ, ബാഹുകൻ പറഞ്ഞ വാക്കുകൾമാത്രം ഓർക്കുമ്പോൾ, ഇവൻ നളൻതന്നെ എന്നു ഞാൻ ഉറയ്ക്കുന്നു. (വഴിയെ) ഉടൻതന്നെ വേഷത്തെപ്പററി വിചാരിക്കുമ്പോൾ അരിയ വ്യസനം വരുന്നു. എനിക്കു വന്ന ആപത്തെല്ലാം നളൻ നിമിത്തമാകയാൽ നിമിത്തനൈമിത്തികങ്ങൾക്കു അതിശയോക്തികൊണ്ടു അഭേദാധ്യവസായം ചെയ്തു നളനെത്തന്നേ ആപത്സമുദ്രത്തിലെ ചുഴിയേ! എന്നു സംബോധനം ചെയ്യുന്നു. നിന്നാൽ= നീ നിമിത്തം, ഈ വേഷത്തിലെങ്കിലും നിന്നെ കണ്ടുകിട്ടിയതിനാൽ, എനിക്കു പ്രാണസന്ദേഹം (ഒഴിയ വന്നിതു) ഒഴിയാറായി. 'ഒഴിയെ വന്നതു' എന്നുള്ള പാഠത്തിൽ നിന്നോടു വേർവിട്ടെങ്കിൽ വന്നതു എനിക്കു പ്രാണസന്ദേഹത്തിനു കാരണമായി എന്നർത്ഥം പറയണം. എനിക്കു ഇപ്പോൾ തോന്നുന്നതൊക്കെ പരമാർത്ഥം തന്നെയോ? അല്ലെങ്കിൽ എന്നോടു നേർ പറഞ്ഞുതരാൻ എനിക്കാരുണ്ടു? അതിനുകൂടെ അമ്മ മതിയാകുമോ? ഇവനെ സ്വീകരിക്കുന്നതു എനിക്കു നല്ലതും ധർമ്മവും ആകുമോ?

[പ. ൧൦. ച. ൨.] ഇന്നു തന്നെ അമ്മയെ ചെന്നു കാണാം. ജഗദംബയായ ദേവിയെ ഞാൻ മുമ്പു തന്നെ ചിന്തിച്ചിരിക്കുന്നു. ഗുണം വരുന്നതിനു ഇന്ദ്രാദികൾ തന്നിട്ടുള്ള അനുഗ്രഹം ഒന്നുതന്നെ മതിയാകും. ലോകനാഥയുടെ അനുഗ്രഹമെന്നും വ്യാഖ്യാനിക്കാം. പിന്നീടു ഈ വിധം ഒരു ധർമ്മസങ്കടം സ്വയംവരമണ്ഡപത്തിൽ ഉണ്ടായപ്പോൾ പ്രവർത്തിച്ചതിനെ ഓർത്തു പറയുന്നു— ധർമ്മസങ്കടം വരുമ്പോൾ എനിക്കു നളൻതന്നെയാണു (മാതാവു) പ്രമാതാവു

നന്മകൾ ലോകനാഥാനുഗ്രഹം പോരുമൊന്നേ.
ധർമ്മസങ്കട മതാമെനിക്കു നളൻ തന്നേ.
അതിലോകരമ്യചേഷ്ടിതൻ ഹതദൈവപാശവേഷ്ടിതൻ
ഖലനാശയാഗദീക്ഷിതൻ അനപേക്ഷണീയൻ വീക്ഷിതൻ
വേഷപ്രച്ഛന്നൻ. ... ... നൈഷധ

[ച. ന.]

എൻ കാന്തനെന്നോടുണ്ടോ വൈരം?
ഇല്ലെന്നിരിക്കിലെന്തു തുടങ്ങി ഇപ്രകാരം?
എനിക്കു ഘോരവൻകാട്ടിലാരുപോൽ പരിവാരം?
ഏതു ചെയ്താലും വന്ദിപ്പതിനിങ്ങധികാരം.
പാപമേ താപകാരണം; അതെല്ലാമിന്നു തീരണം;
വിരഹം മേ മർമ്മദാരണം; അതിലേറെ നല്ലു മരണം;
അതിദാരുണം. ... ... നൈഷധ.

പ്രമാണജ്ഞൻ. അതിലോകരമ്യചേഷ്ടിതൻ= ലോകത്തെ അതിക്രമിച്ചവയും രമ്യങ്ങളുമായ പ്രവൃത്തികളോടു കൂടിയവൻ. ഹതദൈവപാശവേഷ്ടിതൻ= ദുർദ്ദൈവമാകുന്ന പാശത്താൽ ചുററപ്പെട്ടവൻ. ഖലനാശയാഗദീക്ഷിതൻ= ഖലന്മാരെ നശിപ്പിക്കുന്നതിനു കാപ്പു കെട്ടിയവൻ. ഇങ്ങനെയൊക്കെ ഇരിക്കുന്ന നളനെ വേഷച്ഛന്നനായി കണ്ട സ്ഥിതിക്കു ഒരിക്കലും ഉപേക്ഷിച്ചുകൂട. നളനെന്നോടു വിപരീതം പ്രവർത്തിച്ചതിൽ ദുർദ്ദൈവപാശബന്ധത്താലാണു്; അവന്റെ പ്രവൃത്തികളുടെ ഉദ്ദേശ്യം സാധാരണക്കാർക്കു ഊഹിച്ചറിയാവുന്നതല്ലാ; ഖലനിഗ്രഹത്തിനായിരിക്കണം ഇങ്ങനെ ഒക്കെ അവൻ ചെയ്തതു്. ഈ സംശയത്തെത്തന്നെ അടുത്ത ചരണത്തിൽ വിചാരണചെയ്യുന്നു—

[ച. ന.] എൻകാന്തനു എന്നോടു വൈരത്തിനു ഇടയില്ല. പിന്നെ എന്നെ ആരുംകൂടാതെ കാട്ടിൽ വിട്ടുകളഞ്ഞതെന്തുകാരണമാണു്? അല്ല, വൈരമുണ്ടെങ്കിലും കുലസ്ത്രീക്കു ഭർത്താവിനെ വന്ദിപ്പാനേ അധികാരമുള്ളല്ലോ. എനിക്കു ഈ ആപത്തു വന്നതു നളന്റെ ദോഷമല്ല എന്റെ പാപബലമാണു്. അതു ഇന്നവസാനിക്കണം. എന്തായാലും ഈ വിരഹംപോലെ മർമ്മം പിളർക്കുന്ന ഒരു കഷ്ടാവസ്ഥ വേറെ ഒന്നുമില്ല; അതിൽ ഭേദം അതിദാരുണമെങ്കിലും മരണം തന്നെയാണു്.

തോടി—ചെമ്പട.

[ശ്ലോ. ൯.]

പ്രീതേയം പ്രിയദർശനത്തിനഴറിപ്പീഡാം വെടിഞ്ഞാശു പോയ്
മാതാവോടുമിദം പറഞ്ഞനുമതിം മേടിച്ചുടൻ ഭീമജാ ।
മോദാൽ പ്രേഷിതകേശിനീമൊഴികളും കേട്ടഭ്യാഗതം ബാഹുകാ
ജാതാകൂതശതാന്തതാപമസൃണാ കേണാവമൂചേ ഗിരം ।

[പ. ൧൧. പല്ലവി. ഭൈമി.]

എങ്ങാനുമുണ്ടോ കണ്ടു തുംഗാനുഭാവനാം നിൻ-
ചങ്ങാതിയായുള്ളവനേ.

[അനുപല്ലവി.]

അംഗാരനദിയിൽ ബഹുതരംഗാവലിയിൽ ഞാനോ
മുങ്ങാവതോ മുങ്ങിമങ്ങിനേനറിയാഞ്ഞെനേതും ... എങ്ങാനു.

സാവേരി—ചെമ്പട.

[പ. ൧൨. പല്ലവി. ബാഹുകൻ.]

ആനന്ദതുന്ദിലനായി വന്നിതാശു ഞാൻ
ആപന്നനെന്നാകിലും.

[അനുപല്ലവി.]

നൂനം നിനച്ചോളമില്ലൂനം ശിവചിന്തനനിയമിഷു;

[ശ്ലോ. ൯.] (പ്രീതാ ഇയം ഭീമജാ) സന്തോഷിച്ചിരിക്കുന്ന ഈ ഭൈമി പ്രിയനെക്കാണ്മാൻ പരിഭ്രമിച്ചിട്ടു, പീഡയെ വെടിഞ്ഞു്, മാതാവിനോടു ചെന്നു (ഇദം) ഇസ്സംഗതി പറഞ്ഞു, അവളുടെ അനുവാദവും ഉടൻ വാങ്ങീട്ടു, സന്തോഷത്തോടു പറഞ്ഞയക്കപ്പെട്ട കേശിനിയുടെ വാക്കു കേട്ടു് തന്റെ അടുക്കൽ വന്ന ബാഹുകനോടു സാഭിപ്രായമായും, പശ്ചാത്താപമന്ദമായും വ്യസനിച്ചുകൊണ്ടു ഇപ്രകാരം വാക്കിനെ പറഞ്ഞു.

(ശാർദ്ദൂലവിക്രീഡിതം വൃത്തം)

'പന്ത്രണ്ടാൽ മസജം തസം തഗുരുവും ശാർദ്ദൂലവിക്രീഡിതം' എന്നു ലക്ഷണം.

[പ. ൧൧. പല്ലവി.] സൂതവിദ്യയിലും സൂദവിദ്യയിലും ഉള്ള സാമർത്ഥ്യംകൊണ്ടു നിനക്കു ചങ്ങാതിയായ മഹാനുഭാവനെ എങ്ങാനും കാണുകയുണ്ടായോ? ഇവിടെയും ഭൈമിയുടെ ചോദ്യം വളരെ കൗതുകത്തോടുകൂടിയാണു് എന്നോർക്കുക.

[പ. ൧൧. അനു.] തീക്കട്ടയാകുന്ന നദിയിലുള്ള വലിയ തിരകളിൽ ഞാൻ മുങ്ങാവുന്നേടത്തോളം മുങ്ങിശ്രമപ്പെട്ടു. കാര്യമൊന്നും അറിഞ്ഞതുമില്ല.

[പ. ൧൨. പല്ലവി.] ആപന്നൻ—ആപത്തിനെ പ്രാപിച്ചവൻ.

[അനു.] നിയമേന ശിവചിന്തനം ചെയ്യുന്നവരുടെ സംഗതിയിൽ വിചാ

ജാതാന്താം ക്രാന്ത്വാ ബത മാം ഖലമതിരതനുത കലിരപി മയി
പാശം ... അതന്ദ്ര.

[പ. ൫൨. ച. ൫ ബാഹുകൻ]
നിജരാജ്യം കൈവെടിഞ്ഞു വനരാജ്യവാസിയായേൻ;
ഹവിരാജ്യപ്രസന്നദേവം രവിരാജ്യം വാണോൻ.
അവശം മാം വെടിഞ്ഞു പോയി തവ ശാപാക്രാന്തനായി
കലിയകലേ.
അഹമബലേ! വന്നിതു സുന്ദരി! നിന്നരികിന്നു. ഇനി
ഇരുവർ പിരിവർ ഉയിർ പോരാവേ;
നിരവ കരവേ വിലപിതമിതു മതി;
വിളവതു സുഖമിനി. ദൈവമല്ലൊരു ഗതി മതിധൃതിഹതി
... ... അതന്ദ്ര.

ദിച്ചുന്നതോളം ദോഷം വരാനില്ല. ഏതിലെ നിന്നു വീണ്ടും കാണാനിടയായതു് ശിവകേശിയുടെ നിയമംകൊണ്ടാണെന്നു താല്പര്യം.

ഖലമതിഃ	(പു. പു. പ്ര. ഏ)	} ദുഷ്ടനായ കലിയും
കലിഃ	(പു. പു. പ്ര. ഏ)	
അപി	(അവ്യയം)	
ജാതാന്താം	(സ. പു. ദ്വി. ഏ)	ജാതനായിരിക്കുന്ന
മാം	(ശ. പു. ദ്വി. ഏ)	എന്നെ
ക്രാന്ത്വാ	(അപൂർണ്ണക്രിയാ)	ആക്രമിച്ചിട്ടു, [illegible] അതനുത എന്നതു ആക്രമിച്ചിട്ടു
മയി	(ശ. പു. സ. ഏ)	എന്നിൽ } എന്നെ ബാധിച്ചു.
പാശം	(അ. ന. ദ്വി. ഏ)	ബന്ധനത്തെ
അതനുത	(ല. ആ. പ്ര. പു. ഏ)	ചെയ്തു

[പ. ൫൨. ച. ൫.] ഹവിരാജ്യപ്രസന്നദേവം=ഹവിസ്സുകൊണ്ടും ആജ്യം (നെയ്യ്)കൊണ്ടും പ്രസന്നന്മാരായ ദേവന്മാരോടുകൂടിയിരിക്കുന്ന രവിരാജ്യത്തെ കോസലരാജ്യത്തെ ഞാൻ ഭരിച്ചിരുന്നു. കലി നിന്റെ ശാപത്താൽ ആക്രാന്തനായിട്ട അവശനായിരിക്കുന്ന എന്നെ വെടിഞ്ഞു അകലെ പോയി. ഹേ അബലേ സുന്ദരി! ഞാൻ ഇന്നു നിന്നരികിൽ വന്നു. ഇനി നാം ഇരുവരും (ഉയിർ പോരാവേ) പ്രാണൻ പോകുമ്പോഴേ പിരിയുകയുള്ളൂ. ഈ വിലാപിതം (നിരവ കരവേ) [illegible] മതി. ഇനി നമുക്ക (വിളവതു്) വരാൻപോകുന്നതെല്ലാം സുഖമാണു്. (മതിഗതിധൃതിഹതി) എനിക്കു ബുദ്ധിക്കും ധൈര്യത്തിനും കേടുതൽ വന്നു പോയതു ദൈവമുണ്ടായ ഗതിയെന്നേ വിചാരിക്കേണ്ടതുള്ളൂ.

[പ. ൧൧. ച. ൧. മൈ.]

പ്രേമാനുരാഗിണി ഞാൻ വാമാ രമണീയശീല!
താപമാതനോമി ഏറി സോമാഭിരാമമുഖ!
ശ്യാമാ ശശിനം രജനിവാമാകലിതമുപേത്യ കാമാ ഗതയാമാ
കാമിനി. നിന്നോടയി ഞാൻ ക്ഷണമപി പിരിഞ്ഞറിവേനോ
കാമനീയകവിഹാരനികേത! ഗ്രാമനഗരകാനനമെല്ലാമേ
ഭൂമിദേവർ പലരേയുമയച്ചു ചിരം
താപമഹോ തിരഞ്ഞേനൻ, പെറ്റു കരഞ്ഞേനൻ,
എന്നതാരോടിന്നു ചൊൽവതു? ... ... എങ്ങാനു!

[ശ്ലോ. ൧൦]

വ്യാപാരം വചനം വയസ്സിവകളോർക്കുമ്പോളിവൻ നൈഷധൻ,
ശോഭാരംഗമൊരംഗമുള്ളതെവിടെപ്പോയെന്നു ചിന്താകുലാം ।
ഭൂപാലൻ ഭുജഗേന്ദ്രദത്തവസനം ചാർത്തി സ്വമൂർത്തിം വഹൻ
കോപാരംഭകടുക്തികൊണ്ടു ദയിതാമേവം പറഞ്ഞീടിനാൻ ॥

[പ. ൧൧. ച. ൧.] ഹേ രമണീയശീല! സോമാഭിരാമമുഖ! എന്നു് സംബോധനങ്ങൾ. വാമാ പ്രേമാനുരാഗിണി കാമിനി ഞാൻ (താപം ഉപേത്യ കാമാ ഗതയാമാ) നിന്നെ പ്രാപിക്കാനാഗ്രഹിച്ചു് അതു സാധിക്കാതെ കാലം കഴിക്ക [ഗതയാമാ (യാമങ്ങൾ=മൂന്നു മണിക്കൂർ എന്നുള്ള കാലങ്ങൾ) എന്നു് ഉപമാനപക്ഷത്തിൽ അർത്ഥം] (ശ്യാമാരജനി) കൃഷ്ണപക്ഷരാത്രി. (അമാകലിതം ശശിനം ഇവ) അമാവാസിയിലെ ചന്ദ്രനെ എന്നപോലെ (താപം ഏറി അതനോമി) നിന്നെ മനസ്സിൽ നിനക്കുന്നു. കൃഷ്ണപക്ഷരാത്രി ചന്ദ്രനെ കാക്കുംപോലെയാണു് അനുരാഗവതിയായ ഞാൻ നിന്നെ കാത്തിരുന്നതു് എന്നു സാരം. ഹേ കാമനീയകവിഹാരനികേത=സൗന്ദര്യത്തിനു് ലീലാഗൃഹമായുള്ളോവേ എന്നു് പിന്നെയും സംബോധനം. ഞാൻ ഒരിക്കലും നിന്നെ പിരിഞ്ഞിരുന്നിട്ടുണ്ടോ.

[ശ്ലോ. ൧൦.] വയോവ്യാപാരാദികൾ നോക്കുമ്പോൾ ഇവൻ നളൻ തന്നെ. സുന്ദരമായ ശരീരം മാത്രമെങ്ങു പോയി എന്നു ചിന്തിച്ചു വ്യസനിക്കുന്ന കാന്തയെ കണ്ടു് ബാഹുകൻ കാർക്കോടകനാഗരാജൻ കൊടുത്തിട്ടുള്ള വസ്ത്രമെടുത്തു് സ്വരൂപം പ്രാപിച്ചിട്ടു കോപാരംഭത്തോടെ പരുഷവാക്കുകളെ ഇപ്രകാരം പറഞ്ഞു.

(ശാർദ്ദൂലവിക്രീഡിതം വൃത്തം)

നാലാംദിവസത്തെ കഥ [illegible]

[പ. ഫ. ച. ര. നളൻ]

സ്ഥിരബോധം മാഞ്ഞു നിന്നോടപരാധം ഭൂരി [illegible]

അവരോധം ഭൂമിപാനാമവിരോധമായം.

അധികം കേൾ അധർമ്മം. എല്ലാം അറിവേൻ. [illegible]

[illegible] ല്ലാം. സ[illegible]

ദയിതതമേ! നന്നിതു സുന്ദരി നിൻ തൊഴിൽ നിർണ്ണയ-

മപരം നൃവരം വരിതും. യതസേ യദയേ വിദയേ!

നിരവധി നരപതി വരവതിനിഹ പുരി

വാചാ തവ മനുകുലപതി വന്നു. ... ... ആനന്ദ.

[പ. ഫ. ച. ര. ഭൈമി]

മുന്നേ ഗുണങ്ങൾ കേട്ടന്നേ മനമങ്ങുപോന്നു;

പിന്നെ അരയന്നം വന്നു നിന്നെ സ്തുതിചെയ്തു

തന്നു; അതുകേട്ടൊന്നുമന്നേ വരിച്ചേൻ മനസി നിന്നെ. പുന-

രന്നു ഇന്ദ്രനഗ്നിയമനർണ്ണസാമധിപനും കനിഞ്ഞിരന്നു.

എന്നതൊന്നും കൊണ്ടുള്ളിലന്നുമഴിഞ്ഞില്ല നിർണ്ണയമ-

[പ. ഫ. ച. ര.] മതിബാധയാൽ സ്ഥിരബോധം പോയി നിന്നോടു ഞാൻ പല അപരാധങ്ങളും ചെയ്യുകയുണ്ടായി. എന്നാൽ ഭൂമിപന്മാരുടെ അവരോധം=ഭാര്യ രാജഭാര്യ, അവിരോധമായമാകുന്നു=വിരോധത്തോടും മായത്തോടും കൂടാത്തതാകുന്നു രാജഭാര്യക്കു കോപവും കപടവും ഇല്ലാത്തതാകുന്നു എന്നർത്ഥം. നീ വളരെ അധർമ്മങ്ങൾ ചെയ്തു അതെല്ലാം എനിക്കറിയാം. എന്നാൽ അതൊക്കെ ഇരിക്കട്ടെ, ഹേ ദയിതതമേ സുന്ദരി നിൻ്റെ തൊഴിൽ നിശ്ചയമായിട്ടു ഉചിതവും നല്ലതുമാണ്. ഏതു തൊഴിൽ എന്നു പറയുന്നു—അയേ വിദയേ അപരം നൃവരം [1]വരിതും യതസേ=നല്ലയോ നിർദ്ദയേ നീ മറ്റൊരു രാജാവിനെ വരിക്കാൻ യത്നം ചെയ്യുന്നു. എന്നുള്ള തൊഴിൽ എന്നു മുമ്പിലോട്ടു അന്വയം. ഇഹ പുരി=ഈ പുരത്തിൽ അനവധി രാജാക്കന്മാർ വരുന്നതിനുള്ള നിൻ്റെ വാക്കുകൊണ്ടാണ് മനുകുലപതിയായ ഋതുപർണ്ണൻ വന്നതു.

[പ. ഫ. ച. ര.] അർണ്ണസാം അധിപൻ=ജലത്തിൻ്റെ നാഥൻ (വരുണൻ) എന്നതൊന്നും കൊണ്ടും=ഇന്ദ്രാദികൾകൂടി വന്നു യാചിച്ചിട്ടും അന്നും=ആ ബാല്യകാലത്തിൽ പോലും ഉള്ളിൽ അഴിഞ്ഞില്ല നിർണ്ണയം=വരിക്കാൻ ചെയ്ത നിശ്ചയത്തിനു ഭേദംവരാതെ അവികൃതരാഗം=അനുരാഗത്തെയും ലജ്ജകൊണ്ടു മറയ്ക്കാതെ സമുന്നതം=സമുന്നതമാകുംവണ്ണം ലജ്ജകൊണ്ടു തലതാഴ്ത്താതെ സഭ

---

1) 'വരീതും' എന്നാണ് രൂപം വേണ്ടതു്.

നിയതമനുരാഗം മന്നവർതിലക! സമുന്നതം സദസി
വന്നു മാലയാലേ വരിച്ചു കാലേ,
എന്നപോലെ ഇന്നു വേല.

[പല്ലവി.]

എങ്ങായിരുന്നു? തുണയിങ്ങാരെനിക്കിതല്ലോ?
ശൃംഗാരവീചിവാരിധേ!

[പ. ദ്വ. ച. ന. നളൻ.]

അഭിലാഷംകൊണ്ടു തന്നെ ഗുണദോഷം വേദ്യമല്ല;
പരദോഷം പാർത്തുകാണ്മാൻ വിരുതാർക്കില്ലാത്തു?
തരുണീനാം മനസ്സിൽ മേവും കുടിലങ്ങളാരറിയുന്നു?
തവ തു മതം മമ വിദിതം, നല്ലതു ചൊല്ലുവൻ; ഇല്ലൊരു കില്ലിനി.
ഉചിതം രുചിതം ദയിതം ഭജ തം പ്രസിതം പ്രഥിതം.
രതിരണവിഹരണചണനിവൻ ഭ്രമാവിഹ;

സ്സിൽ വന്നു് ഞാൻ നിന്നെ മാലകൊണ്ടു യഥാകാലം വരിച്ചു. അതുപോലെയാണു് ഇപ്പോഴത്തെ പ്രവൃത്തിയും.

[പല്ലവി] നീ എവിടെ ആയിരുന്നു? എനിക്ക തുണ ആരാകുന്നു.

[പ. ദ്വ. ച. ന.] അഭിലാഷംകൊണ്ടു മാത്രം ഗുണദോഷങ്ങൾ അറിയപ്പെടാവുന്നവയല്ല. നിനക്കു് ഞാൻ എന്റെ പേരിൽ സ്നേഹമുണ്ടായിരുന്ന എന്നുള്ളതുകൊണ്ടു മാത്രം നീ ദോഷമില്ലാത്തവളെന്നു് വിചാരിക്കാൻ പാടില്ല. പരദോഷം ആർക്കും കണ്ടുപിടിക്കാവുന്നതാണു്, അതുകൊണ്ടു നിന്റെ ദോഷം എനിക്കിപ്പോൾ മനസ്സിലായി എന്നർത്ഥം. എന്നു മാത്രമല്ല സ്ത്രീകളുടെ മനസ്സിലെ കുടിലതകൾ ആർക്കും അറിയാവുന്നവയുമല്ല. തവ തു മതം മമ വിദിതം= നിന്റെ അഭിപ്രായമൊക്കെ എനിക്ക മനസ്സിലായി. നല്ലതു ചൊല്ലുവൻ=ഇനി നിനക്ക കൊള്ളാവുന്നതു ഞാൻ പറയാം. ഇല്ലൊരു കില്ലിനി=ഇനി സംശയിക്കാനില്ല. ഉചിതം=ഉചിതനായും, രുചിതം=നിനക്കു രുചിച്ചവനായും, പ്രസിതം=നിന്റെ പേരിൽ അനുരക്തനും പ്രസിദ്ധനും ആയ (ദയിതനെ) ഋതുപർണ്ണനെ ഭജിച്ചാലും. ഇവൻ ഈ ഭൂമിയിൽ (രതിരണവിഹരണചണൻ) കാമകലാവിശാരദനാകുന്നു. നീ അവനോടു ചേരണം. 'അകൃതക പ്രണയമനുരാഗം' എന്നു് മൂന്നാം ദിവസത്തെ കഥയിൽ ഋതുപർണ്ണൻ പറഞ്ഞതിനെ ഓർത്താണു് നളൻ ദമയന്തിയെ ഭർത്സിക്കുന്നതു്. ഈ കാരണത്തിൽ 'ഗുണദോഷം വേദ്യമല്ലോ' എന്ന പാഠമായിരുന്നാൽ കുറച്ചു കൂടി നന്നായിരിക്കും. ആ പാഠത്തിൽ അർത്ഥം ഇങ്ങനെയാകും—നിനക്ക ഋതുപർണ്ണനിലുള്ള അഭിലാ

ആണക നീയവനോട്ട ... ... ആനന്ദം

[പ. ൫൫. ച. ന. ൧൨൩.]

നാഥ! നിന്നോടൊന്നാണെന്തു ചിതര് ഞാൻ കണ്ട വഴി–
ക്കേതാകിലെന്തു ദോഷം? മാതാവെനിക്കു സാക്ഷിയത്രേ.
ഞാനത്രേ സാപരാധയെന്നാകിൽ ഞാനഖേദാ ധൃതമോദാ.
പൃതനായകമഞ്ജരന്നാശതന്നമാദരേണ കാണ്മാൻ
കൗതുകേന ചെയ്തുപോയ പിഴയൊഴിഞ്ഞെന്തുമില്ലിവിടെ
കൈതവമോർത്താൽ, താതനമറികിലിതേതുമാകാ;
ദുഃഖബോധമിങ്ങുതന്നേ വരിക എന്നേ,
നേരേ നിന്നു നേരു ചൊന്നതും.

[ശ്ലോ. ൫൫.]

ആത്മാനന്ദാതിരേകം പ്രിയതമസ്യചിരാ–
കാംക്ഷിതാലോകലാഭാൽ

ഷംകൊണ്ടല്ലയോ നീ സ്വയംവരം പറഞ്ഞയച്ചത്. അതുകൊണ്ടു തന്നെ നിന്റെ ഗുണദോഷങ്ങളെല്ലാം വെളിപ്പെട്ടു ഇത്യാദി.

[പ. ൫൫. ച. ന.] മാതാവെനിക്ക സാക്ഷിയാണ്=എന്റെ പ്രവൃത്തികളുടെ ഉദ്ദേശ്യമൊക്കെയും മാതാവിനറിയാം. ആ സാക്ഷിയെപ്പോലെ ഗണിക്കാതെ കണ്ടാം നീ എന്റെ പേരിൽ ചുമത്തുകയാണെങ്കിൽ എനിക്കിനി ഖേദംവേണ്ട, സന്തോഷം തന്നെ. ഞാൻ ഇത്രയുമൊക്കെ ക്ലേശിച്ചിട്ടും നീ എന്നെ കടാക്ഷിക്കാതെ ഉപേക്ഷിക്കയാണെങ്കിൽ എനിക്ക പിന്നെ ആശങ്കയ്ക്കൊന്നും വകയില്ലാത്തതിനാൽ ഭേദിച്ചിട്ട കാര്യമില്ലല്ലോ എന്ന് നിരാശതകൊണ്ടു പറയുന്നതാണ്. ശരീരനാശം വന്നിട്ടില്ലാത്ത ഒരു കാമദേവൻ തന്നെയായ നിന്നെ കാണ്മാൻവേണ്ടി ഇങ്ങനെ ഒക്കെ പ്രവർത്തിച്ചതൊഴികെ ഒരു കപടവും എന്റെ പേരിലില്ല. ഇസ്സംഗതിയെല്ലാം അച്ഛൻ അറിയുന്നതുപോലും ശരിയല്ല. [ഭീമരാജാവുകൂടി അറിയാതെയാണല്ലോ ദൈമി സ്വയംവരത്തെ ഇതുപറ്റിന്റെ അടുത്തേക്കയച്ചത്.] അതുകൊണ്ടു നീ ഇപ്പോൾ ഇവിടെവച്ചുതന്നേ എന്നെ സ്വീകരിക്കണം. ഞാൻ നിന്റെ മുഖത്തുനോക്കി പറഞ്ഞതൊക്കെ സത്യമാണ്.

[ശ്ലോ. ൫൫.] വളരെക്കാലമായി ആശിച്ചിരുന്ന വല്ലഭേന്ദ്രനതിന്റെ ലാഭത്താൽ സന്തോഷിച്ച് ദമയന്തി കാക്കൽ വീണുകൊണ്ട് പറഞ്ഞ ഈ വാക്ക കേട്ടപ്പോൾ (അയാ) ഈ നളൻ വൈസാരിണിയുടെ സംഗമത്താലുണ്ടാകുന്ന പ്രാപഞ്ചത്തെ നിർമ്മാൻ മാത്രം ചിന്തിച്ചുകൊണ്ടു നിന്നു, അപ്പോൾ അങ്ങനെ ഉ

കാൽത്താർ കമ്പിട്ടിവണ്ണം കളമൊഴി പറയും
　　വാക്കു കേട്ടോരുനേരം ।
ആസ്ഥായം സൈരന്ധ്രീസംഗമകലുഷലവാ-
　　പാചികീർഷുസ്ഥഭാനീ-
മാസ്ഥാം കൈവിട്ടു നിൽക്കും നളനൊരുമൊഴി കേൾ-
　　ക്കായിതാകാശമദ്ധ്യേ ॥

ശ്ലോകം.

[ശ്ലോ. ൫൫.]

വാതോഹം ശൃണു നള! ഭൂതവൃന്ദസാക്ഷീ,
രാജർഷേ! തവ മഹിഷീ വ്യപേതദോഷാ ।
ആശങ്കാം ജഹിഹി, പുനർവിവാഹവാർത്താം

ഉദാസീനനെപ്പോലെ നിന്ന നളന് ഒരു അശരീരിവാക്കു കേൾക്കുമാറായി. 'ആസ്ഥായം' എന്ന ദിക്കിൽ അസ്ഥ അയം എന്നു് പദച്ഛേദം. അസ്ഥ= ഇരുന്നു. അയം= ഇവൻ.

(സ്രഗ്ദ്ധരാവൃത്തം) 'എഴേഴായ് മൂന്നു ഖണ്ഡം മരഭന യയയും സ്രഗ്ദ്ധരാവൃത്തമാകും' എന്നു ലക്ഷണം;

[ശ്ലോ. ൫൫.]

ഹേ നള	(അ. പു. പ്ര. ഏ.)	അല്ലയോ നള
ശൃണു	(ലോട്. പ.മ.പു.ഏ.)	കേട്ടാലും
അഹം	(ദ. പു. പ്ര. ഏ.)	ഞാൻ
ഭൂതവൃന്ദസാക്ഷീ	(ന. പു. പ്ര. ഏ.)	ഭൂതവൃന്ദസാക്ഷിയായ= എല്ലാ പ്രാണികളുടെയും പ്രവൃത്തികൾക്കു സാക്ഷിയായ
വാതഃ	(അ. പു. പ്ര. ഏ.)	വാതമാകുന്ന=വായുവാകുന്ന
രാജർഷേ	(ഇ. പു. സം. പ്ര. ഏ.)	അല്ലയോ രാജർഷേ
തവ	(ദ. പു. ഷ. ഏ.)	നിന്റെ
മഹിഷീ	(ഈ. സ്ത്രീ. പ്ര. ഏ.)	ധർമ്മപത്നി
വ്യപേതദോഷാ	(ആ. സ്ത്രീ. പ്ര. ഏ.)	നിർദ്ദോഷയാകുന്നു
ആശങ്കാം	(ആ. സ്ത്രീ. ദ്വി. ഏ.)	ആശങ്കയെ
ജഹിഹി	(ലോട്. പ. മ. പു. ഏ.)	ഉപേക്ഷിച്ചാലും
ഇയം	(മ. സ്ത്രീ. പ്ര. ഏ.)	ഇവൾ
പുനർവിവാഹവാർത്താം	(ആ. സ്ത്രീ. ദ്വി. ഏ.)	പുനർവിവാഹവാർത്തയെ
ത്വാം	(യു. മ. ദ്വി. ഏ.)	നിന്നെ

ദ്രഷ്ടും താവുചിതമുപായമൈക്ഷതേയം ॥

സൗരാഷ്ട്രം—ചെമ്പട.

[ശ്ലോ. ൧൬.]

ത്രൈലോക്യപ്രാണവാക്യം കുരു നള! ജയ ജീ-
വേതി വിദ്യാധരന്മാർ
കാലേസ്മിൻ തൂകിനാർ പൂമഴ ദിവി, ഭുവി കേൾ-
ക്കായി മംഗല്യവാദ്യം ।
ആലോക്യാശ്ചര്യമേവം നിരവധിനിഷധാ-
ധിശനാം പേശലാംഗീ-
മാലിംഗ്യാലിംഗ്യ പുത്രാവപി സമമഖിലൈഃ
പ്രാപ ഭീമം പ്രസന്നം ॥

[പ. ൧൨– ൧൬. പല്ലവി.]

സഫലം സമ്പ്രതി ജന്മം നിനയ്ക്കിൽ,
ഇല്ലിനി മരിക്കിലും ക്ഷതി. ... ... സഫലം

ദ്രഷ്ടും (തുമുന്നന്തമവ്യയം) കാണ്മാൻ
ഉചിതം (അ. പു. ദ്വി. ഏ.) ഉചിതമായ
ഉപായം (അ. പു. ദ്വി. ഏ.) ഉപായമായിട്ട്
ഐക്ഷത (ലങ്, ആ. പ്ര. പു. ഏ.) കണ്ടു.
(പ്രഹർഷിണീവൃത്തം) 'ത്ര്യാശാഭിർമ്മനജരഗാഃ പ്രഹർഷിണീയം' എന്നു ലക്ഷണം.

[ശ്ലോ. ൧൬.] 'അല്ലയോ നള നീ ത്രൈലോക്യത്തിന്റെ പ്രാണഭൂതനായ വായുവിന്റെ വാക്കിനെ അനുഷ്ഠിച്ചാലും, ജയിച്ചാലും, ജീവിച്ചാലും' എന്നു പറഞ്ഞ് അപ്പോൾ വിദ്യാധരന്മാർ ആകാശത്തിൽ പുഷ്പവൃഷ്ടിചെയ്തു. ഭൂമിയിൽ മംഗല്യവാദ്യം കേൾക്കാറായി. ഈ വിധം അനവധി ആശ്ചര്യങ്ങൾ കണ്ട് നളൻ ഭാര്യയേയും പുത്രന്മാരേയും വീണ്ടുംവീണ്ടും ആലിംഗനം ചെയ്ത് അവർ എല്ലാവരോടുംകൂടി സന്തോഷിച്ചിരിക്കുന്ന ഭീമരാജാവിന്റെ അടുക്കൽ ചെന്നു. ഇതിനിടയിൽ ഭൈമി പുത്രരെയും അടുക്കൽ വിളിച്ചു വരുത്തി എന്നു അർത്ഥാൽ സിദ്ധിക്കുന്നു. (സ്രഗ്ദ്ധരാവൃത്തം).

[പ. ൧൨– ൧൬. പല്ല.] ഇപ്പോൾ ജന്മസാഫല്യം വന്നു. ഇനി മരിച്ചാലും ദോഷമില്ല. പല്ലവിയും അനുപല്ലവിയും ഭീമനും നളനും ഒന്നുപോലെ തന്നെ.

[അനുപല്ലവി.]

ഇഹലോകമിതഫലം മതമഖിലം;
അവലോകിതമഥ നിന്മുഖകമലം. ... ... സഫലം;

[പ. ഫ. ച. ഏ. ഭീമൻ.]

ജീവിതമായതെനിക്കിവളേ കേൾ,
ശ്രീവീരസേനന് നീയിഹ ലോകേ.
ദൈവതകാരുണ്യംകൊണ്ടു വിലോകേ:
ദിവസമനാധികം സന്തി ന കേ കേ
യാവദസുവ്യയം? എനിക്കു കി-
നാവിലപി ഭയം പാരേ്തുമമ
ഭാവമുദയം. നാരീരത്നം
ഭുവി ലക്ഷ്മിയം;
ഏവമേവ നീ വിശേഷപൂരുഷ,
ജീവലോകപാവനാത്മപൗരുഷ!
ജീവ ചിരായ നിരാമയമുഴിയിൽ.
മാ വിയോഗം പ്രജയോരായ പൊഴുതും;

[അനു] ഈ ഇഹലോകസുഖമെല്ലാം നിഷ്ഫലമാണെന്നാണ് ഞാൻ നിശ്ചയിച്ചിരുന്നതു്. അപ്പോൾ നിന്നെക്കാണാനിടയായി. അതുകൊണ്ടിനി കേവലം നിഷ്ഫലമല്ലെന്നു പറയാം.

[പ. ഫ. ച. ഏ. ഭീമൻ.] വീരസേനരാജാവിന് നീ എങ്ങനെയോ അങ്ങനെ ഈ ദമയന്തിയും എനിക്കു പ്രാണനാണ്. ദൈവകാരുണ്യംകൊണ്ട് എനിക്കു നിങ്ങളെ പിന്നെയും ചേർക്കാനിടയായി. [വിലോകേ. ലട്. ഉ. ഉ. പ. ഏ.]= കാണുന്നേൻ. (യാവദസുവ്യയം) മരണം വരെ. (ദിവസമനു) ദിവസം പ്രതി (കേ കേ അധികം ന സന്തി) എന്തെല്ലാമാപത്തുകളാണ് ഇല്ലാത്തതു്? ജനിച്ചാൽ മരിക്കുന്നതുവരെ ആപത്തുകളുണ്ടെന്നർത്ഥം. (സ്നേഹാധിക്യംകൊണ്ട്) എനിക്കു പണ്ടേതന്നെ നിങ്ങളെപ്പററി ഭയമുണ്ടായിരുന്നു, (എന്തുകൊണ്ടെന്നാൽ) എന്റെ സ്വഭാവം വളരെ ഭയമുള്ളതാണ്. (ഇയം ഭുവി ലക്ഷ്മിയാം നാരീരത്നം) ഇവൾ ത്രൈലോക്യസുന്ദരിയായ ഒരു സ്ത്രീരത്നമാണ്. (ഹേ വിശേഷപൂരുഷ) നീയും അതുപോലെ തന്നെ പുരുഷരത്നമാണ്. ജീവലോകത്തിന് ശുദ്ധി വരുത്തുന്ന പൗരുഷമുള്ളോവേ വളരെക്കാലം ക്ഷേമമായി ജീവിച്ചാലും. ഒരു പൊഴുതും (മാ വിയോഗം പ്രജയോഃ) നിങ്ങൾ വിരഹത്തെ പ്രാപിക്കരുതു്. തമ്മിൽ കലുഷ്യവും ഉണ്ടാകരുതു്.

ആവിലമാകാത്താശയമാക്കും. ഉ-
ദാവിതമാം വിധി തന്ന മമ നിധി. ... ... സഫലം.

[പ. ൪൬. ച. ൧. നളൻ.]
ദ്വാപരസേവിതനാം കലി വന്നു
ദുഷ്ടനെന്നുള്ളിൽ കടന്നങ്ങിരുന്നു;
ഏവരുമാരാന്നിലങ്ങാശ വളർന്നു;
പാവതിയെന്തു? സുഖങ്ങളകന്നു;
നാടും നഗരവും ഏഴുനില-
മാടശിഖരവും എല്ലാം വിട്ടു
മാടുനികരവും, നിവാസമായി
കാടും കുഹരവും.
ഭൂപലോകദീപമേ! നിനക്കൊരു
കോപശാപതാപപാത്രമായഹം.
താവകമെയ്യിലണഞ്ഞു. ഇനിമേൽ പാ-
യാവതോ ശിവമവൈഭവം? ആയതു-
മാവതുമില്ലിഹ, ദൈവവിരോധമി-
തോ വന്നതും? ഇതു പാവതിന്നതം. ... ... സഫലം.

(ഉദോജുമാവാം) ഈ നിങ്ങളെ രണ്ടു പേരെയും വിധി എനിക്കുള്ളോരു നിധിയായിട്ടു തന്നു.

[പ. ൪൬. ച. ൧.] മാടുനികരം=പശുക്കൂട്ടം. കുഹരം=ഗുഹ. ഭൂപലോകദീപമേ=രാജശ്രേഷ്ഠ. ഞാൻ നിനക്കു കോപത്തിനും, ശാപത്തിനും, (താപത്തിനും) ദുഃഖത്തിനും ലക്ഷ്യമായ്തീർന്നു. നിനക്കു എന്റെ നേരെ കോപിക്കയോ എന്നെ ശപിക്കയോ എന്നോടു ദ്വേഷത്തിൽ പുറപ്പെടുകയോ ചെയ്യുന്നതിനു ഞാൻ പാത്രമായ്തീർന്നു. ഞാൻ അതുകൊണ്ടും നിനക്കു താപം പ്രവർത്തിച്ചു എന്നു താല്പര്യം. എന്നാൽ (താവകമെയ്യിലണഞ്ഞു) ഞാൻ നിന്നെ ആലിംഗനം ചെയ്തു. നാം തമ്മിൽ പിന്നെയും ഐക്യമാകാനിടയായി എന്നർത്ഥം. (ഇനിമേൽ പായാവതോ ശിവമവൈഭവമോ) എന്റെ ചരിത്രത്തിൽ മേൽ പറയാനുള്ള ഭാഗമെല്ലാം ശിവമവൈഭവമോ തന്നെയാണ്. (ആയതുമാവതുമില്ലിഹ) ഇവിടെ ഒരു എണ്ണം പിടിയുമില്ല. എന്നാൽ ദൈവവിരോധം വന്നതാണോ ഇതിലധികവും സംഭവിക്കുന്നു. (ഇതു പാവതിന്നതം) ഇതൊക്കെ പറയുന്നതുകൂടി പ്രയാസമാണ്.

[പ. ൧൨. ച. വ. ഭീമൻ.]

വീരസേനാത്മജ! വില്ലാളിമൌലേ!
വിശ്വവിതാം വത്സ! വിപത്തുമപ്പോലേ;
സൂര്യസോമന്മാക്കും രാഹുവിനാലേ,
സുനയ! നിനക്കു വന്നതുയിർ കലിയാലേ.
പോക സാ കഥാ, ഭവാനിനി
മാഴ്കൊലാ വൃഥാ, ഭൂലോകത്തിൽ
വാഴ്ക ശാസിതാ, ശതായുഷ-
വർഷജീവിതാ.
ശക്തിയുണ്ടു ഭക്തിയോളം മായയ്ക്കു്; അ-
തന്യമതി ഭക്തി ചേ ദ്ദേതി; വാ-
മതലിതോത്താളമിതത്തൊഴിൽ തോന്നിയ-
താസ്യലോകോത്തമ! കീർത്തിമതാം വര!
പാർത്ഥിവ! ഞാനതിവാർദ്ധക്യബാധിതൻ;
പാർത്തുകൊള്ളുവാൻ മതി തവ മതി ഗതി.

മോഹനം—ചെമ്പട.

[ശ്ലോ. ൧൭.]

ഭീമേ ജാമാതൃസന്ദർശനമുദിതമതൗ
തന്മതേനോന്മുഖേ-

[പ. ൧൨. ച. വ.] ഹേ വില്ലാളിശ്രേഷ്ഠനായ വീരസേനസുത വിശ്വവത്തുകൾക്കും (അപ്പോലെ) അതുപോലെ=നീ പറഞ്ഞതുപോലെ വിപത്തു വരും. സൂര്യചന്ദ്രന്മാർക്ക് (ഉയർ) ഭീഷാ രാഹുവിനാൽ വരുന്നു. നിനക്കു കലിയാൽ വന്നു. ആ കഥ പോകട്ടെ. നീ ഇനി വൃഥാ വ്യസനിക്കരുതു. ശതായുഷവർഷജീവിതാവായിട്ടു=അനേകവർഷങ്ങൾ ജീവിച്ചിരിക്കുന്നവനായിട്ട് ശാസിതാ=രാജാവായിട്ടു ഭൂലോകത്തിൽ വാഴ്ക. ഇനി ഭീമൻ തന്റെ കാര്യത്തെപ്പറ്റി പറയുന്നു. മോക്ഷം ലഭിക്കുന്നതു വരെ മായ പ്രബലമായിരിക്കും. അതു മോക്ഷമുദിച്ചെങ്കിലേ അസ്തമിക്കൂ. (വാം തലിതോത്താളം) നിങ്ങളെപ്പോലെ ഈ അപാരതനേക്കുറിച്ചു വിചാരിക്കുന്നതാവാം (ഇത്തൊഴിൽ തോന്നിയതു്) ഈ പ്രവൃത്തിയാണ് കൊള്ളാവുന്നതെന്ന് എനിക്കു തോന്നുന്നു. എന്റെ പ്രവൃത്തിയെന്നാൽ (ഞാൻ അതിവാർദ്ധക്യബാധിതൻ) എനിക്കു വാർദ്ധക്യം അധികമായി. നിന്റെ ബുദ്ധിയുടെ പോക്ക് ഈ രാജ്യം രക്ഷിപ്പാൻ മതിയാകും.

[ശ്ലോ. ൧൮.]

ഭീമേ (അ. പു. സ. ഏ.) ഭീമൻ

ശ്രീമദ്രത്നോപക്ലുപ്തകേതുത്തടപടപിഹിതാ-
ർക്കേന്ദുതാരേ പുരേസ്മിൻ ।
പ്രാതഃ പ്രീതൈരു’പേതോ നള ഇഹ സുദിനേ
ഹന്ത ദിഷ്ട്യേ’തി പൌരൈർ-

ജാമാതൃ...മതൗ	(ഇ. പു. സ. ഏ.)	ജാമാതൃസന്ദർശനമുദിതമതിയായിരിക്കുമ്പോൾ നളനന്ദനങ്ങളെ കൊണ്ടു സന്തോഷിച്ചിരിക്കുമ്പോൾ
നന്ദനേന	(അ. ന. തൃ. ഏ.)	ആ മകന്റെ അഭിപ്രായംകൊണ്ട്
അസ്മിൻ	(ക. ന. സ. ഏ.)	ഈ
പുരേ	(അ. ന. സ. ഏ.)	പുരം=കുണ്ഡിനപുരം
ഉന്മുക്തശ്രീ...താരേ	(അ. ന. സ. ഏ.)	(ഉന്മുഖങ്ങളാൽ) ഉൽഗതരശ്മികളാൽ ശ്രീമത്തുക്കളായി (രത്നോപക്ലൃപ്തങ്ങൾ) രത്നം പതിച്ചവയായി കേതുക്കളുടെ=കൊടികളുടെ (തടങ്ങൾ) ഉയർന്നതങ്ങൾ ആയിരിക്കുന്ന പടങ്ങളാൽ=(തുണികളാൽ) വിഹിതങ്ങൾ (മറയ്ക്കപ്പെട്ടവ) ആയിരിക്കുന്ന സൂര്യചന്ദ്രനക്ഷത്രങ്ങളോടു കൂടിയതായിരിക്കുമ്പോൾ
പ്രാതഃ	(അവ്യയം)	പ്രഭാതത്തിൽ
പ്രീതൈഃ പൌരൈഃ	(അ. പു. തൃ. ബ.)	പ്രീതന്മാരായിരിക്കുന്ന പൌരന്മാരാൽ
ഇഹ	(അവ്യയം)	ഈ
സുദിനേ	(അ. ന. സ. ഏ.)	സുദിനത്തിൽ
ഹന്ത ദിഷ്ട്യാ	(അവ്യയം) (അവ്യയം)	ഭാഗ്യത്താൽ
നളഃ ഉപേതഃ	(അ. പു. പ്ര. ഏ.)	നളൻ ഉപേതനായി=പ്രാപ്തനായി
ഇതി	(അവ്യയം)	എന്ന്
ഗീതാം വാർത്താം	(ആ. സ്ത്രീ. ദ്വി. ഏ.)	ഗാനം ചെയ്യപ്പെട്ട വാർത്തയെ
ആകർണ്യ	(ല്യബന്തമവ്യയം)	കേട്ടിട്ട്

ഇത്യാകർണ്ണ്യ വാർത്താം സകുതുകമുപശൃ-
ണ്വന്നവദൽ പുണ്യകീർത്തിഃ ॥

[പ. ഹർ. പല്ലവി.]

ഈശ്വരകാരുണ്യം കൊണ്ടു നിഷധേശ്വര!
നിന്നെ ഞാൻ കണ്ടേൻ.

[അനുപല്ലവി.]

ആശ്രയം നീയിങ്ങെല്ലാർക്കും പാരം തനുജിതകാമൻ പാരം
മഹീതലസോമൻ പാരം പാർക്കിൽ. ... ... ഈശ്വര.

[പ. ഹർ. ച. ൧.]

എന്തെല്ലാം ചെയ്യുന്നപരാധം നിന-
ക്കെന്തു നമുക്കില്ല ബോധം;
എനിക്കിന്നതുകൊണ്ടുള്ളിൽ ഖേദം.
നീ എൻ തലയിൽ വയ്ക്ക പാദം.
എന്നിയില്ലാധിതെല്ലനല്പം.
എന്നതുകൊണ്ടെനിക്കില്ലൊരിളപ്പം. ... ... ഈശ്വര.

[ഹം. മ.]

മൂർത്തി കണ്ടാലഭിരാമൻ, വിദ്യ-
യോർത്തുകണ്ടാലോ നീ സോമൻ. നമ്മിൽ
മൈത്ര്യമിനി വേണം ധീമൻ! എന്നും.

സകുതുകം (ക്രിയാവിശേഷണം) കുതുകത്തോടുകൂടി
ഉപശൃണ്വൻ (അ.പു. പ്ര. ഏ.) ഉപശൃണ്വൻ
പുണ്യകീർത്തിം (ഇ. പു. ദ്വി. ഏ.) പുണ്യകീർത്തിയായ നളനോടു്
അവദൽ (ലങ് ·പ.പ്ര.പു.ഏ.) പറഞ്ഞു.
(സ്രഗ്ദ്ധരാവൃത്തം)

[പ.. ഹർ. അനു] തനുജിതകാമൻ=ശരീരംകൊണ്ടു കാമനെ ജയിച്ചവൻ.
[പ. ഹർ. ച. ൧.] എന്നി=എന്നിയേ· നീ എന്റെ തലയിൽ പാദം വ
ച്ചാലല്ലാതെ. അനല്പം=ധാരാളം. ആധിതെല്ലു് = താപലേശം ഇല്ല.
[ഹം. മ.] മൈത്ര്യം=സൗഹൃദം. പുണ്യനാമൻ=ഹേ പുണ്യകീർത്തേ! ത ന്ത്ര

നാത്ര ശങ്കാ പുണ്യനാമൻ!
വാസ്തവമാക്കിലുദർക്കമെന്നാലും;
ഹാർദ്ദത്തിനില്ലിങ്ങിനിക്കൊരിളക്കം. ... ... ഈശപാരം.

[ച. ന.]

പരിതാപം പോയങ്ങകന്നു; നമ്മിൽ
പരിചയവായ്പുമിന്നു; അസ്മൽ-
പരിപന്ഥികൾ പോയമർന്നു; ദൈവ-
പരിണാമം നന്നായി വന്നു.
പരിതോഷമുള്ളിലെഴുന്നുയർന്നു;
പരമത്തുകൊണ്ടു ഞാനിന്നിതിരന്നു. ... ... ഈശപാരം.

ഭൈരവി—ചെമ്പട.

[പ. ദ. പല്ലവി, നളൻ.]

പ്രേമ തേ തു വൃണേ ഭൂപശ്രേഷ്ഠ-
ഭൂമിപാലമണേ!

[അനു.]

കാമരമ്യകളേബര! താമരബന്ധുകുലവര! ... ... പ്രേമ.

[ച. ൧.]

അപരാധം ചെയ്തു ഞാനറിഞ്ഞുകൊണ്ടത്രേ വിശ്വവാരി-
നിധേ!
അന്നെപ്പൊഴും നിൻമുമ്പിൽ നിന്നാനൃതം പറഞ്ഞീലേ ഞാനും
ധീരമതേ!
അപരമില്ലൊരു പിഴയറിയാതെ പോലും മമ സാരമതേ!

ശങ്കാ=ഇതിൽ സംശയമില്ല. ഉദർക്കം=ഭാവിഫലം.

[ച. ന.] വായ്പ്=ആധിക്യം. ഉയർന്നു=വർദ്ധിച്ചു. അസ്മൽപരിപന്ഥികൾ=നമ്മുടെ ശത്രുക്കൾ. അമർന്നു=നശിച്ചു.

[പ. ദ. പല്ലവി.] അല്ലയോ രാജോത്തമായ ഭൂപശ്രേഷ്ഠ! തേ പ്രേമ തു വൃണേ=നിന്റെ പ്രേമത്തെയാകട്ടെ ഞാൻ വരിക്കുന്നു.

[പ. ദ. ച. ൧.] അനൃതം=വ്യാജം. താൻ അന്യനാണെന്നുള്ളത്. താൻ അവിടെയും അങ്ങോപചാരം ചെയ്തിട്ടില്ലെന്ന് ആ ഭാഗം നോക്കുക. രണാജിതവൈരികളേ=യുദ്ധത്തിൽ ജയിച്ചിരിക്കുന്ന ശത്രുസമൂഹത്തോടുകൂടിയവ

അറിഞ്ഞുകൊണ്ടതെന്നിലരസത രണജിതവൈരിവ്രജ!
രസസാരരതേ! പരം. ... ... പ്രേമ.

[ച. ൨.]

അതിസുഖവാസമിങ്ങു സുലഭമാമവനിയിലത്ര ചരിച്ചേൻ;
അനുകൂലം നിന്നെ സേവിച്ചയി നിന്മതങ്ങളെ ഞാനനു-
സരിച്ചേൻ.
അറിയാതെ പോയി മൂവാണ്ടായീ കാലമിപ്പോളതു നിന-
ച്ചേൻ;
അതിശയമത്രയുണ്ടയി നിൻഗുണത്തിനനുമനമവിച്ചേൻ;
ഉള്ളിലതിരമിച്ചേൻ ചിരം. ... ... പ്രേമ.

[ച. ൩.]

അക്ഷഹൃദയം വിദ്യയറിഞ്ഞപ്പോൾ മമ വിപദസ്തമയം
അശ്വഹൃദയം നിനക്കധുനാ തരുവൻ, വരുമദ്ധ്വോദയം.
അക്ഷയം തമ്മിലൈകമത്യം. ഇനി നമുക്കത്യുദയം.
അസ്തു പകുതി നമ്മിൽ പുകൾകൊണ്ട്. അസ്ഥിരമത്രേ
വിത്തചയം:
നമുക്കസ്തു ജയം ഭുവി. ... ... പ്രേമ.

---

൧൦. രസസാരരതേ=രസസാരത്തിൽ ശൃംഗാരത്തിൽ രതിയുള്ളവനേ.
[ച. ൨.] ഇങ്ങ്=അയോധ്യയിൽ. അതിശയം=ആധിക്യം.
[ച. ൩.] മമ വിപദസ്തമയം=എന്റെ ആപത്തുകൾക്കു അസ്തമയമുണ്ടായി. അദ്ധ്വോദയം=വഴിയാത്രയുള്ള വേഗം. അത്യുദയം=അധികമായ അഭ്യുദയം. പുകൾകൊണ്ട്=കീർത്തികൊണ്ട്. നമ്മിൽ=നാം തമ്മിൽ. പകുതി=ഭാഗം. അസ്തു=ഭവിക്കട്ടെ. നമുക്കു കീർത്തികൊണ്ട് ഒരു ഭാഗം കഴിയ്ക്കാം. വിത്തചയം അസ്ഥിരമത്രേ=ധനം നാശമാണല്ലോ. അതിനാൽ ധനം പകുക്കുന്നതിനേക്കാൾ കീർത്തി പകുക്കുന്നതാണല്ലോ നല്ലതു. ഒരാൾക്കു അശ്വഹൃദയവും മറ്റെയാൾക്കു അക്ഷഹൃദയവും അറിയാമായിരുന്നതിനെ അന്യോന്യം ഉപദേശിക്കുന്നതിനെയാണ് ഇവിടെ ഭാഗം കഴിക്കുക എന്നു പറഞ്ഞതു്. നമുക്ക് അസ്തു ജയം ഭുവി=നമുക്കു ഭൂമിയിൽ ജയമുണ്ടാകട്ടെ.

കേദാരഗൌഡം—ചെമ്പട.

[ശ്ലോ. ൧൪.]

ഈവണ്ണം ചൊല്ലി വിപ്രാം നളനടവ്യത്തുപാ-
ന്ത്ന്നു നൽകി മുഹൂർത്തം;
ഭാവം നന്നായ്തെളിഞ്ഞങ്ങഥ നിജനിലയം
പുക്ക സാകേതനാഥൻ।
വൈവശ്യം നീക്കിവാണു രമണിയൊടു നളൻ
കണ്ടിനെ മാസമാത്രം;
താവന്നിർവ്യാജരാഗം രഹസി ദയിതയോ-
ടേവമൂചേ കദാചിൽ॥

[പ. ൧൭. പല്ലവി.]

വല്ലഭേ! മമ വാക്കു കേൾക്ക നീ
വനിതാരത്നമേ!

[അനുപ.]

കല്യശീലേ! കമലനയനേ!
കാമിനിമാർകുലമൌലേ! ... ... വല്ലഭേ.

[ച. ൧.]

കാലം കല്യാണി! മൂന്നുവർഷമായി നമ്മുടെ രാജ്യം പലനാ-
ളനുഭവിക്കുന്നു
കൃതഘ്നനായ് തസ്കരനായ പുഷ്കരൻ കലി തുണയ്ക്കയാൽ
ബലപുഷ്കലൻ;
കരുത്തുകൊണ്ടു ഞാൻ പുഷ്കരൻ; തദ്വധം ന ദുഷ്കരം.
... ... വല്ലഭേ.

[ശ്ലോ. ൧൪.] മാസമാത്രം=ഒരുമാസകാലം. താവൽ=അപ്പോഴും അങ്ങനെയു ള്ള്. കദാചിൽ=ഒരിക്കൽ. ഊചേ=പറഞ്ഞു.

(സ്രഗ്ദ്ധരാ വൃത്തം)

[പ. ൧൭. അനുപ.] കല്യശീലേ=നിർദ്ദോഷശീലേ.

[ച. ൧.] കൃതഘ്നൻ=ദുഷ്ടൻ. തസ്കരൻ=കള്ളൻ. ബലപുഷ്കലൻ=ബല വിഷയത്തിൽ പുഷ്കലൻ. പുഷ്കലൻ=സമൃദ്ധൻ. തദ്വധം=ആ പുഷ്കരന്റെ വധം.

[ഖ. ഉ.]

സ്വൈരം നീ വാഴ്ക താതനിലയനേ സുതരോടുംകൂടെ
സുഭഗേ!
ചിലദിനമിവിടെ സുവദനേ! ഞാൻചെന്നു രിപുനിധനം
ചെയ്യുവളവും
തവ വാഹനം താവകമിഹ സദനംപ്രതി നാഗരികജനം
... ... വല്ലഭേ.

[ഖ. ന. ശൈലി.]

നാഥ! നിന്നോടു വേർപിരികിലോ പെരികെ വേദന;
നഹി മേ സന്താപമന്തം വരികിലോ. സ്മർത്തവ്യമിതു നി-
ത്യവും;
ഇഹ കഥ്യതേ ഇതു നിസ്രൂപം. പ്രസ്ഥിതാസ്മി തത്ര ഞാൻ,
യത്ര വാസി കുത്ര വാ

[പുഷ്കരൻ.]

വല്ലഭ! മമ വാക്കു കേൾക്കണം നീ വന്ദേ നിൻപാദം

[ച. വ.] താതനിലയനേ=അച്ഛന്റെ ഗൃഹത്തിൽ. ചിലദിനം= ഏതാനും ദിവസം. സുവദനേ=സുമുഖി. * രിപുനിധനം=ശത്രുവധം. താവകം സദനം പ്രതി= നിന്റെ ഗൃഹത്തിലേക്ക്. നാഗരികജനങ്ങളേയും വാഹനങ്ങളേയും അയക്കുന്ന അയക്കാം.

[ച. ന.] ഹേ നാഥ നിന്നോടു വേർപിരിയുന്നതിൽ എനിക്ക വളരെ ഖേദമുണ്ട്. അന്തം വരികിലോ= കഴിയുന്നതായാൽ. നഹി മേ സന്താപം=എനിക്ക ദുഃഖമില്ല. സ്മർത്തവ്യം ഇതു നിത്യവും= ഈസ്സംഗതി എപ്പോഴും മനസ്സിൽ ഇരിക്കേണ്ടതാണ്. ഇത് ഇഹ നിസ്രൂപം കഥ്യതേ= ഇത് ഇവിടെ ചഞ്ചൽ കൂടാതെ എന്നാൽ പറയപ്പെടുന്നു. ഇതു മനസ്സിൽ വിചാരിക്കേണ്ടതല്ലാതെ വിളിച്ചു പറയേണ്ടതല്ല. യത്ര വാ കുത്ര വാ അസി= നീ എവിടെ ആയിരുന്നാലും, തത്ര ഞാൻ പ്രസ്ഥിതാ അസ്മി= അവിടെ ഞാൻ പുറപ്പെട്ടുവരുന്നു.

* 'സുരവേദനേ' എന്നും ഒരു പാഠമുണ്ട്. അതിൽ, ശോഭനമായ്‌ വേദനത്തിൽ, നല്ല ചൂതുകളിയിൽ രിപുനിധനം ചെയ്തു എന്നു മേലോട്ടുന്യായം.

ശങ്കരാഭരണം-അടന്ത.

[ശ്ലോ. ഹ്രു.]

ആമന്ത്ര്യ കാന്താം വിരഹാസഹാം താം
ഭീമം തതോന്യാനപി നൈഷധോസൗ ।
ശ്രീമന്തമാരുഹ്യ ഗജം സസൈന്യോ
ഹേമന്തവൽ പുഷ്കരഹാനയേഗാൽ ॥

[പ. ഹാ. പല്ലവി.]

അതിപ്രൗഢ! അരികിൽ വാടാ ചൂതു പൊരുവാനായി
അതിപ്രൗഢ! അരികിൽ വാടാ.

[ശ്ലോ. ഹ്രു.]

അസൗ	(സ. പു. പ്ര. ഏ.)	അവൻ
നൈഷധഃ	(അ. പു. പ്ര. ഏ.)	നളൻ
വിരഹാസഹാം	(ആ. സ്ത്രീ. ദ്വി. ഏ.)	വിരഹത്തെ സഹിക്കാത്തവളായ
താം	(ത. സ്ത്രീ. ദ്വി. ഏ.)	ആ കാന്തയോടും
കാന്താം	(ആ. സ്ത്രീ. ദ്വി. ഏ.)	
ഭീമം	(അ. പു. ദ്വി. ഏ.)	ഭീമനോടും
തതഃ	(അവ്യയം.)	പിന്നെ
അന്യാൻ	(അ. പു. ദ്വി. ബ.)	മറ്റുള്ളവരോടും
അപി	(അവ്യയം.)	
ആമന്ത്ര്യ	(ല്യബന്തമവ്യയം.)	യാത്ര ചോദിച്ചിട്ട്
ശ്രീമന്തം	(ത. പു. ദ്വി. ഏ.)	ശ്രീമാനായിരിക്കുന്ന
ഗജം	(അ. പു. ദ്വി. ഏ.)	ഗജത്തെ
ആരുഹ്യ	(ല്യബന്തമവ്യയം.)	ആരോഹണം ചെയ്തിട്ട്
സസൈന്യഃ	(അ. പു. പ്ര. ഏ.)	സൈന്യങ്ങളോടു കൂടിയവനായിട്ട്
ഹേമന്തവൽ	(അവ്യയം.)	ഹേമന്ത ഋതു എന്നപോലെ
പുഷ്കരഹാനയേ	(ഇ. സ്ത്രീ. ച. ഏ.)	പുഷ്കരന്റെ (ഹേമന്തപക്ഷത്തിൽ താമരപ്പൂവിന്റെ) ഹാനിക്ക നാശത്തിനായിട്ട്
അഗാൽ	(ലുങ്. പ. പ്ര. പു. ഏ.)	പോയി.

[അനുപ.]

മമ പ്രാണപര്യന്തം മറെറാന്നില്ല വേല. ... അതി.

[പ. ഏ. ച. മ.]

ഇനിയുമൊരിക്കൽ എന്നെ ജയിക്കണം; ഇതിനു
പണയം പറയാം; അതു ധരിക്കണം.
ധനവും പ്രാണനും തോററാലൊഴിക്കണം; ജയിച്ചാൽ
മനവും തെളിഞ്ഞു രാജ്യം ഭരിക്കേണം, സുഖിക്കണം.
... ... അതി.

[ച. വ.]

പണ്ടേ ഇരുന്ന ധനം നിനക്കു ഞാൻ തന്നു;
രണ്ടാമതും തേടിനേൻ കണക്കെ ഞാൻ.
മിണ്ടാതിരിക്കും താപം തണുക്കിൽ ഞാൻ. ഇനിയോ
മിണ്ടീടാം മഹാദേവൻ തുണയ്ക്കയാൽ നിനക്കു നീ ... അതി.

[ച. ന.]

ദ്യൂതമിനി തുടർന്നാൽ അപജയം എന്നു
ചേതസി നിനക്കു നീ. യദി ഭയം
നീ തരിക മേ മഹാരണഭയം. എനിക്കോ—
ഭേദമില്ലാതപോലെ തദ്ഭയം ദ്യൂതജയം. ... ... അതി.

ഹേമന്തമഴുവിൽ മഞ്ഞുകൊണ്ടു താമര നശിക്കും.

ഉപമാലങ്കാരം.

(ഇന്ദ്രവജ്രാവൃത്തം)

കേളിന്ദ്രവജ്രക്കു തതം ജഗം ഗം' എന്നു ലക്ഷണം.

[പ. ഏ. ച. വ. ന.] മിണ്ടാതിരിക്കും = സ്വസ്ഥമായിരിക്കും സുഖമായിരിക്കും. മിണ്ടീടാം= പോരിനു വിളിക്കാം. എനിക്കിപ്പോൾ ശിവപ്രസാദമുള്ളതിനാൽ പരാജയമേതുമില്ലെന്നർത്ഥം. യദി ഭയം = ചൂതു പൊരുന്നതിനു നിനക്കു ഭയമാണെങ്കിൽ മഹാരണഭയമെന്നു എനിക്കു തരിക. മഹാരണഭയം= വലിയ യുദ്ധമാകുന്ന പണയം. തദ്ഭയം= അതു രണ്ടും, ദ്യൂതവും യുദ്ധവും;

സാരംഗം—അടന്ത.

[ശ്ലോ. ൫൭.]

ധീരോദാത്തഗുണോത്തരോരുരസസം-
രബ്ധോദ്ധതാർത്ഥാം ഗിരം
മൈസൂരാരാധ്യവിധാതൃദാരവിഹിതോ-
ദാരപ്രസാദാന്മുഖാൽ ।
ആരാദാത്തമനാ മനാഗ്ദിശമയൻ
മാനാഭിമാനോന്മനാ

[ശ്ലോ. ൫൬.]

ദൂരാപാസ്തനയഃ (അ. പു. പ്ര. ഏ.) ദൂരത്തിൽ ത്യജിക്കപ്പെട്ട നയത്തോടു കൂടിയവർ

പപ്പുരഃ (അ. പു. പ്ര. ഏ.) പപ്പുരൻ

ധീരോ . . . ർത്ഥാം (അ. സ്ത്രീ. ദ്വി. ഏ.) ധീരോദാത്ത ഗുണങ്ങളെക്കൊണ്ടു ഉൽകൃഷ്ടമായും ഉരു(പ്രൗഢ)മായും രസസംരബ്ധ (പറയുന്നതുപോലെ പ്രവർത്തിക്കും എന്നുള്ള ഉറപ്പോടുകൂടിയതു) ആയും ഉദ്ധതാർത്ഥ (ഗർവ്വവ്യഞ്ജകമായ അർത്ഥത്തോടുകൂടിയതു്) ആയും ഇരിക്കുന്ന

ഗിരം (ഇ. സ്ത്രീ. ദ്വി. ഏ.) വാക്കിനെ

മൈസൂരാ . . . സാദാൽ (അ. ന. പ. ഏ.) മൈസൂരരാജാവിന്നും ആരാധിക്കപ്പെട്ടിരിക്കുന്ന വിധാതൃദാരങ്ങളാൽ(സരസ്വതിയാൽ) ചെയ്യപ്പെട്ടിരിക്കുന്ന ഉൽകൃഷ്ടപ്രസാദത്തോടുകൂടിയിരിക്കുന്ന

മുഖാൽ (അ. ന. പ. ഏ.) മുഖത്തിൽനിന്നു് = അർത്ഥാൽ നളന്റെ മുഖത്തിൽനിന്നു്.

ആരാൽ (അവ്യയം) സമീപത്തിൽ

ദിശമയൻ (ൻ. പു. പ്ര. ഏ.) കേട്ടിരുന്നവനായിട്ടു

മനാക്ക് (അവ്യയം) കുറഞ്ഞൊന്നു്

ദുർമ്മദാന്ധമനാഃ സ്മ പുഷ്കരഉപേ-
ത്യാഭാഷതേ നൈഷധം ॥

[പ. വ്യാ. പല്ലവി.]

നന്നേ വന്നതിപ്പോൾ നീതാൻ
നൃപ! നരലോകവീര!

[അനു.പ.]

നയനിധേ നീയും ഞാനും നവനവമനോപൂർണം
ദേവനരണമിന്നു ചെയ്തീടേണം. ... ... നന്നേ.

[പ. വ്യാ. ച. ൧.]

മുന്നേയുള്ള ധനങ്ങളും മുഴുവനേയിങ്ങടങ്ങി,
മുദിതമതിരഹമതിതരാം,
ഉദ്ഗതമായിതു മൽബലം. ബാഹു-
വിജിതചരമിനി ദേവന
ജയമെങ്കിലെന്തിന ശങ്ക നിനക്കു?
മുന്നേയുള്ള ധനങ്ങളും മുഴുവനേയിങ്ങടങ്ങി,
നിന്നെ വനവാസത്തിനയച്ചിട്ടേ, പിന്നെ

ആർത്തമനാഃ (സ. പു. പ്ര. ഏ.) ദുഃഖിതനായി
മാനാലി...മനാഃ (സ. പു. പ്ര. ഏ.) മാനാലികാന്തങ്ങളെക്കൊണ്ട് ഗർവ്വുകൊണ്ടും അഹങ്കാരംകൊണ്ടും ഉന്മനസ്സ് (വ്യാകുലൻ) ആയിട്ട്
നൈഷധം (അ. പു. ദ്വി. ഏ.) നളനെ
ഉപേത്യ (ല്യബന്തമവ്യയം) പ്രാപിച്ചിട്ട്
ആഭാഷതേ (ല. ആ. പ്ര പു. ഏ.) } സംഭാഷണം ചെയ്തു
സ്മ (അവ്യയം) } പറഞ്ഞു.
(ശാർദ്ദൂലവിക്രീഡിതം വൃത്തം)

[പ. വ്യാ. അനുപല്ലവി.] നവനവമനോപൂർണം = പുതിയ പുതിയ...യുള്ള സാമർത്ഥ്യത്തോടുകൂടെ. ദേവനരണം=ദ്യൂതമാകുന്ന യുദ്ധം.

[പ. വ്യാ. ച. ൧.] മുദിതമതിരഹമതിതരാം= ഞാൻ ഏറ്റവും സന്തോഷിച്ചവനായി. ഉദ്ഗതമായിതു= (കവിഞ്ഞു നിൽക്കുന്നു) മൽബലമകെ

വന്നാനേ, നന്നധികം, ഒന്നു നിർണ്ണയം
വീരസേനനന്ദന! മൂഢമൂഢ! ... ... നന്നേ.
[പ. ൫]
പുനരപി ധനം തവ ഭൂരി മറ്റെന്തു ചൊൽക?
പൂവലണിതനുരമണിയൊഴിയവേ.
ബുദ്ധിശക്തിയുമസ്തമിച്ചിതു.
താവും വസനമോ, ഭൂഷണങ്ങളോ,
നാവോ, പാണിയോ, ഭീമഭൂപസുതയോ?
പുനരപി ധനം തവ ഭൂരി മറ്റെന്തു ചൊൽക?
പുതുമധുമൊഴിയാളാം ഭൈമിയെ പുണരുവതിന്നു മേ
സമ്പ്രതി തരുവാനോ നീ വന്നു?
നേരറിഞ്ഞേനേ നള വൈരസേനേ! ... ... നന്നേ.
[പ. ൬]
പ്രൗഢത ഭാവിച്ചു പേ പറവതോ മൂഢ?
പേടിലവമതു പോയിതോ തവ പേശലാംഗി മൽപ്രേയസീം
പ്രതി?
പാടവം കപടത്തിലെന്നിയേ എന്തിനുള്ളതു ഹന്ത തേ വദ?
പ്രൗഢത ഭാവിച്ചു പേ പറവതോ മൂഢ?
കൂടസാക്ഷിയല്ലയോ നീയെടോ?
നാടിരേഴിന്നും ചോടേ നീ വീഴണം
നരകത്തിൽ. നിചമാനസ!

---

൩. വിദിതചരം= മുൻകൂട്ടി അറിയപ്പെട്ടതു്. ഒന്നു നിർണ്ണയം= ജയിക്കുന്നതു ഞാനെന്നുള്ളതു നിശ്ചയം തന്നെ.

[പ. ൫.] പിന്നെയും നിനക്ക വളരെ ധനമുണ്ടെന്നു പറഞ്ഞു് '(പൂവലണിതനുരമണി) പൂവൽ=മനോഹരവും, അണി=അലംകൃതവുമായ ശരീരത്തോടുകൂടിയ ഭൈമി ഒഴികെ മറ്റെന്താണുള്ളതെന്നു പറ. ബുദ്ധിയോ നശിച്ചുപോയി, പിന്നീടുള്ളതു് വസ്ത്രമോ, ആഭരണമോ, വാഗ്സാമർത്ഥ്യമോ, കയ്യൂക്കോ, ഭൈമിയോ എന്താണെന്നു പറക.

[പ. ൬.] മൽപ്രേയസീം= എനിക്ക അനുരാഗമുള്ള ഭൈമിയെക്കുറിച്ചു് നിനക്കുണ്ടായിരുന്ന ശങ്ക ഇപ്പോൾ പോയോ? കൂടസാക്ഷി=കള്ളസ്സാക്ഷി. പണ്ടു ചൂതിൽ തോററപ്പോൾ പുഷ്കരൻെറ വിധിപ്രകാരം നാട്ടിൽ കയറുകയില്ലെ

നിന്നെ വിട്ടവെനോ? ഞാനേ ചൊന്നതിപ്പോൾ
മീ തേൻ നയാനയബോധഹീന! ... ... ഞാനേ.

തോടി—അടന്ത

[ശ്ലോ. ൧൭]

വാദിച്ചേവം കയർത്തു വടിവൊടിതവരും
ചൂതിനായങ്ങിരുന്നു;
മോദിച്ചേ വന്നടുത്തു പലരുമിഹ; നള-
ന്നന്നു ദാക്ഷ്യം പെരുത്തു;
ബാധിച്ചോനെക്കെടുത്തു ബഹുജനനടുവേ;
വൈരമുൾക്കൊണ്ടടുത്തു;
ശാസിപ്പാൻ വാളെടുത്തു; ചകിതമവരജം
പാരമാടൽപ്പെടുത്തു.

[പ. ൧൯. പല്ലവി]

ജീവിതം തേ സംഹരാമി; നാവു മുന്നേ
ഭാവമുള്ളൂ; ദുർമ്മതേ! നീച! ചിരായ വേപസേ കിം?

[അനുപല്ലവി]

ആവിലിതശശികുലം അതിചാപലമാർന്നു നിന്നെ

ന്നു് സത്യം ചെയ്തിട്ടു് ഇപ്പോൾ വന്നതിനെപ്പറ്റി അറിയിക്കണം ഇങ്ങനെ പറയുന്നതു്. നയാനയബോധഹീന=നയാപനയങ്ങളുടെ അറിവില്ലാത്ത വനേ എന്നു് സംബോധനം.

[ശ്ലോ. ൧൭] മോദിച്ചേ വന്നടുത്തു പലരുമിഹ=ചൂതു കാണാൻ പലരും കൗതുകത്തോടുകൂടി വന്നുചേർന്നു. ദാക്ഷ്യം=സാമർത്ഥ്യം. ബാധിച്ചോനെ കെടുത്തു=മുമ്പിൽ തന്നെ ഉപദ്രവിച്ചവനെ മടക്കി. ചകിതം അവരജം=പേടിച്ചിരിക്കുന്ന അനുജനെ. പാരം=ഏറ്റവും. ആടൽപ്പെടുത്തു=വ്യസനപ്പെടുത്തി.

[പ. ൧൯. പല്ലവി] ജീവിതം തേ സംഹരാമി=ഞാൻ നിന്റെ ജീവനെ സംഹരിക്കുന്നു്. എന്നാൽ നാവു മാത്രമേ ഇപ്പോൾ സംഹരിക്കാൻ ഭാവമുള്ളൂ. 'നാവുമുന്നേ' നാവു മുമ്പിലായിട്ടു ഇളക്കാൻ ഭാവമുള്ളൂ എന്നു് അന്വയമുണ്ടാക്കണം. ഹേ നീച ദുർമ്മതേ പിന്നെ നീ എന്തിനു വിറയ്ക്കുന്നു. നാവറുത്തതിനശേഷമേ നിന്നെ കൊല്ലാൻ നിശ്ചയിച്ചിട്ടുള്ളൂ. അതുകൊണ്ടു നീ ഇപ്പോഴേ ഭയപ്പെടേണ്ട.

[അനുപ.] കലുഷവംശത്തെ ക്ഷോഭിപ്പിച്ചവനും അതിചപലനുമായ നിന്നെ ഞാനി

ഞാനിന്നു കൊല്ലുകിലാദരമോ ചിത്തത്തിൽ വൈരം?
അപരാധജന്മമത്തു വിധം മമ? ... ജീവി.

[പ ൪]

കൊല്ലുവാനെന്നല്ല, ദുരാശയ! കോപമധികമുണ്ട്, എങ്കിലുമെന്നാ-
ജ്ഞല്ലയോ പണയം വച്ചു ചൂതിനിങ്ങുള്ളൊരു ധനചയം, ജീവനും "നവ-
പല്ലവാംഗി മധുരവാണി ഭൈമിയുമിങ്ങു വന്നു" വെന്നു നീ പറ-
ഞ്ഞ വാക്കിനു
നല്ല ശിക്ഷയെന്തു വേണ്ടുവെന്നതു് നിധനമെങ്കിലതു നമുക്കു തോ-
ന്നിത്തും ... ജീവി.

[പ. എൻ. ച. വ.]

ധൃഷ്ടനായ് നീ പണ്ടു ജയിച്ചതു കിതവ! ന തവ കേൾ കുശലതാ; കലി-
ദുഷ്ടമായി മന്മാനസമന്ദിനമിന്നിതുകതളിരിലവഗതം. തവ-

ന്നു കൊന്നാലും എന്റെ കോപം ശമിക്കയില്ല. എന്തുകൊണ്ടെന്നാൽ നീ എനിക്കു ഒഴിവില്ലാത്ത പല അപരാധങ്ങളെ ചെയ്തിട്ടുണ്ടല്ലോ.

[പ. ൪.] ഇന്നെനിക്കു നിന്നെ കൊല്ലാൻമാത്രമല്ല അതിലധികമുണ്ട് കോപം. എന്നാൽ പരിഭ്രമിക്കേണ്ടില്ല. ജീവനും ധനവും എല്ലാം നീ എനിക്കു പണയംവച്ചിരിക്കയാണല്ലോ. "നവപല്ലവ..............വന്നു" ഭൈമിയും (ഇങ്ങു വന്നു) എനിക്കു ലഭിച്ചു. "പുതുമധുമൊഴിയാളും ......" എന്നു മുൻപദത്തിലെ പുഷ്കരവാക്യമാണ് ഇവിടെ അനുവദിക്കപ്പെട്ടിരിക്കുന്നതു്. ഇങ്ങനെ നീ അധിക്ഷേപം പറഞ്ഞതിനു് ശിക്ഷ എന്തുവേണ്ടു എന്നാണ് എനിക്കു ആലോചന. ആ ശിക്ഷ വധം മതിയെങ്കിൽ അതു നമുക്കു തോന്നണം. പുസ്തകങ്ങളിൽ "ഭൈമിയുമിങ്ങുവന്നു നീ പറഞ്ഞ" എന്ന പാഠം കാണുന്നില്ല.

[പ. എൻ. ച. വ.] ധൃഷ്ടൻ=പ്രഗത്ഭൻ. തവ കുശലതാ ന=നിന്റെ സാമർത്ഥ്യമല്ല. കലിദുഷ്ടം=കലിയാൽ ദുഷിപ്പിക്കപ്പെട്ടതു്. (തവ വിഷയപ്പെട്ടതിനു്) മടക്കപ്പെട്ട നിന്നെ പിന്നെയും ഹിംസിക്കുന്നതിനു് (നിഷ്ഠുരമുഷ്ടിഘട്ടനം) തീവ്രങ്ങളായ മുഷ്ടികളെക്കൊണ്ടിടിക്കുക. (ദ്രുതം) ഏറ്റവും ദ്രുതം. മതിയാകുമെന്നു താല്പര്യം. എങ്കിലും ശിഷ്ടനായ എനിക്കു് അതിൽ കൗതു

പിഷ്ടപേഷമതിന ദൃഷ്ട! നിഷ്ഠുരമുഷ്ടിഘട്ടനം ശ്രദ്ധിഷ്യം എങ്കിലു-
മൊട്ടുമില്ല ശിഷ്ടലോകകൃത്യം. കരിണമേവ ഹരിർഹന്തി ന കിരി-
മപി... ജീവി.

[ച. ന.]
"നിരസം നിന്ദാപദമെതിതരാം വീരസേനസുതനേകദാ കൃത-
വൈരമാതുരം ഭ്രാതരം കൊന്നു ദ്യൂതപോരിലു ബത രോഷിത-
നായ്"
പാരിലിന്നു വീരരായ പരിഷകളും പാഴ്പറഞ്ഞു പരിഹസിപ്പു-
തെന്നതു്
പാരമിങ്ങസാരതേതി ചേതസി ഭാവന ഭവാന ജീവനൗഷധം.
... ജീവി.

മോഹനം—ചെമ്പട.

[ശ്ലോ. ൩൯.]
കൊല്ലുകഞ്ഞാലോ കൊൽകിലോ നല്ലതെന്നാ-
ണുല്ലാസത്തോടോത്തു നിന്നു നളൻ താൻ ।
നില്ലാതോളം കൗതുകാൽ വന്നിതപ്പോൾ
കല്യാണാത്മാ ഹംസരാജൻ ബഭാഷേ ॥

കമില്ല. എന്തുകൊണ്ടെന്നു് അർത്ഥാന്തരന്യാസംകൊണ്ടു സമർത്ഥിക്കുന്നു. (ഹരിഃ) സിംഹം. (കരിണം ഏവ) ആനയെമാത്രമേ (ഹന്തി) കൊല്ലുന്നുള്ളു. (ന കിരിമപി) പന്നിയെപ്പോലും കൊല്ലുകയില്ല. സിംഹം ആനയെ അല്ലാതെ പന്നിയെ കൊല്ലുകയില്ലെന്നു് സാരം. ശിഷ്ടന്മാർ വീരന്മാരെ അല്ലാതെ നിന്നെപ്പോലുള്ള ഭീരുക്കളെ കൊല്ലുന്നതു് യുക്തമല്ലെന്നു താല്പര്യം.

[ച. ന.] നീരസനും നിന്ദ്യനും വിരോധംചെയ്യുവനും ഭിന്നനുമായ അനുജനെ ഒരിക്കൽ നളൻ ദ്യൂതപോരിൽ കോപിച്ചു കൊന്നു എന്നു് വീരന്മാർ എന്നെ അപവാദംപറഞ്ഞു് പരിഹസിക്കാനിടയാകുമല്ലോ. എന്നാൽ അങ്ങനെ വരുന്നതു നമുക്കു് (അസാരതാ) കുറവുമാണല്ലോ. എന്നു് എനിക്കു മനസ്സിലുള്ള (ഭാവന) വിചാരം നിനക്കു് (ജീവനൗഷധം) ആയി. ലോകാപവാദം ഭയപ്പെട്ടിട്ടു ഞാൻ നിന്നെ കൊല്ലാൻ മടിക്കുന്നുള്ളു.

[ശ്ലോ. ൩൯.] നില്ലാതോളം—അവസാനിക്കാത്തതു്. (കല്യാണാത്മാ) മംഗളരൂപൻ. (ബഭാഷേ) പറഞ്ഞു.

[പ. ര. പല്ലവി.]

നിഷധേന്ദ്ര! ബന്ധുകുമുദാകരചന്ദ്ര!
നീ ജയിക്ക നയവാരിധേ!

[അനുപ.]

പ്രേഷിതോസ്മി ഞാനിഹ സഖേ സമാപ്തുവാൻ
വിഷമങ്ങളും തീർന്നു തേ വിശ്രമമുണ്ടായ്‌വരിക. ... നിഷ.

[പ. ര. ച. ക.]

ബന്ധുവാകിൽ വിപദി വേണ്ടു, ഭവ്യം വരുമ്പോളാരില്ലാത്തു
എന്നു ഞാനറിഞ്ഞിട്ടും വന്നില്ലിത്ര നാളും.
വെന്തു മേ ഹൃദയമാകിലെന്നതുകൊണ്ടെന്തു ഫലം?
എന്തു ചൊൽവൂ? അന്യായം നിനന്നാട്ട കലിവിരോധം.
... ... നിഷ.

[ച. ര.]

നളിനഭവനിലയനാൽ ഞാനിഹാഗതനായി,
നള! നിന്നോടിതു ചൊല്ലുവാനരുളിച്ചെയ്തു ധാതാ.
'നലമൊടേ മൈത്രിയോടൊരുമിച്ചു ധരണിതന്നിൽ
നവനവവിഭൂതിരസമനുഭവിച്ചു വസിക്ക' എന്ന്... നിഷ.

[ച. മൂ.]

പുനരപി വിശേഷിച്ചൊന്നരുളിച്ചെയ്തു കേൾക്ക നീ
ഭുജഗുണനിധേ വധിയാശു പുഷ്കരനെയെന്ന്.

[പ. ര. പല്ല] ബന്ധുകുമുദാകരചന്ദ്ര= ബന്ധുക്കളാകുന്ന ആമ്പൽക്കൂട്ടത്തിന്നു ചന്ദ്രനായുള്ളോവേ.

[അനു] ഹേ സഖേ! ഞാൻ ഇവിടെ (പ്രേഷിതഃ) പ്രേഷിതനായിട്ട് (സമാപ്തുവാൻ) (അസ്മി) വന്നിരിക്കുന്നു.

[പ. ര. ച. ക.] വിപദി=ആപത്തിൽ. ഭവ്യം= നല്ലകാലം. വെന്തു മേ ഹൃദയമാകിൽ= എന്റെ ഹൃദയം വെന്തുവെങ്കിൽ.

[ച. ര.] നളിനഭവനിലയനാൽ= ബ്രഹ്മലോകത്തിൽനിന്ന്. നവനവവിഭൂതി= പുതിയ പുതിയ ഐശ്വര്യം.

[ച. മൂ.] ഭുജഗുണനിധേ = വീര. ദുരിതഫലശമനി = പാപങ്ങളെ ശമിപ്പി

ഭുവി ദിവി ച തവ കീർത്തി ദുരിതഫലശമനീതി
ഭുവനപതിയനുഗ്രഹിച്ചു ഭൂപതേ! കുശലമസ്തു. ... നിഷ്ഠ

പന്തുവരാളി—പഞ്ചാരി.

[പ. ഉ. പല്ലവി. നളൻ.]

സ്വാഗതം ദയാപയോനിധേ! ഹംസരാജ!
ഭാഗധേയപൂരവാരിധേ!

[അനുപ.]

ഏകതാനതാ നിനക്കു
ശോകതാനവേ മമൈവ. ... ... സ്വാഗ.

[പ. ഉ. ച. ഒ. നളൻ ഹംസത്തോടു.]

എന്നെ നീ മറന്നുവെന്നു ഖിന്നനായിതൊരിത്തന്നു;
ധന്യചരിത! വന്നതിന്നു നന്നു നന്നഹോ.
മുന്നമാധികല്ക്കുധാരനിന്നരികിൽ വന്നു ചേർന്നു;
വന്നു മേ വിപന്നിരാസമെന്നു നിർണ്ണയം. ഹംസരാജ!
... ... സ്വാഗ.

[ച. ര. പുഷ്കരനോടു.]

പുഷ്കരാസനാജ്ഞ കേട്ടു പുഷ്കലാദരേണ ഹന്ത!
പുഷ്കര! ഭവാനെ ഞാൻ വധിക്കയില്ലിനി;
ത്വൽകൃതാപരാധമല്ല ദുഷ്കലീഹിതം തദഖിലം;
മൽകുലീനനായി നീയിരിക്ക ഭൂമിയിൽ സുഖേന.

[പല്ലവി.]

പോക വാഴ്ക നീ യഥാസുഖം; ത്വയി മമാസ്തു
പൂർവ്വതോപി പ്രചുരകൗതുകം.

ക്കുന്നു്.

[പ. ഉ. പല്ലവി.] സ്വാഗതം = നല്ല വരവ്. നീ വന്നതു നന്നായി എന്നർത്ഥം.

[അനുപ.] നിനക്കു് (മമൈവ) എന്റെ തന്നെ ശോകതാനവേ=ശോകത്തെ കൃശമാക്കുന്നതിൽ (ഏകതാനതാ) ഐകമത്യം= ഇനിവ്.

[ശ്ലോ. ൩. പുഷ്കരൻ.]

ക്ഷോണിപാല! ഞാനൊന്നോർത്താൽ ബാലചാപലമെന്തുചെയ്തു
കാണതഖിലവും നരേന്ദ്ര! കലിവിലാസമേ.
പ്രാണനെയും പണയമാക്കി; മൗനമിനിയെനിക്കു നല്ലൂ;
നൂനം ഭവദധീനം നിധനമവനമെങ്കിലും.

[പല്ലവി.]

അവനിപാലധുർവ്വഹോ ഭവാനഹോ! ഭുവോ
നള! ചിരായ സാർവ്വഭൗമനായി വാഴ്ക നീ.

സൗരാഷ്ട്രം—അടന്ത.

[ശ്ലോ. ൧൦.]

പുഷ്കരൻ മനസി പുഷ്കലമോദം
പുക്കവാണു നിജമേവ നികേതം!
സൽകൃതിം നളകൃതാം സ ഗൃഹീത്വാ
തൽക്ഷണം നളമുവാച ഖഗേന്ദ്രഃ ॥

[പ. ൧൦. പല്ലവി.]

അഖിലം കല്യാണം നമുക്കിനി

[ച. ന.] നിധനം=വധം. അവനം= രക്ഷണം.

[പല്ലവി.] അവനിപാലധുർവ്വഹൻ = രാജശ്രേഷ്ഠൻ, ആയ ഭവാൻ ഭുവഃ= ഭൂമിയ്ക്ക്. സാർവ്വഭൗമനായി വാഴ്ക.

[ശ്ലോ. ൧൦.] നിജമേവ നികേതം = സ്വഗൃഹത്തെത്തന്നെ.

സഃ	(ത. പു. പ്ര. ഏ.)	അവൻ
ഖഗേന്ദ്രഃ	(അ. പു. പ്ര. ഏ.)	പക്ഷിശ്രേഷ്ഠൻ ഹംസവും
ച	(അവ്യയം.)	
നളകൃതാം	(ആ. സ്ത്രീ. ദ്വി. ഏ.)	നളനാൽ ചെയ്യപ്പെട്ട
സൽകൃതിം	(ഇ. സ്ത്രീ. ദ്വി. ഏ.)	സൽകൃതിയെ = സൽക്കാരത്തെ
ഗൃഹീത്വാ	(ക്ത്വാന്തമവ്യയം.)	സ്വീകരിച്ചിട്ട്
തൽക്ഷണം	... ...	... ...
നളം	(അ. പു. ദ്വി. ഏ.)	നളനോട്
ഉവാച	(ലിട്. പ. പ്ര. പു. ഏ.)	പറഞ്ഞു.

(സ്വാഗതാവൃത്തം) 'രം നരം ഭ ഗുരുവും സ്വാഗതാ' എന്നു ലക്ഷണം.

[പ. ൧൦. പല്ലവി.] അഖിലം = പരിപൂർണ്ണം. അമിതഫലം = വളരെ

അവികലമമിതഫലം.

[അനു. പ.]

അകിൽമണമെഴും നിൻഗുണപരിമളം
അഖിലഭുവനങ്ങളിലിണങ്ങി വിളങ്ങീടണം. ... അഖിലം.

[ച. ൧.]

ആപത്തകന്നാരു നിന്നെക്കണ്ടേൻ; നിന്നോ-
ടാതിത്ഥ്യമാധുര്യം ഞാൻ കൈക്കൊണ്ടേൻ;
ആധി ബാധിച്ചിന്നു കുതുകം പൂണ്ടേനോരം;
ജാതിചാപല്യമോ നമുക്കു പണ്ടേ.
സുദിനമെത്രയുമെന്നു ചൊൽവോരതിന്നു കുറവുണ്ടു ചെ-
റ്റിഹ
സുതനോടും നിജസുതയോടും സഹ സുതനു മൈത്രി വരാ-
യ്കയാൽ. ... ... അഖിലം.

[പ. വ. ച. ൨. നളൻ.]

അരികത്തു വന്നിരിക്ക സഖേ ഹംസ!,
പെരികെത്തെളിഞ്ഞിതെനിക്കു കേൾ.
നരകത്തിൽനിന്നു കരയേറിനേനറിക
അരികിൽ തിലോദരി വരികിലിപ്പോൾ.
സരസിജാസനശാസനം മമ

ഫലമുള്ളതു്.

[അനു. പ.] നിന്റെ ഗുണങ്ങൾക്കു് അകിലിന്നുള്ളതുപോലെ സൗരഭ്യമുണ്ടാകാം. കീർത്തിക്കു വെളുപ്പുപോലെ ഗുണത്തിനു സൗരഭ്യം കവിസമയസിദ്ധമാകുന്നു.

[ച. ൧.] ആധി ബാധിച്ചു = ആധിയെ ബാധിച്ചു. ജാതിചാപല്യമോ നമുക്കു പണ്ടേ — ഇനി പറയാൻ പോകുന്നതു് പക്ഷിചാപല്യംകൊണ്ടു പറയുന്നതാണു്. സുദിനമെത്രയും ... ... — ഇത്രയൊക്കെയും നടന്നതുകൊണ്ടു് ഇന്നു ദിവസം സുദിനമാണെന്നു പറയാം. എന്നാൽ അതിനു് സ്വല്പം ഒരു ന്യൂനതയുണ്ടു്. എന്തെന്നാൽ പുത്രന്മാരോടുകൂടി മൈത്രി വന്നു ചേർന്നിട്ടില്ല.

[പ. വ. ച. ൨.] എനിക്കു പെരികെ തെളിഞ്ഞിതു = എന്റെ മനസ്സു വളരെ പ്രസന്നമായി. 'തെളിഞ്ഞിതു' എന്നതു് നിഷ്പന്നകർത്തൃകക്രിയ. [illegible]

ശിരസി ഭൂഷണമാകി നീയിഹ
(ഹരിണനേർമിഴി ഭൈമി വരുവോള-
മരികിൽ മമ വാസം പിരികൊലാ. ... ... അഖിലം.

[പ. നം. ഹംസം]

ഇനി വരും കുശലങ്ങൾ മേൽക്കു മേലേ. കാൺക
മുനിവരൻ നാരദനിതാ വരുന്നു.
ഭണിതമേതദീയം കേട്ടുകൊൾക. ദുഃഖ-
കണിക പിന്നെയില്ല കണികാണുവാൻ.
മനുജനായക! മുനിയെ മാനയ.
മനസി മമ കൊതി പെരുത്തു; കേളിഹ
സരസി ചെന്നു വിരുന്നുമുണ്ടു
വരുന്നു ഞാൻ തവ പരിസരേ. ... ... അഖിലം.

മധ്യമാവതി—ചെമ്പട.

[ശ്ലോ. ഛ.ഫ.]

വിവൃണ്വതീനാം പ്രണയം പചേളിമം
സുവർണ്ണഹംസസ്യ ഗിരാമഥാവധൌ!

ഒരി= കൃശോദരി സുന്ദരി. സരസിജാസനശാസനം= ബ്രഹ്മകല്പന.
[പ. നം.] ഏതദീയം ഭണിതം = ഇവന്റെ വാക്ക്. ദുഃഖകണിക = ലേശവും ദുഃഖം. മാനയ = മാനിച്ചാലും. തവ പരിസരേ = നിന്റെ സമീപത്തിൽ.

[ശ്ലോ. വ.ഫ.]

അഥ	(അവ്യയം.)	അനന്തരം
പചേളിമം	(അ. പു. ദ്വി. ഏ.)	പരിപാകം വന്നതായ
പ്രണയം	(അ. പു. ദ്വി. ഏ.)	പ്രണയത്തെ സ്നേഹത്തെ
വിവൃണ്വതീനാം	(ശം. സ്ത്രീ. ഷ. ബ.)	പ്രകാശിപ്പിച്ചിരിക്കുന്നവരായ
സുവർണ്ണഹംസസ്യ	(അ. പു. ഷ. ഏ.)	സ്വർണ്ണഹംസത്തിന്റെ
ഗിരാം	(ര. സ്ത്രീ. ഷ. ബ.)	വാക്കുകളുടെ
അവധൌ	(ഇ. പു. സ. ഏ.)	അവസാനത്തിൽ

വിപന്നസന്താപഹരഃ സമാഗതോ
നൃപം നമന്തം നിജഗാദ നാരദഃ !

[പ. ന. പല്ലവി.]

വീരലോകമണേ! ചിരം ജീവ നിഷധേന്ദ്ര!
വീരസേനസുത!

[അനുപ.]

വാരിജസംഭൂതി മേ പിതാ
വരദനായി കാരുണ്യശാലീ. ... ... വീര.

[പ. ന. ച. ൧.]

എന്നോടരുളി ജഗൽഗുരു
"യാഹി നാരദ! 'ഭൂപൻ നളനോടു
ഭൈമിയെയുമിങ്ങാത്മജന്മാരെയും
മേളയ'ഇതി തം ഭീമമഭിധേഹി. ... ... വീര.

[ച. ൨.]

കലികൃതമഖിലമഘം അകന്നിതു,

സമാഗതഃ	(അ. പു. പ്ര. ഏ.)	വന്നവനായി
വിപന്നസന്താപഹരഃ	(അ. പു. പ്ര. ഏ.)	ആപത്തിലകപ്പെട്ടിട്ടുള്ളവരുടെ ദുഃഖത്തെ കളയുന്നവനായിരിക്കുന്ന
നാരദഃ	(അ. പു. പ്ര. ഏ.)	നാരദൻ
നമന്തം	(അ. പു. ദ്വി. ഏ.)	നമിച്ചിരിക്കുന്നവനായ
നൃപം	(അ. പു. ദ്വി. ഏ.)	നൃപനോടു
നിജഗാദ	(ലിട്. പ. പ്ര. പു. ഏ.)	പറഞ്ഞു.

(വംശസ്ഥം വൃത്തം) 'ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും' എന്നു ലക്ഷണം.

[പ. ന. അനുപ.] മേ പിതാ വാരിജസംഭൂതി = എന്റെ അച്ഛനായ ബ്രഹ്മാവ്.

[പ. ന. ച. ൧.] എന്നോടു ബ്രഹ്മാവു പറഞ്ഞു. എങ്ങനെ എന്നാൽ ഹേ നാരദ യാഹി = പോയാലും. ഇതി തം ഭീമം അഭിധേഹി = ഇങ്ങനെ ആ ഭീമരാജാവിനോടു പറഞ്ഞാലും. എങ്ങനെ എന്നാൽ— നളമഹാരാജാവിനോടു ഭൈമിയേയും പുത്രന്മാരേയും ചേർത്താലും എന്നു.

[ച. ൨.] ഉദയതു = ഉദിക്കട്ടെ. പതിവ്രതാരത്നമായ ദമയന്തിയോടുകൂടി നീ പുരത്തെ പ്രവേശിച്ചാലും. 'പ്രവിശതു' എന്നതു പ്രഥമപുരുഷനാകയാൽ നീ

നളനപി മംഗലമവികലമുദയതു:
സ്രുതികളിൽ മണിയൊട്ടു നീ പുരം പ്രവിശതു;
സമ്പ്രത്യതവും സരസ്വതീ വദതു." ... ... വീ.

[ച. നു.]

ഭാരതിയാലുദിതം സമയവുമാഗ്ഗ സംഗതം
ഇന്നു നൃപാലക! ഭീമഭൂമിപനും ഭൈമിയും
വന്നിതു സേനയാ സഹ കാണ്ണിതു നരേന്ദ്ര. ... ... വീര.

[ശ്ലോ. ൨൨.]

ഈവണ്ണം നാരദൻ വന്നതുളിന വചസാ
തോഷിതേ നൈഷധേന്ദ്രേ
താവും മംഗല്യവാദ്യധ്വനിതബധിരിതാ-
ശേഷദിക്ചക്രവാളം !
സൗവർണ്ണാദ്ദണ്ഡകേതുപ്രചുരവരചമൂ-
വേഷ്ടിതോ ഭീമനാം വ-
ന്നാവിർമ്മോദം പുരസ്താൽ സഹ നിജസുതയാ
വ്യാഹരദ്വൈരസേനിം ॥

[illegible]

സമാപ്തം.

ഷ്ടന്നതു് അതിന്റെ കർത്താവായി വരാൻ പാടില്ല, അതിനാൽ 'പ്രവിശ' ഇ എന്നു് പദം മുറിച്ചു് ഇകാരത്തെ നീ എന്നതിനോടു ചേർത്തുവായിച്ചു് 'നീ യാകട്ടെ' എന്നു് അർത്ഥം കല്പിച്ചു കൊള്ളണം. പുരപ്രവേശത്തിനു നല്ല മുഹൂർത്തം സരസ്വതി പറയും.

[ച. നു.] സരസ്വതി പറഞ്ഞ സമയവും അടുത്തു വന്നിരിക്കുന്നു. ഇന്നു ഭീമനും ഭൈമിയും സേനയോടുകൂടി വന്നിരിക്കുന്നതു നോക്കുക.

[ശ്ലോ. ൨൨.] ഇപ്രകാരം നാരദന്റെ വാക്കുകൊണ്ടു് നളൻ സന്തുഷ്ടനായിരിക്കുമ്പോൾ (സൗവ.........ഷ്ടിതഃ) സ്വർണ്ണമയമായ വീണ്ട കാലുകളുള്ള അനേകം കൊടികളോടുകൂടിയിരിക്കുന്ന നല്ല സൈന്യത്താൽ ചുറ്റപ്പെട്ടവനായിരിക്കുന്ന ഭീമരാജാവു് (മംഗല്യ ...... വാളം) മംഗല്യവാദ്യഘോഷംകൊണ്ടു് ദിക്കുകളെ മുഴുവൻ ബധിരമാക്കിക്കൊണ്ടു് പുരോഭാഗത്തിൽ വന്നു് പുത്രിയോടുകൂടെ ആവിർമ്മോദംകാവണ്ണം നളനോടു പറഞ്ഞു.

(സ്രഗ്ദ്ധരാ വൃത്തം)

ശുഭം.

കേരള സാഹിത്യ
അക്കാദമി